# മാലതി.

Siromani, P. R. D, SARMA B. O. L.

# മാലതി.

Siromani P. R. D. SARMA B. O. L.
Department of Languages,
ST. BERCHMAN'S COLLEGE,
CHANGANACHERRY.

*Price. As. 10.*

Printed by
The Nair Service Society Press,
Changanacherry.

1940

# മാലതി.

## അദ്ധ്യായം ൧.

കാമന്ദകി—കുമുദിനീ! മാലതിയും സുധാകരനും തമ്മിൽ
വിവാഹം നടക്കുമെന്നാണോ നിന്റെ അഭിപ്രാ
യം? എന്റെ ഇടതുകൺ പെട്ടെന്നു തുടിക്കുന്ന
തിന്റെ സാരമെന്തായിരിക്കും? സ്ത്രീകൾക്കു് വാ
മാക്ഷിസ്പന്ദനം ശുഭസൂചകമാണെന്നു പറയാറുള്ള
തു് യഥാൎത്ഥമാണെങ്കിൽ എന്റെ ആഗ്രഹവും
പ്രവൃത്തികളും തീരെ വിഫലമാകയില്ലെന്നല്ലേ
വിചാരിക്കേണ്ടതു്? എന്തായാലും തുടങ്ങിയ പ്ര
വൃത്തി അവസാനിപ്പിക്കാതെ അതിൽനിന്നു പി
ന്മാറുന്നതു് സജ്ജനങ്ങളുടെ ലക്ഷണമല്ലല്ലൊ.—
എന്റെ വിചാരം പാവനമാണെങ്കിൽ ഈശ്വര
സഹായത്താൽ അതു ഫലിക്കുമെന്നുതന്നെ ഞാൻ
വിചാരിക്കുന്നു.

കുമുദിനി—പ്രസ്തുത വിവാഹം നടന്നാൽ കൊള്ളാമെന്നു
ഭഗവതിക്കു വലിയ ഉൽക്കണ്ഠയുണ്ടെന്നു എനിക്ക
റിയാം. ലൌകികവിഷയങ്ങളിൽ യാതൊരു ആ
സക്തിയുമില്ലാതെ വസ്ത്രഖണ്ഡങ്ങൾകൊണ്ടും ഭി

ക്ഷാശനംകൊണ്ടും ജീവസന്ധാരണം ചെയ്യുന്ന ഭഗവതിയെ ഇത്തരം കാൎയ്യങ്ങളിൽ അമാത്യൻ ഭൂരിവസു നിയോഗിച്ചതും അതനുസരിച്ചു ഭഗവതി പ്രവൎത്തിക്കുന്നതും ആശ്ചൎയ്യമായിത്തോന്നുന്നു.

**കാമന്ദകി**—നീ വിചാരിക്കുന്നതും പറയുന്നതും ശരിയാണെന്നു എനിക്കു തോന്നുന്നില്ല. ഈ വിഷയത്തിൽ അമാത്യൻ എന്നെ നിയോഗിച്ചിരിക്കുന്നതു് എന്നിലുള്ള സ്നേഹത്താലും വിശ്വാസത്താലും മാത്രമാണു്. നീ വിചാരിക്കുന്നതുപോലുള്ള നിസ്സാരകാരണങ്ങൾ യഥാൎത്ഥസ്നേഹത്തിനു തടസ്സമാകുന്നതോ ആകാവുന്നതോ അല്ല. ഇതു് കാരണങ്ങളെയോ പ്രയോജനത്തെയോ ആശ്രയിക്കാതെ ഉൾക്കാമ്പിലുള്ള മൎമ്മങ്ങളെ കോൎത്തിണക്കി ദൃഢമായി ബന്ധിക്കുന്നു. ഇതിൽ സ്വാൎത്ഥതലേശംപോലും കാണാവുന്നതല്ല. പരിശുദ്ധമായ സ്നേഹത്തിൽ ജാതി, മതം, തൊഴിൽ, വിശ്വാസം മുതലായവയ്ക്കു യാതൊരു സ്ഥാനവുമില്ല. രാഗദ്വേഷാദി ദോഷങ്ങളാൽ കലുഷിതചിത്തരായ ജനങ്ങൾ നിസ്സാരമായ ബാഹ്യധൎമ്മങ്ങളെ സ്നേഹവുമായി സംഘടിപ്പിക്കുന്നു. ഇവരുടെ സ്നേഹം യഥാൎത്ഥ സ്നേഹമല്ല. വൃക്ഷങ്ങളിൽ ഫലങ്ങൾ ഉണ്ടാകുന്നു. ലതകൾ പുഷ്പിക്കുന്നു. നദികൾ ഒഴുകുന്നു. ഈ പ്രകൃതിവിലാസങ്ങളിലെല്ലാം പരോപകാരതത്വം പ്രകാശിക്കുന്നുണ്ടു്. അപരിചിതൎക്കുപോലും യഥാശക്തി ഉപകാരം ചെയ്യുന്നമ

നുള്ളതു ധർമ്മമെന്നു വരുകിൽ അന്യമിത്രങ്ങളു ടെ വിഷയത്തിൽ ഇതു അവശ്യം കർത്തവ്യമെന്ന ല്ലേ വന്നുകൂടുന്നതു്? എന്റെ സ്നേഹിതനായ സചിവൻ എന്നിലുള്ള വിശ്വാസത്താൽ എന്നെ ഇക്കാര്യത്തിൽ നിയോഗിച്ചിരിക്കുന്നു. ഞാൻ അ ദ്ദേഹത്തിനുവേണ്ടി എന്തു ചെയ്വാൻ സന്നദ്ധയാ ണു്, എന്റെ ദേഹാദ്ധ്വാനംകൊണ്ടോ, വ്രതം കൊണ്ടോ, പ്രാണത്യാഗംകൊണ്ടോ, സുഹൃത്തി ന്റെ അനുഗ്രഹം സാധിച്ചാൽ മാത്രമേ എന്റെ ജീവിതം സഫലമാകയുള്ളൂ.

കുമുദിനി— ഭഗവതിയും സചിവനും തമ്മിൽ ഇത്രമാത്രം ഉററബന്ധുക്കളായിത്തീരുവാൻ പ്രത്യേകകാരണം വല്ലതുമുണ്ടോ?

കാമന്ദകി— മാലതിയുടെ പിതാവായ അമാത്യൻ ഭൂരി വസുവും സുധാകരന്റെ പിതാവായ വിദർഭരാ ജമന്ത്രി ദേവരാതനും ഞാനും ഒരുകാലത്തു് ഒരു ദേശത്താണു വിദ്യ അഭ്യസിച്ചതു്. അക്കാലത്താ ണു് ഞങ്ങൾ തമ്മിൽ മിത്രങ്ങളായിത്തീൎന്നതു്. ഇതിനു പുറമേ ഈ സചിവന്മാരുടെ സന്താന ങ്ങൾ തമ്മിൽ വിവാഹം നടത്തണമെന്നു ഇവർ അന്യോന്യം പ്രതിജ്ഞ ചെയ്തിട്ടുമുണ്ടു്. ഇതിനു എന്റെ ശിഷ്യയായ സൗദാമിനി സാക്ഷ്യം വഹി ക്കുന്നതാണു്. ഈ ഉദ്ദേശത്തെ പ്രധാനമായി മുൻനിൎത്തിയായിരിക്കാം ദേവരാതൻ തന്റെ പു ത്രൻ സുധാകരനെ കുണ്ഡിനപുരത്തിൽ നിന്നും പ

ത്മാവതീനഗരത്തിലേക്കു ഉപരിവിദ്യാഭ്യാസത്തിനാ
യി അയച്ചിരിക്കുന്നതു്. ഭൂരിവസു തന്റെ പ്രതി
ജ്ഞയെ വിസ്മരിച്ചിട്ടുണ്ടെങ്കിൽ ആയതു ഓക്കാ
നം കുമാരീകുമാരന്മാർ തമ്മിൽ കണ്ടു സ്നേഹി
പ്പാനും ഇതു നല്ല ഉപായം തന്നെയാണു്.

കുമുദിനി— മാലതിയും സുധാകരനും തമ്മിൽ വിവാഹം നടക്കുന്നതു് അവരുടെ പിതൃജനങ്ങൾക്കു ഇഷ്ടമാണെങ്കിൽ ഇതു എല്ലാവരും അറിയത്തക്കവണ്ണം പരസ്യമായിച്ചെയ്യാവുന്ന ഒരു കാൎയ്യമാണു്. ഇതിൽ പ്രതിജ്ഞയുടെ ആവശ്യംതന്നെയില്ല. പിതാവു തന്റെ പുത്രിയെ അനുരൂപനായ ഒരു വരനു കൊടുക്കുന്ന വിഷയത്തിൽ മററുള്ളവരെ ബോദ്ധ്യപ്പെടുത്തേണ്ട ആവശ്യമെന്തു്? ഇതൊന്നും ചെയ്യാതെ അമാത്യൻ ഭഗവതിയെ ചോരികാവിവാഹത്തിൽ നിയോഗിച്ചിരിക്കുന്നു. ഇതിൽ എന്തോ രഹസ്യം ഉണ്ടെന്നല്ലേ ഊഹിക്കേണ്ടതു്?

കാമന്ദകി— നിന്റെ ഊഹം ശരിതന്നെ. ഇതിൽ വലുതായ ഒരു രഹസ്യവും ഇല്ലെന്നില്ല. രാജാവിന്റെ ധൎമ്മസചിവനായ നന്ദനൻ മാലതിയെ വിവാഹം ചെയ്യാൻ വളരെ ആഗ്രഹിക്കുന്നുവത്രേ. ഇക്കാൎയ്യത്തിൽ രാജാവു് നന്ദനനെ അനുകൂലിക്കുന്നു എന്നുമാത്രമല്ല തനിക്കു ഇതിൽ താല്പൎയ്യമുണ്ടെന്നു ഭൂരിവസുവിനെ അറിയിച്ചിട്ടും ഉണ്ടു്. പ്രധാനമന്ത്രിയുടെ ശ്രേയസ്സിനെപ്പററി ചിന്തിക്കാതെ നന്ദനന്റെ പേരിലുള്ള പക്ഷപാതത്താൽ

സചിവന രാജാവു് ഇത്തരം ഒരു സന്ദേശം അയച്ച തു് രാജാവിൻെറ നിലയ്ക്കും മൎയ്യാദയ്ക്കും ഒരു പോരായ്മതന്നെ. എന്നുമാത്രമല്ലാ ഇതു രാജധൎമ്മത്തിനു യോജിച്ചതുമല്ല. രാജാവിൻെറ അപ്രീതിക്കു കഴിയുന്നതും ഇടകൊടുക്കാതിരിക്കേണ്ടതു് പ്രജകളുടെ ധൎമ്മവുമാണു്. നന്ദനനു പുത്രിയെ കൊടുപ്പാൻ സചിവനു് തീരെ ഇഷ്ടമില്ല. രാജാവിൻെറ അപ്രീതി കൂടാതെ കഴിച്ചാൽ കൊള്ളാമെന്നു മോഹവുമുണ്ടു്. ഒരുവശത്തു് പുത്രീസ്നേഹം, മറെറാരു വശത്തു് സ്വാതന്ത്ര്യലാഭം. ഭിന്നിച്ചകൃത്യദ്വയമങ്ങിങ്ങു മൊന്നിച്ചുചെയ്യാൻ കഴിയായ്കമൂലം സചിവൻ വിഷമത്തിലായിരിക്കുന്നു. ഇതിനാലാണു് ചോരികാവിവാഹത്തിൻെറ ആവശ്യം നേരിട്ടിരിക്കുന്നതു്. ഇതാണു വാസ്തവം.

**കുമുദിനി**—സചിവൻ തന്ത്രജ്ഞനാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. സുധാകരൻെറ പേർ പോലും താൻ കേട്ടിട്ടില്ലാത്തതു പോലെയാണല്ലോ അദ്ദേഹം പെരുമാറുന്നതു്. സുധാകരനെ സചിവൻ ഇതേവരെ തൻെറ ഗൃഹത്തിലേക്കു ക്ഷണിക്കപോലും ചെയ്തില്ലല്ലോ.

**കാമന്ദകി**—വസ്തുതത്വം മറച്ചിരിക്കയാണു്. ഇതു് ആവശ്യവുമത്രേ. മഹാന്മാരുടെ—പ്രത്യേകിച്ചു രാജ്യതന്ത്രജ്ഞന്മാരുടെ---ചിത്തം അറിയുക എന്നതു് ഒട്ടും സുകരമല്ല. ഇതു വ്യവസ്ഥയൊന്നും കൂടാതെ കഠിനമായും മൃദുവായും കാണപ്പെടുന്നു. ഇ

തിൻെറ സ്വാഭാവികമായ ഗുണം എന്താണെന്ന നിൎണ്ണയിപ്പാൻ പ്രയാസമാണ്. തൻെറ ഉദ്ദേശം ഇന്നതാണെന്ന മാലതിയേയോ സുധാകരനേയോ അറിയിക്കുന്നതുപോലും ആശാസ്യമല്ലെന്നുകരുതി സചിവൻ തൻെറ വിചാരങ്ങളെ ഏററവും ശ്രദ്ധ മായി മറച്ചിരിക്കയാണ്. കൂടാതെ മാലതിക്കും സുധാകരനും തമ്മിൽ അനുരാഗമുണ്ടെന്ന ജനങ്ങളുടെ ഇടയിൽ ഒരു വദന്തിയുമുണ്ട്. ഏതുതരത്തിലെങ്കിലും പുത്രിയുടേയും സുധാകരൻെറയും പ്രേമത്തിന് ഭംഗം വരുത്താതെ രാജാവിനേയും നന്ദനനേയും വഞ്ചിച്ച തൻെറ ഉദ്ദേശം സാധിപ്പാനാണ് സചിവൻ യത്നിക്കുന്നതു്.

**കുമുദിനി**—ഇതു ഒരു കപടപ്രയോഗമാണല്ലോ. വിദ്വാന്മാൎക്ക് ചതിപ്രയോഗവും മററും യോജിച്ചതാണോ?

**കാമന്ദകി**—ഇത്തരത്തിലുള്ള കപടോപായം ശാസ്ത്രസമ്മതമാണ്. കാലം, ദേശം, പാത്രം ഇത്യാദികളുടെ ആനുകൂല്യം നോക്കാതെ സ്വാഭിപ്രായം മററുള്ളവരെ അറിയിക്കുന്നതുകൊണ്ടു പലരും പല കഷ്ടപ്പാടുകളും അനുഭവിക്കുന്നതായി നമുക്കറിയാം. സ്വോദ്ദേശം മറച്ചു പരോദ്ദേശം മനസ്സിലാക്കി തങ്ങളുടെ പരിശുദ്ധമായ വിചാരങ്ങൾക്കു തടസ്സം ചെയ്യുന്നവരെ കപടോപായംകൊണ്ടു വശീകരിച്ചു കാൎയ്യം സാധിക്കുക എന്നതു് രാജ്യതന്ത്രജ്ഞന്മാൎക്കു ഉചിതമാണ്. ഇതിൽ യാതൊരു തെററുമില്ല.

**കുമുദിനി**— കാര്യങ്ങളുടെ രഹസ്യം എനിക്കു ഇപ്പോഴ മനസ്സിലായുള്ളൂ. എങ്കിലും ഭവതിക്ക് ഈ വിവാഹം നടക്കുന്ന വിഷയത്തിൽ വളരെ താല്പര്യമുണ്ടെന്നറിഞ്ഞതു മുതൽ എന്നാലാവുന്നതു ഞാനും ചെയ്തു വരുന്നുണ്ട്. ഇതൊന്നും ഞാൻ പരസ്യപ്പെടുത്താറില്ലെന്നു മാത്രമേയുള്ളൂ. ചില വ്യാജങ്ങൾ പറഞ്ഞു ഞാൻ സുധാകരനെ സചിവന്റെ ഗൃഹത്തിന്നു സമീപമുള്ള രാജവീഥിയിൽക്കൂടി പലതവണ അയക്കാറുണ്ട്. ഈക്കാരണത്താൽ മാളികപ്പുറത്തിരുന്നുകൊണ്ടു മാലതിക്കു പലപ്രാവശ്യം സുധാകരനെക്കാണ്മാനിടയായിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. സാധുവായ സുധാകരൻ—കപടമറിയാത്ത സുധാകരൻ—എന്റെ ഉദ്ദേശ്യമൊന്നുമറിയുന്നില്ല. ഇദ്ദേഹത്തിന്റെ നേരെ മാലതിയുടെ അനുരാഗം ഈയിടെ വളരെ വർദ്ധിച്ചിട്ടുണ്ടെന്നാണു എന്റെ അറിവ്.

**കാമന്ദകി**—ഇതു ശരിതന്നെ. ഞാനും ഇതിനെപ്പററി ഏതാണ്ടു മനസ്സിലാക്കിവിചിക്കുന്നു. ഇതുകുറിച്ച് മാലതിയുടെ തോഴി പ്രിയംവദ എന്നോടൊരിക്കൽ സംസാരിക്കയുണ്ടായി. കാര്യത്തിന്റെ രഹസ്യം നിന്നോടല്ലാതെ മററാരോടും ഞാൻ ഇതേവരെ പറഞ്ഞിട്ടില്ല. ഇതു നീ പരസ്യമാക്കരുതു്.

**കുമുദിനി**—മാലതിക്കു ചിത്രമെഴുത്തിൽ നല്ല വാസനയുണ്ടെന്നുള്ള കാര്യം ഭഗവതിക്കും അറിയാമെന്നു

ഞാൻ വിചാരിക്കുന്നു. ഈയിടെ അവരം വിനോദത്തിനായി സുധാകരന്റെ ഒരു പടംവരയ്ക്കയുണ്ടായി. പ്രിയംവദ അതു മന്ദാരികയുടെ കൈയിൽ മാലതിയറിയാതെ കൊടുത്തു.

കാമന്ദകി—ഇതു നല്ലൊരു കൗശലംതന്നെയാണു്. പ്രിയംവദയ്ക്കു ഇതു കരുതൽ ഉണ്ടെന്നു ഞാൻ മനസ്സിലാക്കിയിരുന്നില്ല. എന്തായാലും അവരം ചെയ്തതു് വളരെ നന്നായി. സുധാകരന്റെ അനുചരനായ വസന്തകനും മന്ദാരികയും തമ്മിൽ സ്നേഹമാണെന്നു കേട്ടിട്ടുണ്ടു്. ഇതു വാസ്തവമാണെങ്കിൽ മന്ദാരിക നിശ്ചയമായും ഈ പടം വസന്തകനെ കാണിക്കുന്നതാണു്. വസന്തകൻ ഒരു നേരംപോക്കുകാരനാകയാൽ ഈ പടം സുധാകരനു കാണിച്ചുകൊടുക്കാതിരിക്കയുമില്ല.

കുമുദിനി:—ഞാൻ ഇന്നു വേറൊരു കാൎയ്യംകൂടി ചെയ്തിട്ടുണ്ടു്. നാളെ കുസുമാകരോദ്യാനത്തിൽ വസന്തോത്സവം അവസാനിക്കുന്ന ദിവസമാണു്. അടുത്ത ഗ്രാമങ്ങളിലുള്ള യുവതീയുവാക്കന്മാർ മിക്കപേരും അവിടെ വന്നുചേരുന്നതാണു്. നാളെ ഉദ്യാനത്തിൽ വച്ചുതന്നെ വലിയ ഒരു സദ്യയുമുണ്ടു്. മാലതി ഉൽസവം കാണാൻ വരാതിരിക്കയില്ല. സുധാകരനെയും ഞാൻ ഉദ്യാനഗമനത്തിൽ ഉത്സുകനാക്കിത്തീൎത്തിട്ടുണ്ടു് അവിടെ മാലതിയും സുധാകരനും തമ്മിൽ കാണ്മാൻ ഇടവരുമെന്നു വിചാ

രിച്ചു് ഞാൻ ഈ സൂത്രം പ്രയോഗിച്ചതാണു്. മാലതിയേയും ഒന്നു കാണണമെന്നു വിചാരിക്കുന്നുണ്ടു്. അവളെ ഒന്നുകൂടി ഞാൻ പ്രോൽസാഹിപ്പിച്ചുനോക്കട്ടെ.

കാമന്ദകി:—നിന്നെപ്പോലെയുള്ള മിത്രങ്ങളുടെ സഹായമുണ്ടെങ്കിൽ ഏതുകാൎയ്യമാണു സാധിപ്പാൻ പാടില്ലാത്തതു്? നിന്റെ ബുദ്ധിയ്ക്കും ഔചിത്യപൂൎവ്വമായ പ്രവൃത്തിയ്ക്കും യോജിക്കത്തക്കവണ്ണം നിന്റെ പേർ മാററി അന്വൎത്ഥമായ മറെറാരു പേരു തന്നാൽ കൊള്ളാമെന്നു എനിക്കു തോന്നുന്നുണ്ടു്. നിന്റെ സ്നേഹപൂൎവകവും ബുദ്ധിപൂൎവ്വകവുമായ പ്രവൃത്തികൾ കാണുമ്പോൾ ഞാൻ എന്റെ പ്രിയശിഷ്യയായ സൗദാമിനിയെ ഓൎത്തുപോകുന്നു. അവൾ എന്റെകൂടെയുണ്ടെങ്കിൽ എന്തെല്ലാം ചെയ്യുമായിരുന്നു. എനിക്കുവേണ്ടി പ്രാണങ്ങളെപ്പോലും ത്യജിപ്പാൻ അവൾ മടിക്കുന്നവളല്ല.

കുമുദിനി:—സൗദാമിനി ഭഗവതിയുടെ ശിഷ്യയാണെന്നു ഞാൻ ഇപ്പോഴാണു മനസ്സിലാക്കുന്നതു്. അവർ ഇപ്പോൾ ആശ്ചൎയ്യകരമായ സിദ്ധിപ്രഭാവത്തോടുകൂടി എവിടെയോ വസിക്കയാണെന്നു കേട്ടു. അവർ ഭഗവതിയുടെ ശിഷ്യയാണെന്നറിഞ്ഞിരുന്നുവെങ്കിൽ ഞാൻ അവരെപ്പററി കൂടുതൽ വിവരങ്ങൾ അന്വേഷിക്കുമായിരുന്നു.

കാമന്ദകി:—എനിക്കു വളരെനാളായി സൗദാമിനിയെ പ്പററി യാതൊരു വിവരവുമില്ല. നിന്നോടു ഇത്ര യും പറഞ്ഞതു് ആരാണു്? എനിക്കു സൗദാമി നിയെ ഒന്നു കണ്ടാൽകൊള്ളാമെന്നു വലിയ ആഗ്ര ഹമുണ്ടു്.

കുമുദിനി:—എന്നോടു ആരാണു പറഞ്ഞതെന്നു് ഞാൻ ഇപ്പോൾ നല്ലപോലെ ഓക്കുന്നില്ല. സൗദാമി നിയുടെ സിദ്ധിപ്രഭാവത്തെ ജനങ്ങൾ വളരെ പ്ര ശംസിക്കുന്നുണ്ടെന്നാണു കേട്ടതു്. ഇതിൽകൂടുത ലായി എനിക്കു അവരെപ്പററി യാതൊരറിവുമില്ല.

കാമന്ദകി:—സൗദാമിനിയെ സംബന്ധിച്ചിടത്തോളം ഇതെല്ലാം സാദ്ധ്യം തന്നെയാണു്.

കുമുദിനി—ഇക്കാൎയ്യം ഇരിക്കട്ടെ. സുധാകരന്റെ സഖാ വായ മകരന്ദനും നന്ദനന്റെ സോദരിയായ മൃണാ ളിനിയും തമ്മിൽ വിവാഹം നടക്കുമെങ്കിൽ അതു് ആശാസ്യമായിരിക്കുമെന്നു ഭഗവതി വിചാരിക്കു ന്നുണ്ടോ? മാലതിയും മൃണാളിനിയും ആപ്തമിത്ര ങ്ങളാകയാൽ സുധാകരൻ ഈ വിവാഹത്തെ അ നുമോദിക്കുമെന്നല്ല വിചാരിക്കേണ്ടതു്?

കാമന്ദകി—കാൎയ്യം നല്ലതുതന്നെ, പക്ഷെ ഇതു എളുപ്പ മാണോ? ഈ വിവാഹം സുധാകരനും മാലതിയും തമ്മിലുള്ള വിവാഹത്തെ ആശ്രയിച്ചാണിരിക്കു ന്നതു്. എന്തായാലും ഞാൻ ഇക്കാൎയ്യത്തെപ്പററി ആലോചിക്കാതിരുന്നിട്ടില്ല. എന്നുമാത്രമല്ല ഇ തിൽ മൃണാളിനിയുടെ ആപ്തമിത്രമായ ബുദ്ധരക്ഷി തയെ നിയോഗിച്ചു കഴിഞ്ഞിട്ടുമുണ്ടു്. ദൈവാനു

ക്കുല്യമുണ്ടെങ്കിൽ എല്ലാം മംഗളമായി പരിണമിക്കും—"യത്നേ കൃതേ യദി ന സിദ്ധ്യതി കോത്ര ദോഷ:" എന്ന ആപ്തവാക്യത്തെ അടിസ്ഥാനമാക്കി നമ്മൾ ചെയ്യേണ്ടതു ചെയ്യാം—വരുന്നതുപോലെ വരട്ടെ.

കുമുദിനി—ഭഗവതിയുടെ പ്രവൃത്തി ഏററവും ഉചിതമാണ്. നേരം അസ്തമിക്കാറായല്ലോ. ഭഗവതി നിത്യാനുഷ്ഠാനങ്ങൾക്ക് ഒരുങ്ങേണ്ട സമയമായി. ഞാൻ സുധാകരനെ ചെന്നുകാണട്ടെ. സമയമുണ്ടെങ്കിൽ മാലതിയേയും കാണാം. മാലതി നാളെ വസന്തോത്സവം കാണ്മാൻ ഉദ്യാനത്തിലേക്കു പോകുന്നുണ്ടോ എന്നറിയണമല്ലോ.

കാമന്ദകി—എന്നാൽ അങ്ങനെയാകട്ടെ. മാലതിയുടെ പ്രകൃതി ഗംഭീരമാണ് എന്നാൽ ഉദാരവുമാണ്. നായികാനായകന്മാരുടെ അഭിപ്രായം ശരിയായി മനസ്സിലാക്കി ഉചിതമാംവണ്ണം ഓരോന്നു യഥാകാലം പ്രവർത്തിക്കുന്ന യഥാർത്ഥദൂതിമാരുടെ ഭാരമാണു നാം കൈയേററിരിക്കുന്നതു്. പാർവ്വതിയെ വിവാഹം ചെയ്യുന്ന വിഷയത്തിൽ ശിവന് അരുന്ധതിയുടെ സഹായം അപരിത്യാജ്യമായിരുന്നുവെങ്കിൽ നമ്മുടെ ഈ പരിശ്രമങ്ങൾ സർവ്വഥാ ധർമ്മ്യമെന്നാണല്ലോ വിചാരിക്കേണ്ടതു്. നമ്മുടെ ഉദ്ദേശം പരിശുദ്ധമാകയാൽ ദൈവം നമ്മെ സഹായിക്കുമെന്നുതന്നെയാണു എന്റെ വിശ്വാസം.

കുമുദിനി—ഭഗവതിയുടെ നീതി ജയിക്കട്ടെ.

# അദ്ധ്യായം ൨.

മകരന്ദോദ്യാനത്തിൽ വസന്തോൽസവം വളരെ കേമമായി ആഘോഷിക്കപ്പെടുന്നു. യുവാക്കളായ ദമ്പതിമാർ കൂട്ടംകൂട്ടമായി വന്നുകൊണ്ടിരിക്കുന്നു. എവിടെ നോക്കിയാലും പാട്ടും വിനോദങ്ങളും തന്നെ. സദ്യക്കു വേണ്ട ഒരുക്കങ്ങൾ ഒരു വശത്തു നടക്കുന്നു. ചിലർ ദേവേന്ദ്രന്റെ വിഗ്രഹത്തെ പുഷ്പമാലകൾകൊണ്ടു അലങ്കരിക്കുന്നു. മററുചിലർ ഉദ്യാനത്തിലെ പുഷ്പസമൃദ്ധി കണ്ടു അങ്ങുമിങ്ങും ഉലാത്തുന്നു.

മധുപാനം ചെയ്തു ഉന്മത്തങ്ങളായി തീർന്നിരിക്കുന്ന വണ്ടുകൾ മുഴക്കുന്ന ശബ്ദം, മന്ദഹാസം പോൽ തെളുതെളെ വിലസുന്ന പുഷ്പങ്ങളുടെ ശോഭ, ഇളംകാററു തട്ടി നർത്തനം ചെയ്യുന്ന ലതകളിൽ വിരലുകൾപോലെ ചലിക്കുന്ന ഇലകൾ, ഫലഭാരത്താൽ നമ്രങ്ങളായി നിൽക്കുന്ന ശാഖകൾ ഇവയെല്ലാം കണ്ടാൽ ഉദ്യാനം അതിഥികൾക്കു സ്വാഗതം ഓതുകയാണോ എന്നു തോന്നിപ്പോകും.

പൂജകളും വിനോദങ്ങളുമെല്ലാം ഒരുവിധം അവസാനിച്ചു. ഊണിനു സമയമായി. നേരം സൂര്യൻ ഉച്ചയായതോടുകൂടി ജനങ്ങളെല്ലാം ഒരു വിധം പിരിഞ്ഞു. ഉദ്യാനം ശൂന്യമായിത്തുടങ്ങി. ഉൽസവം കാണ്മാൻ വന്ന ജനങ്ങളുടെ കൂട്ടത്തിൽ മാലതിയും സുധാകരനും ഉണ്ടായിരുന്നു. സുധാകരൻ ഊണുകഴിഞ്ഞു വൃക്ഷച്ഛായയിൽ ഇരുന്നു വിശ്രമിക്കുമ്പോൾ തന്റെ ആത്മമിത്രമായ മകരന്ദൻ സ്നേഹിതനെ അന്വേഷിച്ചു് അവിടെച്ചെന്നു.

മകരന്ദൻ—സ്നേഹിതാ, നിങ്ങളെ അന്വേഷിച്ച് ഞാൻ പല സ്ഥലങ്ങളിൽ ചുററിത്തിരഞ്ഞു. വഴിയിൽ കുമുദിനിയെക്കാണുകയാലാണു നിങ്ങൾ ഇവിടെയുണ്ടായിരിക്കുമെന്നു എനിക്കു മനസ്സിലായതു്. ഇന്നലെ വൈകുന്നേരം നമ്മൾ തമ്മിൽകണ്ടപ്പോൾ ഇന്നു ഇങ്ങോട്ടു വരുന്ന കാര്യമൊന്നും എന്നോടു പറഞ്ഞില്ലല്ലോ. അറിഞ്ഞിരുന്നാൽ ഞാനും സദ്യ ഉണ്ണുവാനല്ലെങ്കിലും വരുമായിരുന്നു. നിങ്ങൾ ചെയ്തതു നന്നായില്ല. ഇനി പറഞ്ഞിട്ടും ഫലമില്ല. സദ്യ വളരെ കേമമായോ? ഊണുകഴിഞ്ഞുവിശ്രമിക്കാൻ ഇവിടെ ഇരിക്കയാണെന്നു ഞാൻ വിചാരിക്കട്ടെയോ?

സുധാകരൻ—എനിക്കു ഇങ്ങോട്ടുവരണമെന്നുള്ള വിചാരം ഒട്ടും ഉണ്ടായിരുന്നില്ലെന്നു ഞാൻ പറയുന്നതു നിങ്ങൾ ദയവായി വിശ്വസിക്കണം. ഇന്നു കാലത്തു തീരെ ഉൽസാഹമില്ലാത്തതു പോലെതോന്നി എന്തു ചെയ്യണമെന്നറിയാതെ ഇരിക്കുമ്പോഴാണു കുമുദിനി അവിടെ വന്നതു്. അവരുടെ നിർബന്ധത്താൽ ഞാൻ ഇങ്ങോട്ടു വന്നതാണു്. ഇങ്ങോട്ടു വരുന്നതിനുതന്നെ ഉൽസാഹമില്ലാതിരുന്നതിനാലാണു് ഞാൻ നിങ്ങളെ വിളിക്കാഞ്ഞതു്.

മകരന്ദൻ—അതെല്ലാം ഇരിക്കട്ടെ. നമുക്കു കുറച്ചുനേരം ഇവിടെത്തന്നെ ഇരിക്കാം. നിങ്ങൾ എന്തോ ഒരു കാര്യത്തെപ്പററി ഗാഢമായി ആലോചിക്കുന്നതു പോലെ തോന്നുന്നല്ലോ. പതിവുപോലുള്ള ഉൽസാഹം നിങ്ങളിൽ കാണുന്നില്ല, പെട്ടെന്നു ഈ മാററം വരുവാൻ പ്രത്യേകകാരണംവല്ലതുമുണ്ടോ?

സുധാകരൻ—നിങ്ങൾ വിചാരിക്കുന്നതുപോലെ എന്നിൽ ഒരു മാററം വന്നിട്ടുണ്ടെന്നു എനിക്കു തോന്നുന്നില്ല. നിങ്ങൾക്കു പ്രതിഭാശക്തി ധാരാളമുണ്ടെന്നു എനിക്കറിയാം. നിങ്ങളുടെ സങ്കല്പങ്ങൾക്കു ഞാൻ ഉത്തരവാദിയല്ല.

മകരന്ദൻ—കാര്യം മറച്ചുവയ്ക്കുന്നതു മിത്രലക്ഷണമല്ല. വാസ്തവം എന്താണെന്നറിഞ്ഞാൽ അതു സാധിക്കുന്നതിലേക്കു എന്നാൽ കഴിവുള്ള യത്നങ്ങൾ ചെയ്യാമെന്നു വിചാരിച്ചുമാത്രം ഞാൻ ചോദിക്കുന്നതാണു്. കാര്യം സ്വകാര്യമാണെങ്കിൽ എനിക്കറിയണമെന്നില്ല. നിങ്ങളുടെ വിഷയത്തിൽ ഞാൻ നിങ്ങളെ സഹായിച്ചിട്ടില്ലെന്നു പിന്നീടു പറയാതിരിക്കയും വേണം.

സുധാകരൻ—ഇത്രക്ഷണത്തിൽ നിങ്ങൾ എന്നെ അന്യഥാ വിചാരിച്ചുപോകയാണോ. എന്നിൽ ഉണ്ടായിരുന്ന വിശ്വാസം ഇത്ര പെട്ടെന്നു കുറഞ്ഞുപോയോ?

മകരന്ദൻ—എന്റെ സ്നേഹത്തിനും വിശ്വാസത്തിനും യാതൊരു കുറവും വന്നിട്ടില്ല, വരുന്നതുമല്ല. സ്നേഹാധിക്യംകൊണ്ടും വിശ്വാസക്കൂടുതൽകൊണ്ടുമാണു് ഞാൻ നിങ്ങളോടു നിർബന്ധമായി ചോദിച്ചതു്. എനിക്കു യാതൊരു തെററിദ്ധാരണയുമില്ല. നിങ്ങളുടെ ചിന്താവിഷയം ഇന്നതാണെന്നു ഞാൻ ഏറെക്കുറെ ഊഹിക്കാതിരിക്കുന്നുമില്ല. മനുഷ്യർക്കു ലജ്ജ സഹജമാണു്. നിങ്ങൾ കാര്യം മറച്ചു വയ്ക്കുന്നതു ലജ്ജകൊണ്ടുമാത്രമാണെന്നോ ഞാൻ വി

ചാരിക്കുന്നുള്ളൂ. ഇതിൽ നിങ്ങളെ ഞാൻ കുററപ്പെടുത്തുന്നുമില്ല. നമ്മൾ പൂജിച്ചു വരാറുള്ള ഈശ്വരന്മാർ പോലും സഹധർമ്മചാരിണികളെ സ്വീകരിച്ചു് ദാമ്പത്യജീവിതം നയിച്ചതായി നമുക്കറിയാം. ഗൃഹസ്ഥാശ്രമം മനുഷ്യക്കു വിഹിതമാണു്; ധർമ്മ്യവുമാണു്. മുനിമാർ തങ്ങളുടെ പത്നിമാരോടുകൂടി തപസ്സു് ആചരിച്ചിട്ടുള്ളതായും നമുക്കറിയാം. സ്ത്രീപുരുഷന്മാർ അന്യോന്യം വിവാഹബന്ധത്താൽ സംഘടിക്കുക എന്നതു് ഈശ്വരേച്ഛയ്ക്കു വിരുദ്ധമല്ല. പാർവ്വതി തൻെറ പ്രേമാതിരേകം കൊണ്ടു പരമശിവൻെറ ശരീരാർദ്ധത്തെ അപഹരിച്ചുവെന്നും അതുകാരണത്താലാണു് ശിവനു അർദ്ധനാരീശ്വരൻ എന്നപേർ സിദ്ധിച്ചതെന്നും നമുക്കറിയാം. ഈശ്വരന്മാരുടെ ഇടയിൽ പോലും വിവാഹവും ദാമ്പത്യജീവിതവും സുപ്രസിദ്ധമായിരിക്കെ രജസ്തമോഗുണപ്രധാനികളായ മനുഷ്യരുടെ വിഷയത്തിൽ ഇതു കുറെക്കൂടി സ്വാഭാവികമെന്നല്ലേ വന്നുകൂടൂ? കൂടാതെ, ഒരാൾക്കു മററൊരാളിൽ പ്രേമരൂപമായ പ്രീതിയുണ്ടാകുന്നതു പ്രായേണ ലോകസ്വഭാവവുമാണു്. ഈ പ്രേമം പ്രത്യേക ഹേതുക്കളെ ആശ്രയിക്കാതെ ഉണ്ടാകുന്നതാണത്രെ. ഇതിൻെറ സ്വരൂപം ശരിയായി നിർണ്ണയിക്കുന്നതു ആർക്കും സാദ്ധ്യമല്ല. യഥാർത്ഥപ്രേമം ഒരു കാലത്തും നശിക്കാത്തതാണു്.

സുധാകരൻ:—ഞാൻ നിങ്ങളിൽ നിന്നു യാതൊന്നും മറച്ചു വെയ്ക്കണമെന്നു വിചാരിക്കുന്നില്ല. നടന്ന

സംഭവം എന്താണെന്നു വിസ്തരിച്ചു പറയാം. കുമുദിനിയുടെ പ്രേരണയാലാണു ഞാൻ ഉദ്യാനത്തിലേക്കു വന്നതെന്നു പറഞ്ഞുവല്ലോ. ഇവിടെ വന്നു കുറേനേരം ഉദ്യാനത്തിൽ അങ്ങുമിങ്ങും നടന്നുകൊണ്ടിരുന്നു. ഇവിടെ നടന്ന വിനോദങ്ങളിലൊന്നും ഞാൻ പങ്കുകൊണ്ടില്ല. ജനങ്ങൾ കൂട്ടംകൂട്ടമായി വന്നുതുടങ്ങി. ഇതുകണ്ടു ഞാൻ ആൾക്കൂട്ടമില്ലാത്ത ഒരിടത്തുചെന്നു പൊഴിഞ്ഞു കിടന്നിരുന്ന കുറെ പുഷ്പങ്ങൾ പെറുക്കിയെടുത്തു ഒരു വൃക്ഷത്തിൻെറ തറയ്ക്കു സമീപം ഇരുന്ന്, മറെറാന്നും ശ്രദ്ധിക്കാത്തമട്ടിൽ ഒരു മാലകെട്ടുകയായിരുന്നു. ഈ സമയത്തു മഹാനുഭാവയായ സചിവപുത്രി പരിമിതങ്ങളായ ആഭരണങ്ങൾ അണിഞ്ഞു അവ്യാജ സുന്ദരമായ ശരീരകാന്തിയാൽ വിരാജിതയായി ഏതാനും പരിജനങ്ങളോടും തോഴിമാരോടും കൂടി ആ വഴിയിൽക്കൂടി കടന്നുപോകുന്നതു കാണ്മാൻ എനിക്കിടയായി. ഈ യുവതീരത്നം രമണീയങ്ങളായ വസ്തുക്കളുടെ അധിഷ്ഠാനദേവതയായിരിക്കുമോ എന്നും സൗന്ദര്യ്യ സമുദായത്തിൻെറ നികേതസ്ഥാനമാണോ എന്നും എനിക്കു തോന്നി. അപരിചിതമായ ചില ചിത്തവൃത്തികൾക്കു പെട്ടെന്നു ഞാൻ അധീനനായിപ്പോയി. അസാധാരണമായ ഇത്തരം രൂപം പുണ്യസഞ്ചയത്തിൻെറ അഖണ്ഡമായ ഫലമാണെന്നും ഈ സൗന്ദര്യാമൃതം യഥേഷ്ടം നുകർന്നാസ്വദിപ്പാൻ സാധിക്കുന്ന നേത്രങ്ങൾ എത്രയും ധന്യങ്ങളാണെന്നും എനിക്കു തോന്നിപ്പോയി.

ഞാൻ എൻെറ നേത്രങ്ങളെ അഭിനന്ദിച്ചു. അ കാരണമായി എൻെറ ഹൃദയം തരളമായിത്തീൎന്നു. കാന്തം അയസ്സിനെ എന്നപോലെ ആയുവതീരത്നം എൻെറ മനസ്സിനെ സൎവ്വഥാ ആകൎഷിക്ക തന്നെ ചെയ്തു. ഇക്കാൎയ്യത്തിൽ എനിക്കു തന്നെ ലജ്ജയും ആശ്ചൎയ്യവും തോന്നാതിരിക്കുന്നില്ല. പരിചയം പോലുമില്ലാത്ത ആയുവതിയിൽ നിഷ്കാരണമായി എൻെറ മനസ്സ് ആസക്തമായിത്തീൎന്നിരിക്കുന്നു. ഇതിൻെറ ഫലം ഇച്ഛാഭംഗവും മനസ്താപവുമായിരിക്കുമെന്നു എനിക്കറിയാം. ഇക്കാൎയ്യത്തിൽ ഞാൻ നിരപരാധിയാണു്. വിധിയുടെ വൈഭവം ആശ്ചൎയ്യംതന്നെ. പ്രതിബന്ധമുള്ള വിഷയങ്ങളിൽ ജനങ്ങൾക്കു ആഗ്രഹം ജനിപ്പിച്ചു് അവരെക്കൊണ്ടു് പല തരത്തിലുള്ള സങ്കടങ്ങൾ അനുഭവിപ്പിക്കുന്ന വിധിയുടെ വിലാസങ്ങൾ വിചിത്രങ്ങൾതന്നെ. വിധിവിഹിതങ്ങളായ ഫലങ്ങൾ ശുഭമായാലും അശുഭമായാലും നമുക്കു അനുഭവിക്കാതെ ഗത്യന്തരവുമില്ല. സ്നേഹിത, ഞാൻ പരമാൎത്ഥമെല്ലാം പറഞ്ഞിരിക്കുന്നു.

മകരന്ദൻ—ഇതിൽ ലജ്ജിപ്പാനോ ആശ്ചൎയ്യപ്പെടുവാനോ യാതൊന്നുമില്ല. ജനങ്ങൾ അന്യോന്യം സ്നേഹിക്കുന്നതു ലോകസ്വഭാവമാണു്. പ്രേമം ബാഹ്യങ്ങളായ നിമിത്തങ്ങളെ ആശ്രയിക്കുന്നില്ല. ബാഹ്യങ്ങളായ നിമിത്തങ്ങൾ അസ്ഥിരമാകയാൽ അവയെ ആശ്രയിക്കുന്ന പ്രേമവും അസ്ഥിരമായിരിക്കും. നരനാരിമാരെ അന്യോന്യം സം

ഘടിപ്പിക്കുന്ന ഹേതു ആന്തരവും അനിർവ്വചനീയവുമാണ്. അതിനാൽ നിങ്ങൾ ഈ വിഷയത്തിൽ അപരാധിയല്ലെന്നു ഞാൻ സമ്മതിക്കുന്നു. പിന്നീട് വല്ല സംഭവവും നടന്നുവോ?

**സുധാകരൻ**—ഞാൻ താഴോട്ടുനോക്കി മാല കെട്ടുകയായിരുന്നു. ആ യുവതിയുടെ തോഴിമാർ കാണാതെ അവൾ എന്നെ പല പ്രാവശ്യം തിരിഞ്ഞുനോക്കിയതും കാലിൽ കല്ലു തട്ടുകയാലോ മറ്റേതെങ്കിലും കാരണത്താലോ അവളുടെ ഗതിയല്പം മന്ദീഭവിച്ചതും ഞാൻ ശ്രദ്ധിക്കാതിരുന്നില്ല. ഇപ്രകാരം തന്റെ കടാക്ഷപാശംകൊണ്ട് അവൾ എന്നെ ദൃഢമായി ബന്ധിച്ചു. ആ മഹാനുഭാവയുടെ ഭാവസൂചകങ്ങളായ കടാക്ഷവിക്ഷേപങ്ങൾക്കു വശപ്പെട്ടുവെങ്കിലും എന്റെ തൽക്കാലത്തെ മനസ്ഥിതിയെ മറച്ചു വയ്ക്കുന്നതിനായി ഞാൻ വീണ്ടും മാലകെട്ടിത്തുടങ്ങി. അമൃതവും വിഷവും കലർന്നനോട്ടങ്ങളെ എന്റെ ഹൃദയത്തിൽ ദൃഢമായി ഉറപ്പിച്ച് ആ യുവതി തോഴിമാരോടുകൂടി പോകയും ചെയ്തു. ആ ക്ഷണം മുതൽ അനിർവ്വചനീയമായ ഏതോ ഒരു വികാരം എന്നിൽ ഒരു തരം മോഹത്തെയും താപത്തെയും ഉളവാക്കിക്കൊണ്ടിരിക്കുന്നു. ഈ വികാരം ഏതുതരത്തിലാണെന്നും എത്രമാത്രമുണ്ടെന്നും പറവാൻ എന്നാൽ സാദ്ധ്യമല്ല. ഇതുപോലെയുള്ള ഒരു വികാരം ഇതേവരെ ഞാൻ അനുഭവിച്ചിട്ടില്ലെന്നു നിശ്ചയമായും എനിക്കു പറവാൻ കഴിയും.

ഈ വികാരം എൻെറ വിവേകത്തെ നശിപ്പിക്കയും മോഹത്തെ വർദ്ധിപ്പിക്കകയും ചെയ്യുന്നു. ചിരകാലം പരിചയിച്ച വിഷയങ്ങൾ പോലും ശരിയായി എൻെറ ഓർമ്മയിൽ വരുന്നില്ല. മനസ്സാകട്ടെ സ്ഥിരതയെ വെടിഞ്ഞു എവിടെയെല്ലാമോ ചുററി ഉഴലുന്നു.

മകരാന്ദൻ—കാര്യമെല്ലാം എനിക്ക മനസ്സിലായിരിക്കുന്നു. ഇതിൽ അധൈര്യപ്പെടാനൊന്നുമില്ല. മഹാപുരുഷന്മാർക്ക ഒരിക്കലും ധൈര്യക്ഷയം വന്നുകൂടാ. കൊടുങ്കാററിൽ പോലും കുന്നിളകാറുണ്ടോ?

സുധാകരൻ-ഒരു വിശേഷസംഭവംകൂടി നടന്നിട്ടുണ്ടു്. ഉത്സവസംബന്ധമായ സദ്യ കഴിഞ്ഞു് എല്ലാവരും പിരിഞ്ഞു. ഞാൻ ഇവിടെ വന്നു ഇരിപ്പുമായി. ഞാൻ കാലത്തു് കെട്ടിയുണ്ടാക്കിയ പൂമാല എൻെറ കൈയിൽതന്നെ ഉണ്ടായിരുന്നു. കുറച്ചു മുമ്പു് സചിവപുത്രിയുടെ തോഴിമാരിൽ ഒരാൾ എൻെറ അടുത്തു വന്നു പരിചയം ഉള്ളപോലെ കുശലവർത്തമാനം ചോദിച്ചുതുടങ്ങി. ഈ സമയമെല്ലാം അവൾ എൻെറ കൈയിലിരുന്ന മാലയെത്തന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു. അവസാനം അവൾ "ഈ മാല കൊണ്ടു വലിയ ആവശ്യമില്ലെങ്കിൽ ഇതു് എനിക്ക കിട്ടിയാൽ കൊള്ളാമെന്നുണ്ടു്. എൻെറ സ്വാമിനിക്ക പുഷ്പമാല ചൂടുന്നതിൽ വലിയ കൌതുകമാണു. അവർ ഈ മാല കാണുന്ന പക്ഷം എന്തു വില വേണ

മെങ്കിലും തന്നെ മേടിക്കാതിരിക്കയില്ല. ഞാൻ കാണിക്കുന്നതു് അവിനയമാണെന്നു് എനിക്കു തോന്നുന്നുണ്ടു്, എങ്കിലും സ്വാമിനിയുടെ നേരേയുള്ള സ്നേഹത്താൽ ഈ അവിനയം കാണിക്കുന്നതാണു്" എന്നുപറഞ്ഞു് എന്നെ വന്ദിച്ചു. അവൾ ആരാണെന്നു ഞാൻ ചോദിക്കാതിരുന്നില്ല. തന്റെപേർ പ്രിയംവദയെന്നാണെന്നും, സചിവന്റെ പുത്രിയായ മാലതിയുടെ തോഴിയാണെന്നും പറഞ്ഞു് അവൾ മാലയും എടുത്തുകൊണ്ടുപോയി.

മകരന്ദൻ—നിങ്ങളുടെ പ്രേമം അസ്ഥാനത്തിലാണെന്നു ഞാൻ വിചാരിക്കുന്നില്ല. കാമന്ദകിക്കു മാലതിയുടെ നേരേ വലിയ വാൽസല്യമാണു്.

മിത്രങ്ങൾ തമ്മിൽ ഇപ്രകാരം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ വസന്തകൻ മുൻഅദ്ധ്യായത്തിൽ പറഞ്ഞ പടവും എടുത്തുകൊണ്ടു് അവിടെ എത്തി.

മകരന്ദൻ— വസന്തകാ, ഈ പടം ആരാണു വരച്ചതു്?

വസന്തകൻ—നമ്മുടെ സ്നേഹിതന്റെ മനസ്സിനെ ആർ അപഹരിച്ചിരിക്കുന്നുവോ ആ ജനംതന്നെയാണു് ഈ പടം വരച്ചതു്. വളരെ നന്നായിട്ടുണ്ടെന്നാണു് എന്റെ അഭിപ്രായം. നിങ്ങൾ എന്തു പറയുന്നു?

മകരന്ദൻ—ചോദ്യത്തിനു ശരിയായ സമാധാനം പറയുന്ന സ്വഭാവം നിങ്ങൾക്കില്ലെന്നു് എനിക്കു മുമ്പു തന്നെ അറിയാം. ഇരിക്കട്ടെ വസന്തകാ വാസ്തവം പറയൂ.

വസന്ത:- വാസ്തവം പറഞ്ഞാലും തെററ്, പറഞ്ഞില്ലെങ്കിലും തെററ്. ഞാൻ വിഷമത്തിലായി.

മകരന്ദൻ-ചോദ്യത്തിന്ന നിങ്ങൾ ശരിയായ സമാധാനം പറകയില്ലെന്ന തോന്നുന്നു. അതുകട്ടെ; ഈ പടം നിങ്ങൾക്ക് എങ്ങിനെ കിട്ടി എന്ന പറയാമോ?

വസന്ത:_ മന്ദാരികയാണ് ഈ പടം എന്റെ കൈയിൽ തന്നതു്. മന്ദാരികയുടെ കൈയിൽ പ്രിയംവദയാണത്രെ കൊടുത്തതു്.

മകരന്ദൻ_ ഈ പടം വരച്ച ആൾ എന്തുദ്ദേശത്തോടുകൂടിയാണ് ഇതു വരച്ചതു് എന്ന മന്ദാരിക പറഞ്ഞില്ലെ?

വസന്ത:_ ഉൽക്കണ്ഠാവിനോദാൎത്ഥം വരച്ചു എന്നാണ് ഞാൻ മനസ്സിലാക്കിയതു്. പടം വരച്ചതിന്റെ ഉദ്ദേശ്യം എന്തായിരിക്കണമെന്ന മററാരാൾ പറയാതെ തന്നെ എനിക്കു ഊഹിപ്പാൻ എനിക്കനിശ്ചയമായും കഴിയും.

മകരന്ദൻ_ നിസ്സാരമായ കാൎയ്യത്തെപ്പററി വെറുതെ എന്തിന്ന നാം വാദിക്കുന്നു. സുധാകരാ, വസന്തകൻ പറയുന്നതു വാസ്തവമാണെങ്കിൽ നിങ്ങൾക്ക് ഇനി പരിഭ്രമിക്കാതെ സമാധാനത്തോടെ ഇരിക്കാമെന്നാണു് തോന്നുന്നതു്. ഏതൊരു നാരീരത്നം നിങ്ങളുടെ മനസ്സിനെ അപഹരിച്ചിരിക്കുന്നുവോ അവളുടെ മനോരഥം നിങ്ങളെ ആശ്രയിച്ചിരിക്കുന്നുവെന്നു് ഇതിൽനിന്നും ഊഹിക്കാം.

സുധാകരൻ_നിങ്ങളുടെ ഈ ഊഹം ശരിയാണെങ്കിൽ ഞാൻ ഏററവും കൃതാൎത്ഥനായിരിക്കുന്നു. മഃനാ

രഥഫലാപ്തിയിലാശയില്ലെങ്കിലും തരുണീതരു ണന്മാർ തുല്യാനുരാഗത്തോടെ വർത്തിക്കയെന്നുള്ള തുതന്നെ ഏററവും ആശാസ്യമാണെന്നാണല്ലോ മഹാന്മാർ പറയുന്നതു്.

വസന്തകൻ-ഊഹങ്ങൾ പലപ്പോഴും പിഴച്ചുപോകാറുണ്ടു്. എങ്കിലും സ്നേഹിതൻെറ ഊഹം പിഴച്ചതാണെന്നു എനിക്കു വിചാരമില്ല. എനിക്കു ഒരഭിപ്രായം നിങ്ങളോടു പറയാനുണ്ടു്. അതു വെറുതെ പറഞ്ഞു കളയേണ്ടെന്നും വിചാരിക്കുന്നു.

സുധാകരൻ=എന്നോടു നിങ്ങളുടെ അഭിപ്രായം പറവാൻ ഈ മുഖവുരയൊന്നും ആവശ്യമില്ല.

വസന്തകൻ—നിങ്ങൾക്കു ചിത്രമെഴുത്തിൽ നല്ല വാസനയും പരിചയമുണ്ടെന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. വലിയ വിരോധമില്ലെങ്കിൽ നിങ്ങളുടെ ചിന്തയ്ക്കു വിഷയമായ സ്ത്രീരത്നത്തിൻെറ രൂപം ഈ ചിത്രപ്പലകയിൽ തന്നെ നിങ്ങൾ ഒന്നു വരച്ചുനോക്കേണ്ടതാണു്. ഇതിൽ യാതൊരു ദോഷവുമില്ല.

സുധാകരൻ—വസന്തകാ! എന്നെ നിങ്ങൾ പരിഹസിക്കയാണെന്നേ ഞാൻ വിചാരിക്കുന്നുള്ളു.

വസന്ത—ഇഷ്ടമില്ലാത്തവർ എന്തു പറഞ്ഞാലും അതിനെ വേറൊരു തരത്തിൽ വ്യാഖ്യാനിക്കുന്നതു് പതിവാണു്. നിങ്ങളുടെ വാക്കിൽനിന്നു എനിക്കു നിങ്ങൾക്കു സ്നേഹമില്ലെന്നല്ലേ ഞാൻ വിചാരിക്കേണ്ടതു്?

സുധാകരൻ—വസന്തകൻ ചെല്ലുന്ന സ്ഥലത്തെല്ലാം വിഷമമുണ്ടാക്കാതിരിക്കയില്ല. എന്തു ചെയ്യാം. ഞാൻ ചിത്രമെഴുത്തു വിട്ടിട്ടു വളരെ നാളായിരിക്കുന്നു. ഇപ്പോൾ വരച്ചാൽ ശരിയാകുമെന്നു തോന്നുന്നില്ല. എങ്കിലും വസന്തകനുവേണ്ടി ഒന്നു യത്നിച്ചുനോക്കാം. മഷി, തൂവൽ മുതലായ ഉപകരണങ്ങൾ കൊണ്ടുവരാതെ ചിത്രമെഴുതണമെന്നു പറഞ്ഞാൽ ഞാൻ എന്തു ചെയ്യും?

വസന്ത—ആ വിഷമം കൂടാതെ കഴിക്കാം. ഉപകരണങ്ങൾ എന്റെ കൈവശമുണ്ട്.

സുധാകരൻ—വസന്തകൻ ഈ ഉദ്ദേശത്തോടുകൂടിത്തന്നെയാണു വന്നിരിക്കുന്നത് എന്നതിനു സംശയമില്ല.

മകരന്ദൻ—ആളെ നേരിൽകാണാതെ ചിത്രം വരച്ചാൽ ശരിയാകുമോ?

വസന്ത—ഈ വിഷമവും സ്നേഹിതനു ഇല്ലെന്നു എനിക്കറിയാം. സ്നേഹിതൻ ചിത്രത്തിൽ വരയ്ക്കാൻ പോകുന്ന ആൾ സങ്കല്പരൂപേണ സർവ്വദാ സ്നേഹിതന്റെ ഹൃദയത്തിൽതന്നെ ഉണ്ടായിരിക്കണം. അങ്ങനെയാണെങ്കിൽ എത്ര പ്രാവശ്യം വേണമെങ്കിലും യാതൊരു വിഷമവും കൂടാതെ രൂപം നോക്കി എഴുതാവുന്നതാണല്ലോ.

സുധാകരൻ പലകയെടുത്തു വസന്തകന്റെ കൈയിൽനിന്നു മഷിയും തൂവലും മേടിച്ചു പ്രിയതമയുടെ ചിത്രം വരച്ചു തുടങ്ങി. എന്നാൽ സുധാകരന്റെ കരം ചിത്രനിർമ്മാണത്തിൽ വർത്തിച്ചതല്ലാതെ ചിത്രം

ശരിയായി വരക്കാൻ സാധിച്ചില്ല. അശ്രുക്കൾ ദൃഷ്ടിയെ മറച്ചു. വിരലുകൾ വിറച്ചു തുടങ്ങി. എങ്കിലും ഉദ്യമത്തിൽ നിന്നു പിൻമാറാതെ പണിപ്പെട്ടു ഒരു തരത്തിൽ ചിത്രം വരച്ചുതീൎത്തു. ചിത്രം തീൎന്നതും മന്ദാരിക വസന്തകനെ അന്വേഷിച്ചു് അവിടെ എത്തിയതും ഒരേ സമയത്തായിരുന്നു. മന്ദാരിക വസന്തകനെക്കണ്ടയുടൻ താൻ കൊടുത്തിരുന്ന ചിത്രം ആവശ്യപ്പെട്ടു. വസന്തകൻ ചിത്രത്തെ തുണികൊണ്ടു പൊതിഞ്ഞു മന്ദാരികയുടെ കൈയിൽ ഏല്പിച്ചു. ചിത്രത്തിനു കേടുവല്ലതും പററിയോ എന്നു നോക്കുന്നതിനായി മന്ദാരിക അക്ഷമയോടെ പൊതിഞ്ഞിരുന്ന വസ്ത്രം എടുത്തു ചിത്രം സൂക്ഷിച്ചുനോക്കി.

മന്ദാരിക—വസന്തകാ, ഈ പലകയിൽ മാലതിയുടെ രൂപം വരച്ചതാരാണു്. എന്തിനായിട്ടാണു് അതു വരച്ചതു്? നിങ്ങൾ എന്തെങ്കിലും വിഷമമുണ്ടാക്കുമെന്നു അറിഞ്ഞിരുന്നിട്ടുപോലും ഞാൻ ചിത്രത്തെ നിങ്ങളുടെ കൈയിൽ തന്നുവല്ലോ. അതിനാൽ ഞാൻ തന്നെയാണു് ഇതിൽ കുററക്കാരി. നിങ്ങളേ എന്തിനു പഴിക്കുന്നു?

വസന്തകൻ—ഞാൻ യാതൊരു വിഷമവും കാണിച്ചിട്ടില്ല. കാൎയ്യം അറിയാതെ വല്ലതും പറയുന്നതു നാവിന്റെ ബലം കൊണ്ടു മാത്രമാണെന്നു ഞാൻ വിചാരിക്കുന്നുള്ളു. നിങ്ങളുടെ തോഴി ചിത്രത്തിൽ ആരെ വരച്ചിരുന്നുവോ അദ്ദേഹം തന്നെയാണു തോഴിയുടെ രൂപം ചിത്രത്തിൽ വരച്ചതു്. കാരണം ചോദിച്ചാൽ എനിക്കറിഞ്ഞുകൂടാ.

ഏകദേശം തോഴിയുടെ ഉദ്ദേശവും ഇദ്ദേഹത്തിൻെറ ഉദ്ദേശവും ഒന്നായിരിക്കണമെന്നാണ് ഞാൻ വിചാരിക്കുന്നതു്

മന്ദാരിക—ചിത്രമെഴുതിയവരുടെ ശില്പകൗശലം സഫലമായി.

മകരന്ദൻ—വസന്തകൻ പറഞ്ഞതെല്ലാം നിങ്ങൾ വിശ്വസിക്കയാണോ. നിങ്ങളുടെ തോഴി ഇദ്ദേഹത്തെ മുമ്പു കണ്ടിട്ടുണ്ടോ?

മന്ദാരിക—രാജവീഥിയിൽ കൂടി പോകുമ്പോൾ പല തവണ കണ്ടിട്ടുണ്ടെന്നാണ് പ്രിയംവദ പറഞ്ഞതു്

മകരന്ദൻ—സംഭാവ്യംതന്നെ.

മന്ദാരിക—നേരമായി ഞാൻപോകുന്നു.

മകരന്ദൻ--സ്നേഹിതാ, നേരം സന്ധ്യയായിത്തുടങ്ങി. നിങ്ങൾ ഇവിടെ കാലത്തു വന്നതല്ല. നദിയിൽപോയി കുളിച്ചു് ഗൃഹത്തിലേക്കു പോകാം.

---

## അദ്ധ്യായം ൩.

---

മാലതി--സഖി, പിന്നെയോ.

പ്രിയംവദ—അനന്തരം ആ മഹാനുഭാവൻ എൻെറ അപേക്ഷപ്രകാരം ഈ പുഷ്പമാലയെടുത്തു് എൻെറ കൈയിൽ തന്നു.

മാലതി—ഈ മാലയുടെ ഒരു വശം നന്നമല്ലാതിരിക്കുന്നതു എന്തു കാരണത്താലായിരിക്കും? അദ്ദേഹത്തി

ന്ന മാല കെട്ടാൻ നല്ല പരിചയമുണ്ടെന്നുള്ളതു തക്കമെററ സംഗതിയാണു്.

പ്രിയംവദ—ഇതിന്നു കാരണം നിങ്ങൾ തന്നെയായിരിക്കുമെന്നാണു് എനിക്കു തോന്നിയതു്.

മാലതി—എനിക്കു കാൎയ്യം മനസ്സിലാകുന്നില്ല. നിങ്ങൾ എന്താണു അസംബന്ധം പറയുന്നതു്. ഇ കാൎയ്യത്തിൽ ഞാൻ എങ്ങനെ കാരണമായിരിക്കും.

പ്രിയംവ—ഈ മാല കെട്ടിക്കൊണ്ടിരിന്നപ്പോഴാണു അദ്ദേഹം നിങ്ങളെയും നിങ്ങൾ അദ്ദേഹത്തെയും കാണ്മാനിടയായതു എന്ന കാൎയ്യം വിസ്മരിച്ചുപോയോ? നിങ്ങൾ അന്യോന്യം നോക്കിക്കൊണ്ടു ആനന്ദം അനുഭവിച്ച സമയത്തു അദ്ദേഹം കെട്ടിക്കൊണ്ടിരുന്ന ഭാഗമാണു് ശരിയാകാതെ വന്നിട്ടുള്ളതു്. ഞാൻ പറഞ്ഞതു അസംബന്ധമാണോ അല്ലയോ എന്നു ഇപ്പോൾ വിശദമായില്ലേ.

മാലതി—സഖീ, നിനക്കു പ്രിയംവദ എന്ന പേർ എത്ര അന്വത്ഥമായിരിക്കുന്നു. ദുഃഖിതരായ മിത്രങ്ങളെ പ്രിയവാക്കുകൾ കൊണ്ടു ആശ്വസിപ്പിക്കുന്ന വിഷയത്തിൽ നിന്റെ സാമൎത്ഥ്യം അസാധാരണം തന്നെ. നീ പറയുന്നതു പ്രിയംതന്നെ. ഇതു പരമാൎത്ഥമാണെങ്കിൽ എത്ര നന്നായിരുന്നേനെ.

പ്രിയംവ—ഞാൻ വാസ്തവം പറഞ്ഞതല്ലാതെ നിങ്ങളെ ആശ്വസിപ്പിക്കുന്നതിന്നുമാത്രമായി യാതൊന്നും പറഞ്ഞിട്ടില്ല. പുഷ്പമാല കെട്ടുകയാണെന്നുള്ള വ്യാജത്തിൽ ആ മഹാപുരുഷൻ നിങ്ങളെ സകൗതുകം നോക്കിയതു നിങ്ങളുംകണ്ടുവെന്നാണു ഞാൻ വിചാരിച്ചതു്.

മാലതി—അദ്ദേഹത്തിൻെറ ആ വിലാസങ്ങൾ സ്വാഭാവികമെന്നോ അനുരാഗസൂചകമെന്നോ നിങ്ങൾ എന്താണുവിചാരിക്കുന്നതു്? സ്വാഭാവികമാണെങ്കിൽ ആശ്ചര്യപ്പെടുവഴിയില്ലെന്നു വന്നുകൂടുന്നു.

പ്രിയംവ—ആ സമയത്തു നിങ്ങളും ചില വിലാസങ്ങൾ കാണിച്ചതു സ്വാഭാവികമാണോ അല്ലയോ എന്നു് ആ മഹാനുഭാവനും സംശയം ജനിക്കുന്നു എങ്കിൽ അദ്ദേഹത്തിൻെറ സംശയത്തിനു ആരാണു നിവൃത്തിയുണ്ടാക്കുക?

മാലതി—പ്രകൃതം വിട്ടുപോയി. പിന്നീടു നടന്ന സംഭവമെന്തെല്ലാമാണു്? നിങ്ങൾ ഇത്രയധികം താമസിച്ചതു എന്തുകൊണ്ടാണു്? അദ്ദേഹവുമായി വളരെ നേരം സംസാരിച്ചുനിന്നുവോ?

പ്രിയംവ—ഞാൻ ഉദ്യാനത്തിൽനിന്നു പുറപ്പെട്ടു നേരെ മന്ദാരികയുടെ ഗൃഹത്തിലേക്കു പോയി. ഇന്നലെ ഞാൻ മന്ദാരികയുടെ കൈയ്യിൽ നിങ്ങൾ വരച്ച പടം കൊടുത്തിരുന്നു. അതു തിരികെ മേടിക്കാമെന്നുവിചാരിച്ചാണു് അങ്ങോട്ടുപോയതു്.

മാലതി—പടം തിരികെ കിട്ടിയോ?

പ്രിയംവ—കിട്ടി. എന്നാൽ.........

മാലതി—എന്തു്! പടത്തിനു കേടുവരുത്തിയോ? എന്നോടു ചോദിക്കാതെ നീ എന്തിനാണു അവളുടെ കൈയിൽ പടം കൊടുത്തതു്? കഷ്ടം! പടം കാണട്ടെ. നീ ഇത്ര വകതിരിവില്ലാതെ പ്രവൎത്തിക്കുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല.

പ്രിയംവ—എന്നോടു കോപിക്കയില്ലെന്നു ശപഥം ചെയ്യുകയാണെങ്കിൽ ഞാൻ പടം കാണിച്ചുതരാം.

മാലതി—ഇനി നിന്നോടു കോപിക്കുന്നതുകൊണ്ടു ഫലമെന്തു്?

പ്രിയംവദ പടമെടുത്തു മാലതിയുടെ കയ്യിൽ കൊടുത്തു. മാലതി അതുമടിച്ചു കുറേനേരം ഇമപൂട്ടാതെ നോക്കിക്കൊണ്ടുനിന്നു. താൻ അമൃതസരസ്സിൽ മുങ്ങിയതായി അവൾക്കു തോന്നി. വർഷകാലത്തു പ്രവാഹം നദീജലത്തെ ഇളക്കിമറിക്കുന്നതുപോലെ മാലതിയുടെ ഹൃദയം ചിന്താതരംഗത്തിൽ ഇളകിമറിഞ്ഞുതുടങ്ങി. അശ്രുപൂർണ്ണങ്ങളായ നേത്രങ്ങൾകൊണ്ടു് അവൾ വീണ്ടും വീണ്ടും ആ പടത്തെ നോക്കി. ലജ്ജയാൽ തലതാഴ്ത്തി. ആനന്ദാശ്രുക്കൾ ധാരധാരയായി കപോലങ്ങളെ സ്പർശിക്കാതെ നിലത്തു വീണുതുടങ്ങി. "അല്ലയോ മഹാഭാഗ! അങ്ങയുടെ ദർശനം ആ സമയത്തു് ആനന്ദപ്രദമായിരുന്നുവെങ്കിലും ഇപ്പോൾ അതു ദാരുണമായ സന്താപത്തെ ജനിപ്പിക്കുന്നു. അങ്ങയെ കാണ്മാൻ സംഗതിവരാത്ത കന്യകമാർ തന്നെയാണു് ഭാഗ്യവതികൾ" എന്നുംമറ്റും വിചാരിച്ചുകൊണ്ടു് അവൾ ചിത്രത്തെ മടിയിൽ വെച്ചു് തന്റെ രൂപം ചിത്രത്തിൽവരച്ചതു ആരാണെന്നു സഖിയോടുചോദിച്ചു.

പ്രിയംവ—ഞാൻ മന്ദാരികയുടെ കൈയിൽ ചിത്രംകൊടുത്തതു പ്രത്യേകം ചില ഉദ്ദേശത്തോടുകൂടിയായിരുന്നു.

മാലതി—അവളാണോ എന്റെ രൂപം വരച്ചതു്?

പ്രിയംവ—അല്ല. മന്ദാരികയും വസന്തകനും തമ്മിൽ അനുരക്തരാണെന്നു ഞാൻ അറിഞ്ഞു.

മാലതി—ആ വിദൂഷകനാണോ എന്റെ രൂപം വരച്ചതു്?

പ്രിയംവ—കാര്യം പറഞ്ഞു തീരുന്നതിനു മുമ്പ് ഇത്ര ധൃതിപ്പെട്ടാൽ ഞാൻ എന്തു ചെയ്യും? ആദിശേഷനെപ്പോലെ എനിക്കു ആയിരം തലയും രണ്ടായിരം നാവുമില്ല. കുറച്ചു ക്ഷമിക്കുമെങ്കിൽ ഞാൻ നടന്നതെല്ലാം പറയാം.

മാലതി—എന്നാൽ ഞാൻ ഒന്നും ചോദിക്കുന്നില്ല.

പ്രിയംവ—വസന്തകൻ ചിത്രം കാണ്മാനിടയായാൽ ഒരാൾ ആ മഹാനുഭാവനെ അതു കാണിക്കാതിരിക്കയില്ലെന്നുവിചാരിച്ചാണു ഞാൻ ചിത്രത്തെ മന്ദാരികയുടെ കൈയിൽകൊടുത്തതു്. കാര്യമെല്ലാം ഞാൻ വിചാരിച്ചതുപോലെ ഒത്തു. നിങ്ങളുടെ രൂപം ഈ ചിത്രത്തിൽ വരച്ചതു ആമഹാപുരുഷൻ തന്നെയാണു്. എന്നുമാത്രമല്ല, നിങ്ങൾ വരച്ച ചിത്രം കണ്ടു അദ്ദേഹം സന്തോഷിച്ചതായും സന്തപിച്ചതായും വസന്തകൻപറഞ്ഞു. ചിത്രത്തിൽ നിങ്ങളുടെ രൂപം വരച്ചതു കണ്ണുനീർ പൊഴിച്ചുകൊണ്ടാണെന്നുകൂടി അറിയുന്നു.

മാലതി—എന്റെ ഹൃദയം ഇപ്പോൾ ആശ്വസിക്കുന്നതിനു പകരം ദുഃഖിക്കയാണു ചെയ്യുന്നതു്. ഇതു് എന്തുകൊണ്ടു?

പ്രിയംവ—ഇത്രയെല്ലാം അറിഞ്ഞിട്ടും നിങ്ങൾക്കു ആശ്വാസം കിട്ടുന്നില്ലെങ്കിൽ അത്ഭുതം തന്നെ.

മാലതി—എങ്ങിനെ ആശ്വാസം കിട്ടും?

പ്രിയംവ—എന്നാൽ ഞാൻ ഒരു കാര്യംകൂടി നിങ്ങളോടു പറയാം. നിങ്ങൾ യാതൊരു മഹാനുഭാവനെ ഓർത്തു ഇത്തരം ക്ലേശങ്ങൾ അനുഭവിക്കുന്നുവോ

അദ്ദേഹവും ഈ മാതിരിയുള്ള സന്താപത്തിന്റെ ദുസ്സഹതയെ നല്ലവണ്ണം മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നുവെന്നു ഞാൻ നിസ്സംശയം പറയാം.

മാലതി—അദ്ദേഹത്തിനു ഏതുതരത്തിലും കുശലം ഭവിക്കട്ടെ. എനിക്കു ആശ്വാസം കിട്ടുമെന്നു തോന്നുന്നില്ല.

പ്രിയംവ—ഏതൊരു മഹാനുഭാവന്റെ പരോക്ഷദർശനം പോലും നിങ്ങൾക്കു ജീവിതത്തിൽ നിരാശയെ ജനിപ്പിച്ചുവോ അദ്ദേഹത്തിന്റെ പ്രത്യക്ഷദർശനം നിങ്ങളെ വളരെ ക്ലേശിപ്പിക്കുന്നുവെങ്കിൽ അതു സ്വാഭാവികം തന്നെയാണ്. ഇതിൽ യാതൊന്നും അസാധാരണമായോ വിചിത്രമായോ ഞാൻ കാണുന്നില്ല. യഥാർത്ഥപ്രേമം എത്രതന്നെ തടസ്സങ്ങളുണ്ടെങ്കിലും അവസാനം ജയിക്കാതിരിക്കയില്ലെന്നു മാത്രമേ എനിക്കു ഇപ്പോൾ നിങ്ങളോടു പറയുവാനുള്ളു.

രാത്രി ഊണിനു സമയമായി എന്നു ഭൃത്യജനങ്ങൾ വന്നു പറഞ്ഞപ്പോഴാണു നേരം ഏഴെട്ടുനാഴിക ഇരുട്ടി എന്നു മാലതി മനസ്സിലാക്കിയതു്. തനിക്കു തീരെ വിശപ്പില്ലെന്നു പറഞ്ഞു ഭൃത്യനെ അയച്ചു എങ്കിലും സഖിയുടെ നിർബന്ധമനുസരിച്ചു് മാലതി ഭക്ഷണത്തിനു പോയി ഭക്ഷണം കഴിച്ചു് എന്നു വരുത്തി പ്രാസാദത്തിൽ ചെന്നിരുന്നു എന്തു ചെയ്യേണ്ടുന്നമെന്നറിയാതെ സഖിയോടു ഇപ്രകാരം പറഞ്ഞു

പ്രിയംവദേ, എന്റെ ഹൃദയം വല്ലാതെ ആകുലപ്പെടുന്നു. സന്താപം അനുനിമിഷം വർദ്ധിച്ചുവരുന്നു.

എന്തു ചെയ്യണമെന്നു എനിക്കു യാതൊരു വിവരവും ഇല്ലാ. കൎത്തവ്യമെന്താണെന്നു ഉപദേശിപ്പാൻ നീയല്ലാതെ എനിക്കു മററാരാണുള്ളതു്? മററു ചില കന്യകമാരെപ്പോലെ സ്വഭാവികമായ ലജ്ജവിട്ടു ജനാപവാദത്തെപ്പററി ചിന്തിക്കാതെ സദാചാരത്തെ ലംഘിച്ചു കുലക്രമത്തെ ഗണിക്കാതെ രാഗാന്ധവൃത്തിയായി പിതാവിൻെറ സമ്മതവും മാതാവിൻെറ അനുമോദനവും കൂടാതെ, സ്വയം ചെന്നു് ആ മഹാനുഭാവനെ ഞാൻ വരിക്കുന്നതായാൽ ഗുരുജനങ്ങളെ അതിക്രമിച്ചു എന്ന അധൎമ്മം എന്നിൽ നിശ്ചയമായി ആരോപിക്കപ്പെടും. അതിനാൽ ഈ പന്ഥാവു് സ്വീകാര്യമാണെന്നു തോന്നുന്നില്ല. എന്നാൽ ധൎമ്മപക്ഷം സ്വീകരിച്ചു മറെറാരു മാൎഗ്ഗം സ്വീകരിക്കാമെന്നുവെച്ചാൽ ജീവസന്ധാരണം സാദ്ധ്യമായിരിക്കുമെന്നും തോന്നുന്നില്ല. ജീവത്യാഗം കൊണ്ടു ആശ്വാസം ലഭിക്കുമെന്നു വെച്ചാൽ അതിലും വൈഷമ്യം കാണുന്നു. ആ മഹാനുഭാവന് എന്നിൽ അനുരാഗമുണ്ടെന്നല്ലേ നിങ്ങൾ പറയുന്നതു്? ഇതു വാസ്തവമാണെങ്കിൽ അദ്ദേഹത്തിൻെറ അനുരാഗത്തിനു ഞാൻ ഭംഗം ചെയ്തു എന്ന മഹാപാപം എന്നിൽ വന്നുചേരുന്നതാണു്. ഇതിനും പുറമേ തൻെറ പ്രണയഭംഗം ഹേതുവാൽ എന്നെപ്പോലെ അദ്ദേഹവും പ്രാണത്യാഗം ചെയ്തു പോകുന്നതായാൽ ആ ഒരു മഹാപാപവും എന്നിൽ വന്നുചേരുന്നതാണു്. ഏതു തരത്തിൽ നോക്കിയാലും വിഘ്നങ്ങൾ കാണുന്നല്ലാതെ ആശ്വാസത്തിനു യാതൊരു മാൎഗ്ഗവും ഇല്ല.

ഇപ്രകാരം മാലതി തൻെറ സഖിയോടു് ഓരോന്നു പറഞ്ഞുകൊണ്ടിരിക്കവെ ചന്ദ്രോദയം ആയി. മന്ദ

മാരുതൻ പതുക്കെ വീശിത്തുടങ്ങി. മാലതിയുടെ അവയവങ്ങൾ തളൎന്നു തുടങ്ങി. അവർ സംസാരിച്ചുകൊണ്ടുതന്നെ പതുക്കെ നിലത്ത് കിടന്നു ക്ഷീണാധിക്യത്താൽ അറിയാതെ ഉറങ്ങിപ്പോയി. സഖിയുടെ ദീനാവസ്ഥകണ്ടു പ്രിയംവദ വളരെ വ്യസനിച്ചു. "ദൈവമേ, അസ്വതന്ത്രയായ എനിക്കു എന്തുചെയ്‌വാൻ കഴിയും? അങ്ങു ആത്മസംരക്ഷകനല്ലേ? എന്റെ സഖിയെ അങ്ങു രക്ഷിക്കേണമേ" എന്നും മറ്റും ദൈവത്തോടു പ്രാൎത്ഥിച്ചുകൊണ്ടു പ്രിയംവദയും ഉറങ്ങിപ്പോയി.

അടുത്ത ദിവസം കാലത്തു മാലതി പ്രിയംവദയുമായി ചിത്രത്തെപ്പററി ഓരോന്നു പറഞ്ഞുകൊണ്ടു ദുഃഖിതമായ ഹൃദയത്തെ ആശ്വസിപ്പിക്കാൻ ശ്രമിക്കയായിരുന്നു. ആ സമയം ഒരു ഭൃത്യൻ ഓടിച്ചെന്നു കാമന്ദകി വരുന്ന വിവരം അറിയിച്ചു. ഉടൻതന്നെ മാലതി ചിത്രം മറച്ചുവെച്ച് കാമന്ദകിയെ എതിരേല്ക്കുവാൻ കോവണിയുടെ അരികത്തുചെന്നുനിന്നു. കാമന്ദകി അടുക്കൽ ചെന്നപ്പോൾ അവരെ നമസ്കരിച്ചു യഥാവിധി സൽക്കരിച്ചു കാമന്ദകിയുടെ ആശീൎവാദം കൈക്കൊണ്ടു. അവരുടെ ഇഷ്ടപ്രകാരം മാലതിയും മാലതിയെ തുടൎന്നു പ്രിയംവദയും താഴെ നിലത്തുതന്നെ ഇരുന്നു,

മാലതി---ഭഗവതിക്കു കുശലംതന്നെയല്ലേ? മുമ്പിലത്തെപ്പോലെ ഇപ്പോൾ ഇങ്ങോട്ടുവരാറില്ലല്ലോ.

കാമന്ദകി---ഒരു വിധം കുശലംതന്നെ, ഇങ്ങോട്ടു അധികമായി വരാത്തതിനു പ്രത്യേക കാരണമൊന്നുമില്ല.

മാലതി—പ്രിയംവദേ, ഭഗവതിയുടെ മുഖത്തിൽ സ്വാഭാവികമായ പ്രസാദം ഇന്നുകാണുന്നില്ലല്ലോ. സംസാരിക്കുന്നതിലും വലിയ ഉൽസാഹംകാണുന്നില്ല. നേത്രങ്ങളിൽ അശ്രുക്കൾ പൊടിയുന്നതു നീ കാണുന്നില്ലേ? ഇതിനെല്ലാം എന്തെങ്കിലും ഒരു കാരണം ഇല്ലാതിരിപ്പാൻ പാടില്ല. കാര്യം നമ്മോടു പറയുന്നില്ലെന്നു മാത്രമേയുള്ളൂ.

കാമന്ദകി—വത്സേ, എനിക്കു വാസ്തവം മറച്ചുവെയ്ക്കേണ്ട ആവശ്യം യാതൊന്നുമില്ല. എന്നിൽ എന്തെങ്കിലും ഒരു മാററം നിങ്ങൾ കാണുന്നുവെങ്കിൽ അതിനു കാരണം എന്റെ പ്രിയപ്പെട്ട മാലതി തന്നെയാണു്. വിഷയബന്ധങ്ങളിൽ നിന്നു മുക്തരായവരെ ഇത്തരം ദുഃഖങ്ങൾ ബാധിക്കാറില്ലെന്നും ബാധിപ്പാൻ പാടില്ലാത്തതാണെന്നും എനിക്കറിയാം. എങ്കിലും ഞാൻ നിനക്കു അധീനയായിപ്പോയി.

പ്രിയംവദ—കാര്യം എന്താണെന്നു ശരിയായി മനസ്സിലാകുന്നില്ല.

കാമന്ദ:—കഷ്ടം! കാര്യമൊന്നും നിനക്കറിവില്ലെന്നാണോ പറയുന്നതു്.? അനുരൂപനല്ലാത്ത പുരുഷൻ മാലതിയെ വിവാഹം ചെയ്യുകയാണെങ്കിൽ ഇവളുടെ അവ്യാജ-സുന്ദരമായ ഈ ശരീരം വ്യർത്ഥമായിത്തീരുമല്ലോ എന്നു വിചാരിച്ചു മാത്രം ഞാൻ ഖേദിക്കുന്നതാണു്.

പ്രിയംവദ—രാജാവിന്റെ ശുപാർശയനുസരിച്ചു് അദ്ദേഹത്തെ തൃപ്തിപ്പെടുത്തുന്നതിനായി അവളു

ടെ ഇഷ്ടം നോക്കാതെ മാലതിയുടെ അച്ഛൻ ഇവളെ നന്ദനന്നു വിവാഹം ചെയ്തു കൊടുപ്പാൻ പോകുന്നുവെന്നും ഇതു് ഏററവും വലിയ ഒരു സാഹസമാണെന്നും ജനങ്ങളുടെ ഇടയിൽ പ്രസ്താവമുണ്ടെന്നു കേട്ടു. ഈ വിഷയത്തിൽ പലരും മാലതിയുടെ അച്ഛനെ ആക്ഷേപിക്കുന്നുണ്ടെന്നും എനിക്കു അറിയാം.

കാമന്ദ:—വരന്റെ ഗുണദോഷങ്ങളെപ്പററി യാതൊന്നും ചിന്തിക്കാതെ മാലതിയുടെ പിതാവു ഈ സാഹസം പ്രവൎത്തിപ്പാൻ ഒരുങ്ങുന്നതിന്റെ ഉദ്ദേശമെന്തായിരിക്കും? രാജ്യതന്ത്രങ്ങളിൽ ബദ്ധചിത്തരായ പിതൃജനങ്ങൾക്കു അപത്യസ്നേഹമില്ലെന്നു വരുമോ? രാജാവിന്റെ നൎമ്മസചിവനായ നന്ദനൻ തന്റെ മിത്രമായിത്തീരണമെന്നുള്ള ഉദ്ദേശത്താലായിരിക്കുമോ ഇവളുടെ അച്ഛൻ ഈ അവിനയം കാണിപ്പാൻ പോകുന്നതു്? നമുക്കു ഓരോന്നു ഊഹിക്കാമെന്നല്ലാതെ കാൎയ്യങ്ങളുടെ വാസ്തവം അറിയുന്നതു സുകരമല്ല.

പ്രിയംവ—രാജ്യതന്ത്രങ്ങളിൽ നമുക്കു പരിചയമില്ലെന്നുള്ളതുവാസ്തവം തന്നെ. പുത്രിയുടെ വിവാഹവും രാജ്യതന്ത്രവും തമ്മിൽ എന്തു ബന്ധമാണുള്ളതു്. പുത്രിയുടെ അന്യപ്രീതി സമ്പാദനത്തെ പ്രധാനമായിക്കരുതുന്നതു പിതാവിനു യോജിച്ചതല്ലെന്നു ഞാൻ നിശ്ചയമായും പറയും. ഒരു പക്ഷെ ഭഗവതി പറഞ്ഞതുപോലെ നന്ദനനെ ഏതെങ്കിലും തരത്തിൽ സ്വാധീനപ്പെടുത്ത

ണമെന്നു തന്നെ ആയിരിക്കുമോ സചിവൻെറ ഉദ്ദേശം? സ്വാതന്ത്ര്യമില്ലാത്ത നമ്മൾ വിചാരിച്ചാൽ ഇക്കാൎയ്യത്തിൽ എന്തു ചെയ്യുവാൻ സാധിക്കും? നന്ദനൻ ആകപ്പാടെ ഒരു വിരൂപിയാണെന്നും അയാളുടെ യൗവ്വനം നഷ്ടപ്രായമായിരിക്കുന്നുവെന്നും മാലതിയുടെ പിതാവിനു നല്ലപോലെ അറിയാം. എന്തായാലും ഈ ജീവിത-മരണത്തിൽ നിന്നു ഏതെങ്കിലും പ്രകാരത്തിൽ തോഴിയെ രക്ഷിപ്പാൻ തന്നാലാവുന്നതു ഭഗവതി ചെയ്യണമെന്നു മാത്രമേ എനിക്കു പറവാനുള്ളു. മാലതിയെ ഭഗവതി സ്വന്തം പുത്രിയെപ്പോലാണല്ലൊ സ്നേഹിച്ചു വരുന്നതു്.

കാമന്ദ—ഞാൻ വിചാരിച്ചാൽ ഇക്കാൎയ്യത്തിൽ എന്തു ചെയ്വാൻ കഴിയും? പുത്രിമാരുടെ വിവാഹവിഷയത്തിൽ പ്രായേണ സൎവ്വസ്വാതന്ത്ര്യവും പിതാവിലാണു വൎത്തിക്കുന്നതു്. ദൈവാനുകൂല്യം ഏതു കാൎയ്യത്തിനും ആവശ്യമാണ്. ഇമ്മാതിരിവിഷയങ്ങളിൽ രാജാക്കന്മാൎക്കു യാതൊരു അധികാരവുമില്ല. പണ്ടു രാജൎഷികന്യകമാർ ഗാന്ധൎവ്വവിധിപ്രകാരം ഭൎത്താക്കന്മാരെ സ്വീകരിച്ചതായും അവരെ പിതൃജനങ്ങൾ അനുമോദിച്ചതായും നാം അറിയുന്നു. കൌശികൻെറ പുത്രിയായ ശകുന്തള ദുഷ്ഷന്തനെ സ്വയംവരിച്ചു. അപ്സരസ്ത്രീയായ ഉൎവ്വശി പുരൂരവസ്സിനെ കാമിച്ചു. വാസവദത്ത ഉദയനനോടുള്ള പ്രേമം നിമിത്തം സ്വരാജ്യത്തേയും ബന്ധുജനങ്ങളെയും ത്യജിച്ചു. ഇതെ

ല്ലാം സാഹസത്തിൻെറ വകഭേദമാണെന്നു ചിലർ വിചാരിച്ചുപോരുന്നു. ഇവരുടെ ഈ വിചാരം ശരിയായിരുന്നാലും തെററായിരുന്നാലും അനുരൂപരല്ലാത്ത വധൂവരന്മാർ വിവാഹം ചെയ്തു ദുഃഖബഹുലമായ ജീവിതം നയിക്കുന്നതിനേക്കാൾ നല്ലതു് വിവാഹം ചെയ്യാതെ ഇരിക്കുന്നതാണെന്നാണു് എൻെറ അഭിപ്രായം. എന്നാൽ ഇതു് എല്ലാവരുടേയും വിഷയത്തിൽ സാദ്ധ്യമല്ലെന്നുള്ളതും ഓൎക്കേണ്ടതാണു്. കുലം, രൂപം, ശീലം, വയസ്സു് ഇത്യാദികൾ കൊണ്ടു് അനുരൂപരായ വധൂവരന്മാർ തമ്മിൽ വിവാഹം നടക്കുക എന്ന ഭാഗ്യം അപൂർവം ചിലൎക്കുമാത്രമേ ലഭിക്കുന്നുള്ളു. രാജാവിൻെറ മിത്രമായ നന്ദനനു് പുത്രിയെ കൊടുക്കുന്നതുകൊണ്ടു തനിക്കു ശ്രേയസ്സുണ്ടാകുമെന്നാണു സചിവൻെറ വിചാരമെങ്കിൽ അദ്ദേഹം ഇഷ്ടംപോലെ ചെയ്തുകൊള്ളട്ടെ. ഈ വിഷയത്തിൽ നാമെല്ലാപേരും അസ്വതന്ത്രകളാണു്. നന്ദനൻ മാലതിയുടെ ഭൎത്താവാകണമെന്നാണു ദൈവത്തിൻെറ ഇച്ഛയെങ്കിൽ ഇക്കാൎയ്യത്തെപ്പററി സമാധാനിക്കയല്ലാതെ ഗത്യന്തരമില്ലല്ലോ.

പ്രിയംവ—കഷ്ടം! ദുഷ്ടന്മാൎക്കു അവസാനമില്ലേ?

കാമന്ദ—ഞാൻ ഇവിടെ വന്നു ഉദ്ദേശിച്ചതിലധികം താമസിച്ചുപോയി. സുധാകരനു നല്ല സുഖമില്ലെന്നു കേട്ടു. അവനുമായി ഞാൻ പരിചയപ്പെട്ടതു മുതൽ നിഷ്കാരണമായി എൻെറ ഹൃദയം അവനെ സ്നേഹിക്കുന്നു.

പ്രിയംവ—ഭഗവതി ഇത്രയധികം സ്നേഹിക്കുന്ന ഈ സുധാകരൻ ആരാണെന്നു അറിഞ്ഞാൽകൊള്ളാം. വൈഷമ്യമില്ലെങ്കിൽ മാത്രം പറഞ്ഞാൽ മതി. നിർബന്ധമില്ല.

കാമന്ദ—ഇതു വിസ്തരിച്ചു പറയേണ്ടതാണ്. ഇപ്പോൾ എനിക്ക തീരെ സമയമില്ല. പിന്നൊരിക്കൽ പറയാം

പ്രിയംവ—വിസ്തരിച്ചു കേൾക്കണമെന്നില്ല. സമയമുണ്ടെങ്കിൽ ചുരുക്കിപ്പറഞ്ഞാൽ നന്ന്. ഇനി ഭഗവതിയുടെ ഇഷ്ടം പോലെ.

കാമന്ദ—നിങ്ങളുടെ അപേക്ഷയെ തീരെത്തള്ളിക്കളവാനുള്ള ധൈര്യം പോരാത്തതിനാൽ വിഷയം പ്രസ്താവയോഗ്യമല്ലെങ്കിലും ചുരുക്കിപ്പറയാം. വിദർഭരാജന്റെ മന്ത്രി ദേവരാതൻ എന്ന മഹാനെപ്പററി കേട്ടിട്ടില്ലാത്തവർ ചുരുക്കമാണ്. സർവ്വജനപൂജ്യനും മഹനീയ ഗുണങ്ങൾക്ക ഇരിപ്പിടവുമായ ഈ മഹാ പുരുഷനും മാലതിയുടെ പിതാവും ഒരേ സ്ഥലത്തു ഒരുമിച്ചാണ് വിദ്യ അഭ്യസിച്ചതു്.

മാലതി—ഈ മഹാന്റെ പേർ പല പ്രാവശ്യം അച്ഛൻ പറയാറുള്ളതു ഞാൻ കേട്ടിട്ടുണ്ട്. ഇവർ ഒരുമിച്ചാണു വിദ്യാഭ്യാസം ചെയ്തതു് എന്ന കാര്യം എനിക്ക് ഇപ്പോഴാണു മനസ്സിലായതു്.

കാമന്ദ—ദേവരാതന്റെ ഏകസന്താനമാണു സുധാകരൻ. ഇവൻ രൂപം, ശീലം, മാധുര്യം മുതലായ ഗുണങ്ങൾക്ക വിളനിലമാണ്. അച്ഛനമ്മമാരുടെ

കണ്ണിലുണ്ണിയായ ഈ ബാലൻ ഉപരിവിദ്യാഭ്യാസ ത്തിന്നായി പ്രിയപ്പെട്ട പിതൃജനങ്ങളെ വിട്ട വിദേശത്തിൽ വന്ന ബാല്യകാലം മുതൽ തൻെറ സ്നേഹിതനായ മകരന്ദനോടുകൂടി വിദ്യ അഭ്യസിച്ചുവരികയാണു്.

പ്രിയംവ—സുധാകരനിൽ ഭവതിക്ക ഇത്രയധികം പ്രതിപത്തിയുണ്ടാവാൻ കാരണമെന്തെന്ന പറഞ്ഞില്ലല്ലോ.

കാമന്ദ — സുധാകരൻെറ പിതാവു് എൻെറ ഒരു സ്നേഹിതനാണെന്നുള്ളതു തന്നെ ഒരു കാരണം. ഗുണങ്ങളെ സ്നേഹിക്കുന്നതു ലോകസ്വഭാവമാണെന്നുള്ളതു മററൊരു കാരണം. സമയം അതിക്രമിക്കുന്നു. ഞാൻ ഇപ്പോൾ പോകയാണു്. മാലതി, ഇതെല്ലാം കേട്ട നീ വ്യസനിക്കരുതു്. ഏതുപ്രകാരത്തിൽ നോക്കിയാലും സമാധാനിപ്പാനെ വഴിയുള്ളു. അനിവാരണീയമായ കാൎയ്യങ്ങളിൽ വ്യസനിക്കുന്നതുകൊണ്ടു ഫലമില്ല. നിരപരാധികളെ ദൈവം തീരെ കൈവിടുകയില്ല.' കാമന്ദകി യാത്ര പറഞ്ഞുപോയി.

"കഷ്ടം! അച്ഛൻ എന്നെ ഉപഹാരമായി കൊടുത്തുകഴിഞ്ഞുവോ. എന്നേക്കാൾ രാജാരാധനമാണോ അച്ഛന്നു പ്രിയതരമായിതോന്നുന്നതു്? പ്രിയംവദ പറഞ്ഞതുപോലെ ആശയ്ക്കു അവസാനമില്ലയോ? പിതാവേ, അങ്ങയുടെ ഏകസന്താനമായ എന്നെ അങ്ങ ഉപേക്ഷിക്കയാണെങ്കിൽ ഇതിലുപരം കഷ്ടമായി മററെന്താണുള്ളതു്? എനിക്കു ഇഷ്ടമില്ലാത്ത ഒരാൾക്കു എന്നെ

കൊടുക്കുന്നതുകൊണ്ടു അവർക്കു കിട്ടാവുന്നലാഭമെന്തു്? ഇത്രനാൾ എന്നെ സ്നേഹത്തോടും കൗതുകത്തോടും വളർത്തി പെട്ടെന്നു കനിവുകൂടാതെ കപടമായി ആ വൃദ്ധന്നു നല്കുവാനാണോ അവിടുന്നു വിചാരിക്കുന്നതു്?" എന്നും മററും ചിന്തിച്ചുകൊണ്ടു മാലതി സഖിയോടൊരുമിച്ചു് കുളിപ്പാൻപോയി.

---

## അദ്ധ്യായം ൪.

സമയം കിട്ടുമ്പോഴെല്ലാം കാമന്ദകി മാലതിയുടെ അടുക്കൽ ചെന്നു് അവളെ ആശ്വസിപ്പിക്കയും വിനോദിപ്പിക്കയും ചെയ്തുവന്നു. ഈ ദിവസങ്ങൾക്കിടയിൽ കാമന്ദകിയുടെ നിർദ്ദേശപ്രകാരം അവരുടെ ഒരു മിത്രവും ശിഷ്യയുമായ ബുദ്ധരക്ഷിത, പലതരത്തിലുള്ള വിനോദകഥകൾ കൊണ്ടു നന്ദനന്റെ സഹോദരിയായ മൃണാളിനിക്കു മകരന്ദനിൽ പരോക്ഷമായ അനുരാഗം ജനിപ്പിച്ചുകഴിഞ്ഞിരിക്കുന്നു എന്ന വാസ്തവവും പ്രകൃതത്തിൽ സ്മരിക്കേണ്ടതാണു്.

ഒരുദിവസം സുധാകരൻ കാമന്ദകിയുടെ നിർദ്ദേശമനുസരിച്ചു് ഉദ്യാനത്തിനു സമീപമുള്ള ശിവക്ഷേത്രത്തിലേക്കു തൊഴുന്നതിനായിപ്പോയി. അന്നു പ്രദോഷദിനമായിരുന്നതിനാൽ താനും ദേവാലയത്തിലേക്കു പോകുന്നുണ്ടെന്നു കാമന്ദകി സുധാകരനോടു പറഞ്ഞിരുന്നു. സുധാകരൻ ദേവാലയത്തിൽ ചെന്നു തൊഴുതു കുറേനേ

രം കാമന്ദകിയെ കാത്തിരുന്നിട്ടും കണ്ടില്ല. സമയം ധാരാളമുണ്ടായിരുന്നതിനാൽ അപ്പോൾ തന്നെ ഗൃഹത്തിലേക്കു മടങ്ങേണ്ടെന്നു വിചാരിച്ച് സുധാകരൻ ഉദ്യാനത്തിൽ ചെന്നിരുന്നു. കാമന്ദകിയുടെ കൂടെ പ്രിയംവദയെ കണ്ടതിനാൽ താനും ദേവാലയത്തിലേക്കു വരുന്നുണ്ടെന്നു പറഞ്ഞു അവരൊരുമിച്ചു മാലതിയും പുറപ്പെട്ടു. ക്ഷേത്രത്തിൽ പൂജയ്ക്കു കുറെ പുഷ്പം പറിച്ചു കൊണ്ടുപോകാമെന്നു വിചാരിച്ചു എല്ലാവരും നേരെ ഉദ്യാനത്തിലേക്കു തിരിച്ചു. അവിടെ ചെന്നു മാലതിയും തോഴിയും പുഷ്പം പറിച്ചുതുടങ്ങി. കാമന്ദകി, ഇവർ പുഷ്പം പറിക്കുന്നതു നോക്കിക്കൊണ്ടു അരികത്തു നിൽക്കുയായിരുന്നു.

പ്രിയംവദ—പുഷ്പം പറിച്ചതു മതിയെന്നുതോന്നുന്നു.

മാലതി—എന്തിനു മതിയാക്കുന്നു. പുഷ്പങ്ങൾ ധാരാളം നിൽക്കുന്നുണ്ട്. ഇന്നു നമ്മുടെ വകയായി ഒരു പുഷ്പാഞ്ജലി കഴിക്കാം.

കാമന്ദകി—മാലതി, പുഷ്പം പറിച്ചതുമതി. ഉദ്യാനത്തിലുള്ള പുഷ്പമെല്ലാം ഇന്നുതന്നെ പറിച്ചുതീർക്കാമെന്നാണോ നിൻെറ വിചാരം. നിങ്ങൾ പറിച്ചിരിക്കുന്ന പുഷ്പം ധാരാളമായി. നീ ക്ഷീണിച്ചിരിക്കുന്നതായും തോന്നുന്നുവല്ലോ.

പ്രിയംവ—ഭഗവതി പറയുന്നതു വളരെ ശരിയാണ്. സമയം ധാരാളമുണ്ടെന്നു തോന്നുന്നു. ഇപ്പോൾ തന്നെ അമ്പലത്തിലേക്കുപോയാൽ നട തുറന്നിരിക്കുമോ?

കാമന്ദ — ഇന്ന പ്രദോഷമാണെന്നുള്ള കാൎയ്യം നീ മറന്ന പോയോ? ഇപ്പോൾ നട തുറന്നിരിക്കുമെന്നതിന്ന സംശയമില്ല. എങ്കിലും നമുക്ക ഇവിടെ കുറച്ചു നേരം ഇരിക്കാം. സന്ധ്യയോടുകൂടി അമ്പലത്തിലേക്ക പോയാൽ മതി. എനിക്ക ചില കാൎയ്യങ്ങൾ പറവാനുള്ളതു ഇപ്പോൾ പറഞ്ഞു തീൎക്കാം. നിങ്ങൾ ശ്രദ്ധിച്ചുകേൾക്കണം.

മാലതി — അങ്ങിനെതന്നെ.

കാമന്ദ — അന്നൊരുദിവസം സുധാകരനെപ്പററിനിങ്ങൾ എന്നോട ചില വിവരങ്ങൾ ചോദിച്ചതും ഞാൻ ചിലതെല്ലാം പറഞ്ഞതും നിങ്ങൾ ഓൎക്കുന്നുണ്ടായിരിക്കണം.

പ്രിയംവ — നല്ലതുപോലെ ഓൎക്കുന്നുണ്ടു്.

കാമന്ദ — ഈയിടെ കുറെദിവസമായി സുധാകരന്ന നല്ല സുഖമില്ല. മരുന്നുകൾ പലതു കഴിക്കുന്നുണ്ടത്രെ. സുഖക്കേടിന്ന കുറവൊന്നുമില്ല. നാട്ടിലേക്കുപോയി കുറെ ദിവസം വിശ്രമിക്കുന്നതു നന്നായിരിക്കുമെന്ന ഞാൻ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഒന്നും നിശ്ചയിച്ചിട്ടില്ല.

മാലതി — അദ്ദേഹത്തിന്ന വേണ്ട സൌകൎയ്യങ്ങൾ ചെയ്തുകൊടുപ്പാൻ ഈ നാട്ടിൽ ആരുമില്ലേ?

കാമന്ദ — ഭൃത്യന്മാരും മററുമുണ്ടു് എങ്കിലും അവനവന്റെ ഗൃഹത്തിൽ ഉള്ള സൌകൎയ്യങ്ങൾ അന്യദിക്കിൽ ഉണ്ടാകുമോ?

മാലതി — നമ്മുടെ നാട്ടിൽ നല്ല വൈദ്യന്മാരില്ലാതെയായോ?

കാമന്ദ—വൈദ്യന്മാരില്ലാഞ്ഞിട്ടല്ല. വ്യാധി അറിയാതെ വൈദ്യന്മാർ ചികിൽസിക്കുന്നതെങ്ങനെ?

പ്രിയംവ—പെട്ടെന്നു അസാധാരണമായ ഒരു വ്യാധി അദ്ദേഹത്തെ പിടികൂടുവാൻ കാരണമെന്തു്?

കാമന്ദ—സത്യം പറകയാണെങ്കിൽ അദ്ദേഹത്തിന്റെ സുഖക്കേടിനു കാരണം മാലതിയാണെന്നാണു് ഞാൻ മനസ്സിലാക്കീട്ടുള്ളതു്. എന്റെ ഈ ഊഹം തെററാണെന്നു എനിക്കു തോന്നുന്നുമില്ല. ആകപ്പാടെ സുധാകരൻ കഷ്ടത്തിലായിരിക്കുന്നുവെന്നു വേണം പറവാൻ.

പ്രിയംവ—ഭഗവതി ഇത്രയും പറഞ്ഞ സ്ഥിതിക്കു് എനിക്കും ചിലതു പറവാനില്ലെന്നില്ല. മാലതിക്കും ഒരുതരം സുഖക്കേടു ഈയിടെയായി വന്നുചേൎന്നിരിക്കുന്നു. അവൾക്കു ആഹാരാദികളിൽ തീരെ ശ്രദ്ധയില്ലാതായിരിക്കുന്നു. വിനോദങ്ങളിൽ ആസക്തിയില്ല, തോഴിമാരെ ഖേദിപ്പിക്കുന്നു. എപ്പോഴും യാതൊന്നിലും ശ്രദ്ധപതിപ്പിക്കാതെ ചിന്താമഗ്നയായി ദിവസങ്ങൾ കഴിച്ചുവരുന്നു. രാത്രിയിൽ ശരിയായ ഉറക്കമില്ല. ഞങ്ങൾ എന്തു പറഞ്ഞാലും കേൾക്കുന്നതുമില്ല. ആ മഹാനുഭാവന്റെ അസ്വാസ്ഥ്യത്തിനു കാരണം മാലതി തന്നെയാണെന്നുള്ളതു വാസ്തവമാണെങ്കിൽ മാലതിയുടെ ഈ സുഖക്കേടിനു കാരണം അദ്ദേഹമാണെന്നുള്ള വാസ്തവവും മറച്ചുവയ്ക്കുന്നമെന്നു ഞാൻ വിചാരിക്കുന്നില്ല.

കാമന്ദ—മാലതിയുടെ അനുരാഗം സുധാകരനെ ഉദ്ദേശിച്ചാണെങ്കിൽ ഇവൾ ഗുണജ്ഞയാണെന്നു തന്നെ പറയണം. ഈ വിഷയത്തിൽ പല കാരണങ്ങളാൽകൊണ്ടും എനിക്കു അളവററ സന്തോഷമാണുള്ളതു്. എങ്കിലും ഞാൻ വിചാരിച്ചാൽ വിശേഷിച്ചു ഒന്നും ചെയ്യുവാൻ സാധിക്കയില്ലെന്നു തോന്നുന്നു. ഞാൻ സന്തോഷിക്കുന്നതും സന്തപിക്കുന്നതും ഫലത്തെ ഉദ്ദേശിച്ചല്ല.

ഇവർ ഇത്രയും പറഞ്ഞുതീർന്നപ്പോൾ ജനങ്ങൾ ശബ്ദിക്കുന്നതുകേട്ടു. എല്ലാവരും പരിഭ്രമത്തോടെ അങ്ങുമിങ്ങും നോക്കിയപ്പോൾ 'പുലിപുലി' എന്ന ശബ്ദം കേൾക്കുന്നതുപോലെ തോന്നി. സർവരും പരിഭ്രമിച്ചു എന്തുചെയ്യുന്നമെന്നറിയാതെ നിൽക്കുമ്പോൾ സുധാകരൻ അവിടെ എത്തി. കാഴ്ചബംഗ്ലാവിൽ ഇട്ടിരുന്ന ഒരു പുലി എങ്ങിനെയോ കൂട്ടിൽനിന്നു പുറത്തുചാടിപ്പോയി എന്നും, അതിനെപ്പിടിപ്പാൻ ജനങ്ങൾ നിലവിളിച്ചുകൊണ്ടു ഓടുകയാണെന്നും സുധാകരൻ പറഞ്ഞു. ഉടൻതന്നെ 'എന്റെ മൃണാളിനിയെ രക്ഷിപ്പാൻ ആരുമില്ലയോ'? എന്നുപറഞ്ഞുകൊണ്ടു ബുദ്ധരക്ഷിത ഓടിവരുന്നതു അവർ കണ്ടു. അവിചാരിതമായി അന്യോന്യം കാണ്മാൻ സാധിച്ചതിനാൽ സുധാകരനും മാലതിയും എത്രമാത്രം സന്തോഷിച്ചിരിക്കുമെന്നു വായനക്കാർ തന്നത്താൻ ഊഹിച്ചുകൊള്ളട്ടെ. മൃണാളിനി ആപത്തിൽപെട്ടിരിക്കയാണെന്നുകേട്ടതിനാൽ മാലതിയുടെഹൃദയം പെട്ടെന്നു ഭയത്താലും വ്യസനത്താലും ആകുലമായി.

ഒരുനിമിഷംപോലും താമസിയാതെ സുധാകരൻ മൃണാളിനിയെ രക്ഷിപ്പാനായിപ്പുറപ്പെട്ടു. 'സുധാകരാ, നീ ശ്ശൂരനാണെന്നു എനിക്കറിയാം. സൂക്ഷിച്ചു പെരുമാറണം' എന്നു പറഞ്ഞുകൊണ്ടു കാമന്ദകിയും അവരെപ്പിൻതുടൎന്നു, മറെറല്ലാവരും പുറപ്പെട്ടു. സുധാകരൻ ഉദ്ദിഷ്ടസ്ഥലത്തു എത്തുന്നതിനു മുമ്പായി മകരന്ദൻ മൃണാളിനിയെ രക്ഷിച്ചു പുലിയെക്കൊന്നിരിക്കുന്നു. കാമന്ദകി മൃതലായ പ്രിയജനങ്ങളെക്കണ്ടു് മൃണാളിനി അവരുടെ സമീപത്തു ചെന്നുനിന്നു. മകരന്ദനു പുലിയുമായി കുറച്ചു നേരം മല്ലിടേണ്ടിവന്നു എങ്കിലും രക്ഷയില്ലെന്നു കണ്ടപ്പോൾ കൈയിൽ ഉണ്ടായിരുന്ന കത്തികൊണ്ടു് ആ ദുഷ്ടമൃഗത്തെ നിഗ്രഹിച്ചു. മകരന്ദൻെറ ധൈൎയ്യവും ശൌൎയ്യവും കണ്ടു ജനങ്ങളെല്ലാം അത്ഭുതപ്പെട്ടു. തലയിൽ ഒരു മുറിവുപററിയതിനാൽ രക്തം ഒഴുകിക്കൊണ്ടിരുന്നുവെങ്കിലും സാരമില്ലെന്നു പറഞ്ഞു മകരന്ദൻ ഉത്തരീയം കൊണ്ടു തല ചുററിക്കെട്ടി.

ജനങ്ങളെല്ലാംപിരിഞ്ഞു. നേരം സന്ധ്യയാകാറായി. പരുക്ക് എത്രമാത്രമുണ്ടെന്നുനോക്കി പച്ചമരുന്നു വല്ലതും വച്ചുകെട്ടാമെന്നു പറഞ്ഞു കാമന്ദകി മകരന്ദനേയും മററും കൂട്ടിക്കൊണ്ടു് ഉദ്യാനത്തിലേക്കു തന്നെപോയി. അവിടെ ചെന്നിരുന്നു തലയിലെ കെട്ടഴിച്ചപ്പോൾ രക്തം ധാരയായി ഒഴുകിത്തുടങ്ങി. വേദന അധികമായി. മകരന്ദൻെറ ശരീരം തളൎന്നു. ബോധംകെട്ടു ഭൂമിയിൽ വീണു. എല്ലാവരും വല്ലാതെ പരിഭ്രമിച്ചു. തൻെറ ജീവനെ രക്ഷിച്ച ആ പുണ്യപുരുഷന് യാതൊരാപത്തും വരാതിരിക്കണമെന്നു മൃണാളിനി ദൈവത്തോടു നിർവ്യാ

ജമായി പ്രാൎത്ഥിച്ചു. കാമന്ദകി കമണ്ഡലുജലം കൊണ്ടു് മകരന്ദന്റെ മുഖം കഴുകി. സുധാകരൻ എന്തുചെയ്യേണമെന്നറിയാതെ വിഷമിച്ചു. കാമന്ദകിയുടെ നിർദ്ദേശപ്രകാരം മൃണാളിനി മുതലായവർ വസ്ത്രാന്തംകൊണ്ടു വീശി. മുറിവെല്ലാം വൃത്തിയായി തേച്ചുകഴുകി നല്ലപോലെ കെട്ടി. കുറച്ചുസമയം കഴിഞ്ഞപ്പോൾ മകരന്ദൻ പതുക്കെ കണ്ണുതുറന്നു. ഉടൻ തന്നെ 'ആ ദുഷ്ടമൃഗമെവിടെ?' എന്നു അട്ടഹസിച്ചുകൊണ്ടു് ഓടുവാൻ ഭാവിച്ചു. 'സ്നേഹിതാ, സാഹസം കാണിച്ചതുമതി. നിങ്ങൾ തന്നെയാണു ആ ദുഷ്ടമൃഗത്തെക്കൊന്നതു്' എന്നു പറഞ്ഞു് സുധാകരൻ സ്നേഹിതന്റെ കൈയ്യുപിടിച്ചു നിറുത്തി. എല്ലാവരും സന്തോഷസംഭരിതരായിത്തീൎന്നു. 'ഞാൻ പറയാറുള്ള മഹാനുഭാവൻ ഇദ്ദേഹംതന്നെയാണു്' എന്നു മകരന്ദനെ നോക്കി ബുദ്ധരക്ഷിത മൃണാളിനിയോടു സ്വകാൎയ്യമായിപ്പറഞ്ഞു. 'സാധാരണജനങ്ങളുടെ നേരെ നിങ്ങളെപ്പോലുള്ള മഹതികൾക്കു പക്ഷപാതമുണ്ടാകുമോ?' എന്നു മൃണാളിനി സമാധാനം പറഞ്ഞു. മകരന്ദനെ സകൗതുകം നോക്കി. അവളുടെ നേത്രങ്ങൾ ആ പൂൎണ്ണചന്ദ്രന്റെ സൗന്ദൎയ്യാമൃതം നുകൎന്നുതുടങ്ങി. താൻ കാരണം മകരന്ദൻ അനുഭവിച്ച വേദനയെ ഓൎത്തു് അവൾ അത്യന്തം വ്യസനിച്ചു. അദ്ദേഹത്തെ സ്വസ്ഥശരീരനായി വീണ്ടും കാണ്മാൻ അവൾ ആഗ്രഹിച്ചു.

കാമന്ദകി.— ഇന്നു പ്രദോഷമാകയാൽ ശിവക്ഷേത്രത്തിൽ പോയി തൊഴണമെന്നു വിചാരിച്ചാണു് പുറപ്പെട്ടതു്. ഇനി ക്ഷേത്രത്തിലേക്കു പോകുവാൻ സമയമില്ല. നേരം ഇരുട്ടാറായി. നമുക്കു തിരികെപ്പോ

കാം. മകരന്ദാ! നിനക്കു ഈ അവസരത്തിൽ മൃ
ണാളിനിയെ ആപത്തിൽ നിന്നു രക്ഷിപ്പാൻ സാ
ധിച്ചതു ഭാഗ്യം തന്നെ. നിന്റെ ഈ ധീരകൃത്യ
ത്തെ എല്ലാവരും പ്രശംസിക്കതന്നെ ചെയ്യും.

മകരന്ദ–ഇതിൽ എന്താണു പ്രശംസിപ്പാനുള്ളതു്. ആ
പത്തിൽപെട്ട ഒരാളെ കഴിയുമെങ്കിൽ രക്ഷിക്കേ
ണ്ടതു എല്ലാവരുടെയും ധൎമ്മമല്ലേ? ഞാൻ ചെയ്യേ
ണ്ടതു ചെയ്തു എന്നല്ലാതെ ഇതിനെപ്പററി പ്രശം
സിപ്പാനൊന്നുമില്ല.

കാമന്ദ–നിന്റെ ഈ വാക്കുകൾ ഔദാൎയ്യമുള്ളവൎക്കു യോ
ജിക്കുന്നതുതന്നെയാണു്. നിന്നെപ്പോലെ വള
രെ ആളുകൾ ആ സ്ഥലത്തുണ്ടായിരുന്നിട്ടും ആപ
ത്തിൽ പെട്ട ആളെ രക്ഷിപ്പാൻ നീമാത്രമല്ലേ ഉ
ദ്യമിച്ചതു്? നിന്റെ കൃത്യം അസാധാരണം തന്നെ
അതിനെ ജനങ്ങൾ പ്രശംസിക്കയും ചെയ്യും. നീ
ആ സമയത്തു അവിടെ വന്നുചേരുവാൻ കാരണ
മെന്തു്?

മകരന്ദ–ഞാൻ പുതുതായി ഒരു വൎത്തമാനം കേട്ടു. അ
തു സ്നേഹിതനോടു പറയുവാനായി പല സ്ഥലങ്ങ
ളിലും സ്നേഹിതനെ അന്വേഷിച്ചുകൊണ്ടിരിക്കു
മ്പോൾ ദേവാലയത്തിലേക്കു വന്നിട്ടുണ്ടെന്നുള്ള
വിവരം കുമുദിനി എന്നോടു പറഞ്ഞു. ഉടൻത
ന്നെ അമ്പലത്തിലേക്കു തിരിച്ചു. ക്ഷേത്രത്തിനു
സമീപം എത്തിയപ്പോൾ ജനങ്ങൾ നിലവിളിക്കു
ന്നതുകേട്ടു. ആ സ്ഥലത്തു ഓടിച്ചെല്ലുവാനും ആപ
ത്തിൽപെട്ട ഈ കന്യകയെ കാണ്മാനും ഇവളെ ര
ക്ഷിപ്പാനും എനിക്കു സാധിച്ചു.

കാമന്ദകി-മൃണാളിനി, നീ ഈ ആപത്തിൽപ്പെടുവാൻ കാരണമെന്തു. നീ എപ്പോഴാണു വന്നതു്?

മൃണാളിനി-ഞാൻ മൂന്നുനാലുദിവസമായി മാലതിയെ ക്കാണ്മാൻ പുറപ്പെട്ടിരിക്കയായിരുന്നു. ഇന്നാണു സൌകര്യം കിട്ടിയതു. ഞാൻ ഉച്ചയ്ക്കുശേഷം ഗൃഹത്തിൽനിന്നു പുറപ്പെട്ടു. മാലതിയുടെ ഗൃഹത്തിൽ വന്നപ്പോൾ നിങ്ങളെല്ലാവരും അമ്പലത്തിലേക്കു വന്നിരിക്കയാണെന്നു മനസ്സിലായി. ഉടൻ തന്നെ ഞാൻ ഇങ്ങോട്ടു തിരിച്ചു. ജനങ്ങളുടെ നിലവിളികേട്ടു വല്ലാതെപേടിച്ചു ഞാൻ ചുറ്റും നോക്കിയപ്പോൾ ആ ദുഷ്ടമൃഗം എന്നെത്തന്നെ ലക്ഷ്യമാക്കിവരുന്നതുപോലെ തോന്നി. പിന്നീടുനടന്ന സംഭവമൊന്നും ഞാൻ ഓൎക്കുന്നില്ല.

സുധാകരൻ-സ്നേഹിതാ, നിങ്ങൾ കേട്ട വൎത്തമാനം എന്താണെന്നു പറഞ്ഞില്ലല്ലോ. നേരം ഇരുട്ടിത്തുടങ്ങി. കാൎയ്യം എന്താണെന്നു ചുരുക്കിപ്പറഞ്ഞാൽ മതി

മകരന്ദൻ- ഇന്നലെ സചിവൻ അരമനയിലേക്കു പോയിരുന്നതു ഇവിടെ ഉള്ളവരിൽ ചിലൎക്കു അറിയാമായിരിക്കാം. രാജാവിന്റെ നിൎബ്ബന്ധപൂൎവ്വമായ അപേക്ഷയെ കൈക്കൊണ്ടു സചിവൻ പുത്രിയെ നന്ദനനു വിവാഹം ചെയ്തുകൊടുപ്പാൻ സമ്മതിച്ചിട്ടുള്ളതായും വിവാഹമംഗളം അടുത്തുതന്നെ ആഘോഷിപ്പാൻ നിശ്ചയിച്ചിരിക്കുന്നതായും കേട്ടു.

ബുദ്ധരക്ഷിത–ഈ സന്തോഷവൃത്താന്തം അറിയുന്നതിൽ ഞങ്ങൾക്കാൎക്കും ഉൽസാഹമില്ലെന്നല്ലേ വന്നുകൂടുന്നതു്?

മകരന്ദൻ—ഞാൻ ഈ അഭിപ്രായത്തോടുകൂടി പറഞ്ഞതല്ല. ഉദ്ദേശിക്കും പോലെ ഈ വിവാഹം നടക്കുന്നപക്ഷം സചിവൻ സുധാകരന്റെ അച്ഛനെ ക്ഷണിപ്പാൻ വഴിയുണ്ടു്. സ്നേഹിതൻ നാട്ടിലേക്ക പോകണമെന്നു വിചാരിക്കുന്നു. അച്ഛൻ താമസിയാതെ ഇങ്ങോട്ടുവരുന്നപക്ഷം അച്ഛന്റെ കൂടെപ്പോയാലും മതി. ഇന്നോ നാളെയോ നാട്ടിലേക്ക എഴുതയയ്ക്കണമെന്നു സുധാകരൻ പറകയുണ്ടായി. അതു വേണ്ടെന്നു പറവാനായിട്ടാണു ഞാൻ സ്നേഹിതനെ അന്വേഷിച്ചതു്.

മൃണാളിനി—മാലതി, ബാല്യം മുതൽക്കതന്നെ നമ്മൾ സഹോദരിമാരെപ്പോലെയാണു പെരുമാറിവരുന്നതു്. ഇപ്പോൾ നീ ഞങ്ങളുടെ ഗൃഹത്തിലെ ഒരു ഭൂഷണമായും തീൎന്നിരിക്കുന്നു.

കാമന്ദ—ഈ വിവാഹം നടക്കുന്നതു മാലതിയ്ക്കും നിന്റെ ജ്യേഷ്ഠനും ഒരു അനുഗ്രഹം തന്നെയാണു്.

മൃണാളി. ഇതിൽ മെച്ചം നേടുന്നതു് മാലതിയുടെ പക്ഷമാണു്. മാലതി ഞങ്ങളുടെ ഗൃഹത്തിൽ ഒരു അംഗമായിത്തീരുന്നതിനാൽ ഞങ്ങളുടെ മനോരഥം സഫലമായി എന്നൊരു മെച്ചം മാത്രമേ ഞങ്ങൾക്കുള്ളൂ. മാലതിയ്ക്കും മററും രാജാവിന്റെ പ്രീതി

യ്യം പാത്രീഭവിക്കുക എന്ന ഒരു വിശേഷംകൂടിയു ണ്ടു്. ഞങ്ങളെല്ലാവരും രാജാവിൻെറ ദാസജന ങ്ങളാണു്. ഈ വിവാഹം നടക്കുന്നതുകൊണ്ടു രാ ജാവു് സന്തുഷ്ടനായിത്തീരുന്നതും തൻമൂലം മാല തിയും അവളുടെ ബന്ധുക്കളും രാജാവിൻെറ സ്നേ ഹവിശ്വാസങ്ങൾക്കു പാത്രീഭവിക്കുന്നതുമാണും. രാജമിത്രങ്ങളെ ബന്ധുക്കളായി ലഭിക്കുന്നതിനാൽ രാജസേവകന്മാരായ ഞങ്ങൾ ധന്യരായിത്തീരുന്നു.

മൃണാളിനിയെ അന്വേഷിച്ചു ഭൃത്യന്മാർ വന്നു. അ വൾ എല്ലാവരോടും യാത്രപറഞ്ഞു ബുദ്ധരക്ഷിതയോ ടുമിച്ചു വീട്ടിലേക്കു പോകയും ചെയ്തു. തങ്ങൾക്കു നേരി ടാൻ പോകുന്ന ഇച്ഛാഭംഗവും തൻമൂലം തങ്ങൾ അനു ഭവിക്കേണ്ട ക്ലേശങ്ങളും ഓർത്തു മാലതിയും സുധാകര നും വ്യസനിച്ചുതുടങ്ങി. അവരുടെ മുഖം മഞ്ഞിനാൽ മൂ ടപ്പെട്ട ചന്ദ്രലേഖപോലെ നിഷ്പ്രഭമായിത്തീൎന്നു. സ ചിവൻെറ പുത്രി തനിക്കു സുലഭയല്ലെന്നറിഞ്ഞിട്ടുപോ ലും അവളെ താൻ സ്നേഹിച്ചതു് ശരിയല്ലെന്നും ഈ വിഷയത്തിൽ ഇച്ഛാഭംഗം പരിഹരിക്കത്തക്കതല്ലെന്നും വിചാരിച്ചു സുധാകരൻ ആശ്വസിക്കാൻ ശ്രമിച്ചുവെ ങ്കിലും മാലതിയുടെ മങ്ങിയ മുഖം ആ യുവാവിൻെറ ഹൃ ദയത്തെ ദഹിപ്പിച്ചു തുടങ്ങി. പ്രിയതമ സുലഭയല്ലെ ങ്കിലും അവൾ തന്നിൽ അനുരക്തയാണെന്നുള്ള വസ്തു തകൊണ്ടുതന്നെ തൃപ്തിപ്പെടേണ്ടതാണു് എന്നുവിചാരി ച്ചു വീണ്ടും സുധാകരൻ സമാധാനപ്പെടുവാൻ ശ്രമിച്ചു. മാലതിയുടേയും സുധാകരൻേറയും അഗാധത്തെ ശോ

ച്യാവസ്ഥ കണ്ടു ദുഃഖിതരായിത്തീന്ന കാമന്ദകി സുധാകരനോടു ഇപ്രകാരം പറഞ്ഞു.

കാമന്ദകി—സുധാകരാ, സചിവൻ മാലതിയെ സ്വയം നിനക്കു വിവാഹം ചെയ്തുതരുമെന്നാണോ നിൻെറ വിചാരം?

സുധാകരൻ—ഞാൻ ഒരിക്കലും അങ്ങനെ വിചാരിച്ചിട്ടില്ല.

കാമന്ദ—എന്നാൽ നീ ഇപ്പോൾ എന്തിനായിട്ടാണു വ്യസനിക്കുന്നതു്? പെട്ടെന്നു നിന്നെ വ്യസനിപ്പിക്കുമാറു യാതൊന്നും സംഭവിച്ചിട്ടില്ലല്ലോ.

സുധാകരൻ—സചിവൻ പുത്രിയെ നന്ദനനു കൊടുപ്പാൻ തീർച്ചപ്പെടുത്തിയിരിക്കുന്നുവെന്നല്ലേ അറിയുന്നതു്?

കാമന്ദ—മകരന്ദൻ പറഞ്ഞതൊന്നും എനിക്കു പുതുതല്ല. ഇതെല്ലാം എനിക്കു മുമ്പുതന്നെ അറിവുള്ളതാണു്. കാൎയ്യങ്ങളുടെ തത്വമറിയാതെ മററുള്ളവരെ കുററപ്പെടുത്തുന്നതു ഒട്ടും ശരിയല്ല. നന്ദനനു പുത്രിയെ വിവാഹം ചെയ്തുകൊടുത്താൽ കൊള്ളാമെന്നു രാജാവു സചിവനോടു പറഞ്ഞതു വാസ്തവമാണു്. ഇതിനു സചിവൻ പറഞ്ഞ മറുപടി എന്താണെന്നു ശ്രദ്ധാപൂൎവ്വം ആലോചിച്ചു മനസ്സിലാക്കേണ്ടതാണു്. തൻെറ കന്യകയെ സംബന്ധിച്ചിടത്തോളം രാജാവിനു എല്ലാ സ്വാതന്ത്ര്യവുമുണ്ടെന്നാണു് സചിവൻ പറഞ്ഞിരിക്കുന്നതു്. ഇതിൽ യാതൊരു തെററുമില്ല.

സുധാകരൻ—ഈ ഉത്തരം സചിവനെ എങ്ങനെ സഹായിക്കുമെന്നാണ ഭഗവതി വിചാരിക്കുന്നതു്? രാജാവിന്നു സർവ്വസ്വാതന്ത്ര്യവും കൊടുത്തുകഴിഞ്ഞാൽ പിന്നെ സചിവന്നു ഇഷ്ടംപോലെ പ്രവർത്തിക്കാവുന്നതാണോ?

കാമന്ദകി_നീ ഇനിയും കാൎയ്യം മനസ്സിലാക്കുന്നില്ല. രാജാവു സചിവൻെറ പുത്രിയെ തൻെറ പുത്രയായി കരുതുന്നുവെങ്കിൽ അതു സചിവൻെറ കുററമല്ല. സചിവന്നു ഇത്ര വിവേകമില്ലെന്നാണോ നിങ്ങൾ എല്ലാവരും വിചാരിക്കുന്നതു്. മനുഷ്യരുടെ വ്യവഹാരതന്ത്രങ്ങളെല്ലാം പ്രായേണ അവരുടെ വാക്കിനെയാണ ആശ്രയിക്കുന്നതു്, പ്രത്യേകിച്ചു രാജ്യതന്ത്രനിപുണരുടെ വിഷയത്തിൽ ഇതു എത്രയും പരമാൎത്ഥമാണു്. മാലതി സചിവൻെറ പുത്രിയാണു്. 'തൻെറ കന്യക' എന്നു സചിവൻ പറഞ്ഞതിനെ രാജാവു ശരിയായി മനസ്സിലാക്കീട്ടില്ല. ഈ തെററിദ്ധാരണയാലാണ കുഴപ്പമെല്ലാം വന്നിരിക്കുന്നതു്. സചിവൻ ഒരു തരത്തിലും അപരാധിയല്ല. അന്യരുടെ പുത്രിമാരെ വിവാഹം ചെയ്തുകൊടുക്കുന്ന വിഷയത്തിൽ ധർമ്മാചാരപ്രകാരം രാജാക്കന്മാൎക്കു യാതൊരു സ്വാതന്ത്ര്യവുമില്ലാത്തതാണു്, അതിനാൽ പ്രസ്തുത വൃത്താന്തം ശ്രദ്ധിക്കത്തക്കതല്ല.

മകരന്ദൻ_സംസാരികങ്ങളായ വിഷയങ്ങളിൽ നിന്നു നിവൎത്തിച്ചു് ഭിക്ഷാന്നംകൊണ്ടു് ജീവസന്ധാരണം ചെയ്യുന്നവൎക്കു ഞങ്ങളെപ്പോലുള്ള പ്രാകൃതജനങ്ങ

ളുടെ നേരെ ഇത്ര സ്നേഹവും അനുകമ്പയും തോന്നുന്നതു അസാധാരണം തന്നെയാണു്.

കാമന്ദകി_നമ്മൾ ചെയ്യേണ്ടതു ചെയ്യുക എന്നല്ലാതെ വിധി വിലാസങ്ങളെ ലംഘിക്കുന്നതു ദേവന്മാൎക്കു പോലും സാദ്ധ്യമല്ല. ദൈവത്തിന്റെ അനുഗ്രഹമുണ്ടെങ്കിൽ കാൎയ്യമെല്ലാം മംഗളമായിപ്പരിണമിക്കുമെന്നു വിചാരിച്ചു സമാധാനിക്കയാണു് വേണ്ടതു്.

കാമന്ദകി മാലതിയോടും പ്രിയംവദയോടും കൂടി അവിടെനിന്നു പോയി. മാലതിയുടെ തിരോഭാവം സുധാകരനെ വീണ്ടും ദുഃഖപരവശനാക്കി. വിശിഷ്ടവസ്തുക്കൾ കാണുകയെന്നതാണു് കണ്ണിന്റെ ഭാഗ്യമെങ്കിൽ ആ ഭാഗ്യംതനിക്കു അല്പമുണ്ടായിരുന്നതു ഇപ്പോൾ നശിച്ചതായി സുധാകരനു തോന്നി. കാമന്ദകിയുടെ സഹായത്താൽ ഉദ്ദേശം ഫലിക്കുമെന്നു സുധാകരനു വിചാരമില്ലാതിരുന്നില്ല. എന്നാലുമാശങ്കകൾപൂണ്ട മനസ്സ് കാര്യസിദ്ധിയെപ്പററി സംശയിക്കയും തൻമൂലം വ്യസനിക്കയും ചെയ്തു. 'കഷ്ടം! പ്രിയതമയുമായുള്ള കൂടിക്കാഴ്ച ഇതോടുകൂടി അവസാനിക്കുമോ" എന്നു സുധാകരൻ വിചാരിച്ചു. മാലതിയാകട്ടെ 'അല്ലയോ മഹാഭാഗാ! ഇനിഞാൻ അങ്ങയെ കാണുകയില്ലെന്നുവരുമോ? എന്റെ ജീവിതഫലം അവസാനിച്ചുവോ? ദുഷ്ടവിധി എന്നും ദാരുണമായിത്തന്നെ ഇരിക്കുമോ? കിട്ടാത്തവിഷയങ്ങളിൽ ആഗ്രഹത്തെ ജനിപ്പിച്ചു് ഇപ്രകാരം എന്നെ പീഡിപ്പിക്കുന്നതുകൊണ്ടു ദൈവത്തിനു എന്തു പ്രയോജനം? ഭാഗ്യഹീനയായ ഞാൻ ദൈവത്തെ എന്തി

നു ആക്ഷേപിക്കുന്നു? ഞാൻ എന്റെ കർമ്മഫലം അനുഭവിക്കുന്നതിൽ ദൈവം അപരാധിയാകുമോ? ഞാൻ ആരെയാണു് അഭയംപ്രാപിക്കേണ്ടതു്? കാമന്ദകിക്കു് എന്നിൽ സ്നേഹമില്ലേ? അവരുടെ വാക്കു വ്യൎത്ഥമായിത്തീരുമോ? അവർ വിചാരിച്ചാൽ എന്നെ രക്ഷിപ്പാൻ സാധിക്കാതെവരുമോ?'' എന്നുംമററും വിചാരിച്ചുകൊണ്ടു മാലതി മനസ്സില്ലാമനസ്സോടെ കാമന്ദകിയെ അനുഗമിച്ചു.

സുധാകരൻ—മകരന്ദാ! മൃണാളിനിയെ ആപത്തിൽ നിന്നു നിങ്ങൾ ആ സമയത്തു രക്ഷിച്ചില്ലെങ്കിൽ ആ കന്യകയുടെ അവസ്ഥ എന്തായിരിക്കും. ദുഷ്ടമൃഗത്തേക്കൊണ്ടു പ്രാണഹാനികരമായ ആപത്തിൽ നിന്നു രക്ഷിച്ച നിങ്ങളെ ആ യുവതി ഒരിക്കലും വിസ്മരിക്കുന്നതല്ല. വിസ്മരിക്കാവുന്നതുമല്ല. സജ്ജനങ്ങൾക്കു ആപത്തുനേരിടുകയെന്നതു് അസാധാരണമല്ല. ദൈവേച്ഛയിൽ അവരെ ആപത്തിൽനിന്നു രക്ഷിക്കുന്നതിനു നിങ്ങളേപ്പോലുള്ള മനുഷ്യജനങ്ങൾ വന്നുചേരുന്നതും സാധാരണമാണു്.

## അദ്ധ്യായം ൭.

ഒരുദിവസം സുധാകരൻ രാത്രി ഊണുകഴിഞ്ഞു ചാരുകസേരമേൽ കിടന്നു ഒരു പുസ്തകം വായിക്കയായിരുന്നു. മനസ്സിനു യാതൊരു ഉന്മേഷവും തോന്നിയില്ല.

പുസ്തകംതാഴത്തുവെച്ചു ചിന്താവിഷ്ടനായി കുറേനേരം കസാലയിൽ തന്നെ കിടന്നു. കുറേക്കഴിഞ്ഞപ്പോൾ ഉറക്കം വരുന്നതുപോലെ തോന്നി. സ്വപ്നത്തിലെങ്കിലും പ്രിയതമയെക്കണ്ടു അല്പം സന്തോഷിച്ചാലോ എന്നു വിചാരിച്ചു കസാലയിൽ നിന്നു എഴുനേററു വിളക്കണെച്ചു കിടക്കയിൽ ചെന്നു കിടന്നു. ഉറക്കം തീരെ വന്നില്ല. വളരെനേരം കിടക്കയിൽ ചരിഞ്ഞും മലൎന്നും കിടന്നു കഴിച്ചുകൂട്ടിയതല്ലാതെ ഫലമൊന്നുമുണ്ടായില്ല. നേരം സുമാർ അൎദ്ധരാത്രിയായിരിക്കണമെന്നു തോന്നി. അനന്തരം കിടക്കയിൽ നിന്നു എഴുനേററു വിളക്കുകൊളുത്താതെ കിടപ്പുമുറിയിൽ തന്നെ ഉലാത്തിക്കൊണ്ടിരുന്നു. താൻ കാൽവയ്ക്കുന്ന ശബ്ദമല്ലാതെ മററു യാതൊരു ശബ്ദവും കേൾക്കുന്നില്ല. ഇങ്ങിനെ ഉലാത്തിക്കൊണ്ടിരുന്നപ്പോൾ തെരുവീഥിയിൽ മങ്ങിയ ഒരു വെളിച്ചം ജനലിൽകൂടി കണ്ടു. സൂക്ഷിച്ചുനോക്കിയപ്പോൾ പ്രാകൃതവേഷം ധരിച്ചു മദ്ധ്യവയസ്കയായ ഒരു സ്ത്രീ മങ്ങിയ ഒരു ദീപവും കയ്യിൽ വച്ചുകൊണ്ടു നടക്കുന്നതും ആ സ്ത്രീയെ പിന്തുടൎന്നു പ്രായംകുറഞ്ഞ വേറൊരു സ്ത്രീ പോകുന്നതുംകണ്ടു. പിശാചുക്കളുടെ കഥ കേട്ടിരുന്നതിനാൽ റോഡിൽകൂടി പോയിക്കൊണ്ടിരുന്ന സത്വങ്ങൾ ആ വൎഗ്ഗത്തിൽപെട്ടതായിരിക്കുമോ എന്നു സുധാകരനു ആദ്യം തോന്നി. എങ്കിലും വസ്തുതത്വം അറിഞ്ഞാൽകൊള്ളാമെന്നു വലിയ ഉൽക്കണ്ഠയും ജനിച്ചു. പിശാചിന്റെ വിചാരമെല്ലാം മനസ്സിൽ നിന്നു തീരെകളഞ്ഞു. അൎദ്ധരാത്രിസമയത്തു രണ്ടു സ്ത്രീകൾ തനിച്ചു് തെരുവീഥിയിൽകൂടി പോവാൻ

കാരണമെന്തു്? ഇതിൽ എന്തോ ഒരു രഹസ്യമുണ്ടായിരിക്കണമെന്നു സുധാകരൻ നിശ്ചയിച്ചു. അസമയത്തു ഏകാകിയായി അവരെ പിന്തുടരുന്നതു ആശാസ്യമല്ലെന്നു തോന്നിയെങ്കിലും അല്പനേരത്തെ ആലോചനകൊണ്ടു ഇതിലെ രഹസ്യം എങ്ങിനേയും മനസ്സിലാക്കണമെന്നു തന്നെ സുധാകരൻ തീൎച്ചപ്പെടുത്തി. പിന്നീടു കുറച്ചു നേരം പോലും താമസിയാതെ വാൾ എടുത്തു പുറത്തുവന്നു കതകു് പൂട്ടി പുറപ്പെട്ടു. ആ സ്ത്രീരൂപങ്ങളുടെ അരികത്തു എത്തുന്നതുവരെ വേഗത്തിൽ നടന്നു. എവിടെ നോക്കിയാലും കൂരിരുട്ടുമൂടി മിന്നിക്കുന്നു. ആ സ്ത്രീരൂപങ്ങൾ റോഡുവിട്ടു ശ്മശാനത്തിന്നഭിമുഖമായി നടന്നുതുടങ്ങി. ഈ സമയത്തു സുധാകരന്റെ മനസ്സിൽ കുറച്ചു ഭയം തോന്നാതിരുന്നില്ല. എങ്കിലും അതുവരെ ചെന്ന സ്ഥിതിക്കു എന്താപത്തുവന്നാലും തന്റെ ഉദ്യമത്തിൽ നിന്നു പിന്മാറുന്നതല്ലെന്നു ദൃഢമായി വിശ്വസിച്ചു് അവരെ പിൻതുടൎന്നു. ശ്മശാനത്തിന്റെ ഒരു വശത്തായി ഒരു കാളീക്ഷേത്രമുണ്ടായിരുന്നു. ഈ ക്ഷേത്രത്തിൽ പല ആഭിചാരകൎമ്മങ്ങളും നടക്കുന്നതായി സുധാകരൻ കേട്ടിട്ടുണ്ടായിരുന്നു. ഈ ക്ഷേത്രത്തിനു ചുററും വൃക്ഷങ്ങൾ ഇടതിങ്ങിനിന്നിരുന്നതിനാൽ പുറമെ നിന്നു നോക്കുന്നവൎക്കു ക്ഷേത്രം അദൃശ്യമായിരുന്നു. രണ്ടു സ്ത്രീരൂപങ്ങളും ഈ ക്ഷേത്രത്തെ ലക്ഷ്യമാക്കി നടന്നുതുടങ്ങി. കുറെനേരം കൊണ്ടു സ്ത്രീരൂപങ്ങൾ രണ്ടും മരങ്ങളുടെ ഇടയിൽ മറഞ്ഞു. യാതൊരു ശബ്ദവും കൂടാതെ ധൈൎയ്യമവലംബിച്ചു സുധാകരൻ അവരെ പിൻതുടൎന്നു അകത്തു നടക്കുന്ന സംഭ

വങ്ങൾ ശരിയായി കാണത്തക്കവണ്ണവും തന്നെ അകത്തുനിന്ന് ആൎക്കും കാണ്മാൻപാടില്ലാത്തവിധത്തിലും ഒരു വൃക്ഷത്തിന്റെ മറവിൽ അയാൾ ഒളിച്ചു.

ക്ഷേത്രത്തിന്റെ മുൻവശത്തായി മുണ്ഡശിരസ്കനായ ഒരു പുരുഷൻ പൂജയ്ക്കുവേണ്ട സാമഗ്രികളെല്ലാം തയ്യാറാക്കി വച്ച് അക്ഷമയോടെ കാത്തിരിക്കയായിരുന്നു. മുൻപറഞ്ഞ സ്ത്രീരൂപങ്ങൾ രണ്ടും തന്റെ സമീപത്തു ചെന്നുനിന്നതു കണ്ട് പുരുഷൻ അത്യുത്സാഹത്തോടെ ചാടി എഴുന്നേററു.

പുരുഷൻ:-കപാലകുണ്ഡലെ നീ സമൎത്ഥതന്നെ. നീ എന്റെ പ്രിയപ്പെട്ട ശിഷ്യതന്നെയാണ്. നീ വരുവാൻ താമസിച്ചുപോകുമോ എന്നു വിചാരിച്ചു ഞാൻ അക്ഷമയോടെ നിന്നെക്കാത്തിരിക്കയായിരുന്നു. ഈ യുവതി ആരാണ്?

കപാലകുണ്ഡല:-ഇവൾ ഭൂരിവസുവിന്റെപുത്രിയാണ്.

പുരുഷൻ—ഇവളെ നിനക്കു എങ്ങിനെകിട്ടി. എന്തായാലും കാളിക്ക് ഇന്നു് ഉൽസവം തന്നെ.

കപാല:—ഗുരുവിന്റെ മന്ത്രോപദേശം വ്യൎത്ഥമാകുമോ? ഇവൾ ഇന്നു വൈകുന്നേരം അമ്പലത്തിൽ പോയി വീട്ടിലേക്കു തിരികെ പോകുന്നതു ഞാൻ കണ്ടു, ഉടൻ തന്നെ ഞാൻ എന്റെ മന്ത്രശക്തി ഉപയോഗിച്ചു. ഇവളുടെ ഗൃഹത്തിൽ ഞാൻ ചെന്നപ്പോൾ എല്ലാവരും ഗാഢനിദ്രയെ പ്രാപിച്ചിരുന്നു. ഞാൻ പടിക്കൽനിന്നുകൊണ്ടു ഇവളുടെ പേർ രണ്ടുമൂന്നു പ്രാവശ്യം വിളിച്ചു. താമസിയാതെ ഇവൾ തന്നത്താൻ ആരുമറിയാതെ

ഇറങ്ങിവരികയും ചെയ്തു. താങ്കൾ ഉപദേശിച്ച മന്ത്രത്തിൻെറ ശക്തിഞാൻ ഇന്നു പൂർണ്ണമായി ഉപയോഗിച്ചു. അതിൻെറ ശരിയായ ഫലവും കണ്ടിരിക്കുന്നു.

പുരുഷൻ—ശിഷ്യരുടെ സാമൎത്ഥ്യംകൊണ്ടാണ് ഗുരുവിൻെറ മാഹാത്മ്യം ജനങ്ങൾ നിർണ്ണയിക്കുന്നത്. നീ എൻെറ ശിഷ്യയായിരിക്കുന്നിടത്തോളം കാലം ജനങ്ങൾ എന്നെ പ്രശംസിക്കതന്നെ ചെയ്യും. ഇത്ര ലാവണ്യവതിയായ ഒരു യുവതിയെ ബലികൊടുപ്പാൻ സാധിച്ചിരിക്കുന്നതു് നമ്മുടെ വലിയ ഭാഗ്യം തന്നെ. ഇന്നു ചാമുണ്ഡി ഏററവും തൃപ്തിപ്പെട്ടു നമ്മെ അനുഗ്രഹിക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല.

ഘോരാകൃതികളായ ആ രണ്ടു സത്വങ്ങൾ ചാമുണ്ഡിക്കു ബലികൊടുപ്പാൻ പോകുന്ന യുവതീരത്നം തൻെറ പ്രാണേശ്വരിയായ പ്രിയതമയാണെന്നറിഞ്ഞപ്പോൾ സുധാകരൻെറ ഹൃദയത്തിൽ എന്തെല്ലാം വിചാരമാണു് ഉണ്ടായതെന്നു് വായനക്കാർ സ്വയം ഊഹിക്കട്ടെ! പെട്ടെന്നു ഓടിച്ചെന്നു ആ ദുഷ്ടരെ നിഗ്രഹിച്ചു് തൻെറ പ്രിയതമയെ രക്ഷിക്കുന്ന വിഷയത്തിൽ സുധാകരനു് കുറച്ചുപോലും ഭയമുണ്ടായില്ല. എങ്കിലും താൻ അടുത്തുള്ളപ്പോൾ മാലതിയ്ക്കു യാതൊരാപത്തും വരികയില്ലെന്നുള്ള ധൈര്യത്താൽ ആ ദുഷ്ടരുടെ സാഹസപ്രവൃത്തികൾ മററെന്തെല്ലാമായിരിക്കുമെന്നു അറിവാനായി സുധാകരൻ നിന്നിരുന്ന സ്ഥലത്തുതന്നെ അനങ്ങാതെ നിന്നു. പെട്ടെന്നു മാലതി ബോധം വന്ന

ത്തുപോലെ പരിതഃസ്ഥിതികളെല്ലാം കണ്ടു് ഭയാക്രാന്ത യായി 'ദൈവമേ ഇതെന്തൊരു ചിത്രമാണു്. ഞാൻ ഇ വിടെ എങ്ങനെവന്നു, എപ്പോൾ വന്നു? എന്റെ ഗൃഹ മെവിടെ? ഞാൻ ഇക്കാണുന്നതെല്ലാം സ്വപ്നമായിരിക്കു മോ? ഇന്ദ്രജാലമാണോ? അതോ എന്റെ ചിത്തഭ്രമം തന്നെയാണെന്നു വരുമോ? ഇതെല്ലാം യഥാൎത്ഥമായി രിപ്പാൻ യാതൊരു ന്യായവുമില്ലല്ലോ. അഥവാ ഇക്കാ ണുന്നതെല്ലാം മായയല്ലെങ്കിൽ ഞാൻ ഇവിടെ വരുവാ ൻ കാരണമെന്തു്? എന്നെ രക്ഷിപ്പാൻ ഇവിടെ ആരു ണ്ടു്? ദൈവമേ, ഞാൻ ഇത്ര അനാഥയാണോ. ഞാൻ ഭക്തയല്ലേ? അനാഥയല്ലേ? അശരണയല്ലേ? പിതാ വേ, അങ്ങു് എങ്കിലും എന്നെ രക്ഷിക്കയില്ലയോ? ഞാ ൻ മരിച്ചുപോയാൽ മററുള്ളവരുടെ പ്രീതി സമ്പാദിപ്പാ ൻ അങ്ങേക്കു സാധിക്കയില്ലല്ലോ. മാതാവേ, വാത്സ ല്യഭാജനമായ നിങ്ങളുടെ ഏകപുത്രി ഇതാ നിൎഭാഗ്യ വശാൽ മരിച്ചുപോകുന്നു. ഭഗവതി! താങ്കളുടെ ജീവി തമാണല്ലോ മാലതി. താങ്കൾ ഇത്രനാൾ എന്നെ സ്നേഹിച്ചതും രക്ഷിച്ചതും എനിക്കുവേണ്ടി കഷ്ടപ്പാടു കൾ അനുഭവിച്ചതുമെല്ലാംവിഫലമായിത്തീൎന്നിരിക്കുന്നു. പ്രിയസഖി, പ്രിയംവദേ, നിനക്കു് ഇനി എന്നെ സ്വ പ്നത്തിലല്ലാതെ മററൊരു സ്ഥലത്തും കാണ്മാൻ സാ ധിക്കുന്നതല്ല." എന്നുംമററും നിലവിളി തുടങ്ങി. പുരു ഷനും ശിഷ്യയും ചാമുണ്ഡിയെ നമസ്കരിച്ചു്. "ഇ നി എന്തിനു താമസിക്കുന്നു. നമ്മുടെ ജോലി ചെയ്തുതീ ൎക്കാം. നമ്മൾ ഏറെ താമസിയാതെ ഇവിടെനിന്നുപോ കണം. അല്ലെങ്കിൽ അനൎത്ഥമുണ്ടാകും. എന്റെ വാൾ

എവിടെ?" എന്നു പുരുഷൻശിഷ്യയെ നോക്കിപ്പറഞ്ഞു. തന്നെ ബലികഴിപ്പാൻ പോകയാണെന്നു മാലതിക്കു മനസ്സിലായി. അവൾ വീണ്ടും വിലപിച്ചുതുടങ്ങി. "എന്റെ പ്രാണനാഥ, ഭവാനെവിടെ? അവിടുന്നെങ്കിലുംഎന്നെ രക്ഷിക്കയില്ലേ? ഈ ജന്മത്തിൽ എന്റെ നാഥൻ അങ്ങുതന്നെയാണ്. അങ്ങല്ലാതെ എന്നെ മററാരെങ്കിലും രക്ഷിക്കുമോ? കഷ്ടം! എന്റെ ബുദ്ധിഭ്രമം കൊണ്ടു ഞാൻ വിലപിക്കുന്നുവെങ്കിൽ അതു കേൾപ്പാൻ ഈ ചണ്ഡാലന്മാരല്ലാതെ മററാരുണ്ട്? എന്റെ ഈ അരണ്യരുദിതം കൊണ്ടു ഫലമെന്ത്? എന്റെ പ്രാണങ്ങൾക്കു ആധാരമായ ആ പുണ്യപുരുഷൻ ഈ സാഹസം കാണ്മാൻ ഇവിടെ ഇല്ലാത്തതു എന്റെ ഭാഗ്യദോഷം തന്നെ—എന്റെ സുധാകരൻ—എന്റെ പ്രാണവല്ലഭൻ—എന്നെ നിർവ്യാജമായിസ്നേഹിക്കുന്ന ആ ധീരോത്തമൻ ഇവിടെയെങ്ങാനുമുണ്ടെങ്കിൽ എന്നെ രക്ഷിക്കാതിരിക്കുമോ? പ്രാണനാഥാ ഞാൻമരിച്ചുപോയതിനുശേഷവും ഭവാൻ എന്നെ മറക്കരുതേ! വല്ലഭൻ സ്മരിക്കുന്നിടത്തോളം കാലം സ്ത്രീകൾ യഥാർത്ഥത്തിൽ ജീവിച്ചിരിക്കുമെന്നല്ലേ നമ്മുടെ വിശ്വാസം? ഞാൻ മരിച്ചുപോയാലും എന്നെ സ്നേഹിക്കേണമേ. ഈ സാധുവിനു ഇരിപ്പാൻ അങ്ങയുടെ വിശാലമായ ഹൃദയത്തിൽ കുറെച്ചെങ്കിലും സ്ഥലം കൊടുക്കേണമേ" എന്നു പറഞ്ഞു മാലതി മൌനമവലംബിച്ചു. "എടി പെണ്ണേ, നിന്നെ രക്ഷിപ്പാൻ ഇവിടെ നിന്റെ ഭർത്താവും മററാരുമില്ല. ഈ കരച്ചിലെല്ലാംകേട്ടു ഞാൻ മയങ്ങിപ്പോകുമെന്നു നീ വിചാരിക്കേണ്ട. നിന്റെ ജീവിതം അവസാനിച്ചിരി

ക്കുന്നു. തലകുനിഞ്ഞു നില്ക്കുക" എന്നു പറഞ്ഞു കൊണ്ടു പുരുഷൻ വാൾ ഉയൎത്തിപ്പിടിച്ചതും സുധാകരൻ ഓടിച്ചെന്നു പുരുഷന്റെ കൈ പിടിച്ചതും ഒരേ സമയത്തായിരുന്നു. "എടാ ദുഷ്ടാ നീ എന്തു സാഹസമാണു പ്രവൎത്തിക്കുന്നതു്? എത്ര കാലമായി നീ ഇത്തരം അവിനയങ്ങൾ ചെയ്തു പോരുന്നു? ഈ രാജ്യത്തിൽ നാഥനില്ലാതെയായോ? നീ മനുഷ്യനോ, പിശാചോ, ദുഷ്ടമൃഗമോ ആരാണു്? നിന്നെത്തന്നെ ബലികൊടുത്തു ചാമുണ്ഡിയെ എന്നെന്നേക്കുമായി തൃപ്തിപ്പെടുത്താമെന്നാണു ഞാൻ വിചാരിക്കുന്നതു്. നീ ബലി കഴിക്കുന്നതിനു പകരം നിന്നെത്തന്നെ ബലികഴിക്കയാണെങ്കിൽ ചണ്ഡികാദേവി കൂടുതൽ തൃപ്തിപ്പെടുന്നതാണു്" എന്നു പറഞ്ഞു സുധാകരൻ പുരുഷന്റെ വലതു കൈ മറിച്ചു. മന്ത്രത്താൽ വീൎയ്യം നശിച്ച സൎപ്പംപോലെ പുരുഷന്റെ ശൌൎയ്യമെല്ലാം നിലച്ചു. അനന്തരം സുധാകരൻ കപാലകുണ്ഡലയെ നോക്കി "ദുഷ്ടേ നീ ഒരു സ്ത്രീയല്ലായിരുന്നുവെങ്കിൽ നിന്നെ ഈ ക്ഷണത്തിൽതന്നെ ഞാൻ എന്റെ ഈ വാളിനു ഇരയാക്കുമായിരുന്നു. ഇനിയെങ്കിലും ഇത്തരം പാപ കൎമ്മങ്ങളിൽനിന്നു നീ വിരമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു" എന്നു പറഞ്ഞു. തന്നെ രക്ഷിച്ചപുണ്യപുരുഷൻ തന്റെപ്രേമസൎവ്വസ്വമായ കാമുകനാണെന്നറിഞ്ഞതും മാലതി ഓടിച്ചെന്നു സുധാകരനെ ആലിംഗനം ചെയ്തതും ഒരുമിച്ചു കഴിഞ്ഞു

സുധാകരൻ— ആപത്തിൽപെട്ടു ഏതൊരുമിത്രത്തെ ഭവതി സഹായത്തിനായി വിളിച്ചുവോ ആ മിത്രം ഇതാ ഭവതിയുടെ അടുക്കൽ തന്നെ നിൽക്കുന്നു.

ഈ നിൽക്കുന്ന ദുഷ്ടൻ ഭവതി കാണത്തക്കവണ്ണം ഇവൻെറ ദുഷ്കർമ്മഫലം അനുഭവിക്കുമാറു് ഞാൻ പ്രവൎത്തിക്കുന്നുണ്ടു്. ഭവതി ഭേപടിക്കാതെ നിൽക്കണം.

പുരുഷൻ—എന്നെ ദുഷ്ടനെന്നു വിളിക്കുന്ന നീ ആരാണു്?

കപാലകുണ്ഡല—ഇവൻ ഇവളുടെ കാമുകനാണെന്നു തോന്നുന്നു. ഇവൻെറപേർ എന്തെന്നറിഞ്ഞുകൂടാ.

സുധാകരൻ—അല്പം ക്ഷമിക്കുക. വിവരമെല്ലാം നല്ലപോലെ മനസ്സിലാക്കിത്തരാം. മാലതി, ഇതെന്താണു്?

മാലതി—പ്രാണനാഥാ, എനിക്കൊന്നും അറിവില്ല. ഞാൻ മാളികയിൽ കിടന്നുറങ്ങിയതും ഇവിടെ ഉണർന്നതും മാത്രമേ എനിക്കറിവുള്ളു. ഇതെന്തൊരു അത്ഭുതമാണു്? ഇതെല്ലാം പരമാൎത്ഥമാണോ എന്നു ഇനിയും എനിക്കു നിശ്ചയം വരുന്നില്ല. ഭവാൻ ഇവിടെ ഈ സമയത്തു വന്നെത്തുവാൻ കാരണമെന്തു്? അഥവാ, എന്തിനു ഞാൻ കാരണം ചോദിക്കുന്നു. എന്നെ രക്ഷിപ്പാനായി ആൎത്തസംരക്ഷകനായ ദൈവംതന്നെയാണു് ഭവാനെ ഇവിടെ കൊണ്ടുവന്നതു്.

സുധാക—എന്തോ കാകതാലീയന്യായേന ഇവിടെ വന്നുചേരുവാനും എൻെറ ആത്മമിത്രത്തെ രക്ഷിപ്പാനും എനിക്കു സാധിച്ചു എന്നു മാത്രമേ പറവാനുള്ളു. കൂടുതൽവിവരം അറിയണമെങ്കിൽ പിന്നീടു പറയാം. പ്രേമസല്ലാപാദികൾ കൊണ്ടു വിനോദിക്കാനുള്ള സ്ഥലമല്ലല്ലോ ഇതു്—എൻെറ മനസ്സ് ഇപ്പോൾ കരുണയാൽ ദ്രവിക്കുന്നു, വിസ്മ

യത്താൽ ഉജ്വലിക്കുന്നു, സന്തോഷത്താൽ വികസിക്കയും ചെയ്യുന്നു, എന്തായാലും ഭവതിയെ ആപത്തിൽ നിന്നു രക്ഷിച്ചതു ഈശ്വയുള്ളവൻെറ ഭാഗ്യം എന്നു മാത്രമേ ഞാൻ വിചാരിക്കുന്നുള്ളു. ഇനി ഒട്ടും താമസിയാതെ നാം ഇവിടെ നിന്നു പോകേണ്ടതാണു്.

പുരുഷൻ—നരബലികൊണ്ടു എൻെറ കുലദേവതയെ തൃപ്തിപ്പെടുത്തുവാൻ യത്നിച്ചുകൊണ്ടിരുന്ന എൻെറ യത്നങ്ങളെ വിഫലമാക്കിത്തീൎത്തിരിക്കുന്ന നിങ്ങളേപ്പോലുള്ള ദുഷ്ടനെ ഞാൻ ഇതേവരെ കണ്ടിട്ടില്ല.

സുധാകരൻ—ഒരു കൈ പോയതുകൊണ്ടു് തൃപ്തിവന്നുവെന്നില്ലായിരിക്കാം. "ശിരസ്സിങ്കൽ ധരിക്കേണ്ടതാം ഗന്ധം ചേൎന്നൊരു നല്ല പുഷ്പമതിനെക്കാൽകൊണ്ടു മൎദ്ദിച്ച നിൻെറ സാഹസം" അതിരുകടന്നുപോയി. ത്രിഭുവനൈകചൂഡാമണിയായ ഈ അമ്പലാരത്നത്തെ ബലികഴിപ്പാൻ ഉദ്യമിച്ച നിൻെറ യത്നം വിഫലമായതിനാൽ നീ പശ്ചാത്തപിക്കയാണോ?

പുരുഷൻ—എൻെറ പ്രവൃത്തിയെപ്പററി ന്യായാന്യായവിചാരം ചെയ്‌വാനുള്ള അധികാരം നിനക്കില്ലെന്നു നീ മനസ്സിലാക്കാത്തതു എന്തുകൊണ്ടു്? ഏറെക്കളിച്ചാൽ നിന്നെയും നിൻെറ..........

മാലതി—നമുക്കു പോകാം. ഇവൻ ദുഷ്ടനാണു്. എനിക്കു പേടിയാകുന്നു. എന്നെ രക്ഷിക്കണേ!

സുധാകര—നീ ഒരു ഭീരു തന്നെ. ഞാൻ നിൻെറ അടുക്കൽ ഉള്ളപ്പോൾ നിനക്കു പേടിപ്പാൻ യാതൊ

രു അവകാശവുമില്ല. ഈ ചണ്ഡാളനെ ജീവ നോടുകൂടി വിട്ടയക്കുകയാണെങ്കിൽ ഇവൻ ഇനിയും ഇത്തരം പാപകർമ്മങ്ങൾ ചെയ്യുമെന്നുള്ളതിന്നു യാതൊരു സംശയവുമില്ല.

പുരുഷൻ—പൌരുഷം വാക്കിലല്ല സ്ഥിതിചെയ്യുന്നതു് പ്രവൃത്തിയിലാണു്. നിന്നേപ്പോലുള്ള എത്രയോ ഉത്തരന്മാരെ ഞാൻ മുമ്പു കണ്ടിട്ടുണ്ടു്. ഗർവ്വ് കാണിക്കേണ്ട.

സുധാകര—ഈ ഉത്തരനെ ശരിയായി നീ മനസ്സിലാക്കാത്തതു കഷ്ടം തന്നെ. ആയുധം ധരിക്കാത്തതുററ കൈയ്യന്മാരോടു പൊരുതുവാൻ ഞാൻ ശീലിച്ചിട്ടില്ല, നിന്നോടു മത്സരിപ്പാൻ ലജ്ജ എന്നെ അനുവദിക്കുന്നില്ല.

പുരുഷ—ലജ്ജയെല്ലാമിരിക്കട്ടെ. ഇതെല്ലാം പൌരുഷമില്ലാത്തവർ പറയുന്ന വാക്കുകളാണു്. നിന്നെ ഞാൻ ഒന്നു പരീക്ഷിക്കട്ടെ—എന്നു പറഞ്ഞുകൊണ്ടു സുധാകരന്റെ നേരെ ചാടി. മദജലമൊഴുകുന്ന വൻഗജങ്ങളുടെ മസ്തകങ്ങൾ അന്വേഷിച്ചു നടക്കുന്ന മൃഗേന്ദ്രൻ മാനിന്റെ വരവുകണ്ടു പേടിക്കാറുണ്ടോ? സിംഹം ശത്രുവായാൽ പോലും ഗജേന്ദ്രന്റെ പുറത്തുചാടിക്കയറി മസ്തകം അടിച്ചു പിളക്കുന്നു ഇതു തേജസ്വികളുടെ സ്വഭാവമാണു്. പരാക്രമം വയസ്സിനെ ആശ്രയിക്കുന്നില്ല. തേജസ്വിയായ സുധാകരൻ പുരുഷന്റെ വരവു കണ്ടു കുറച്ചു പോലും അധൈര്യപ്പെട്ടില്ല. ആ പുരുഷകേസരിഗത്യന്തരമില്ലെന്നു കണ്ടു വാൾ എടു

ത്തു പുരുഷൻെറ ശിരസ്സ് ഛേദിച്ചു ചണ്ഡികാദേവിയെ തൃപ്തിപ്പെടുത്തി, ഗുരുവിൻെറ മരണത്താൽ ഭയാക്രാന്തയായി വിറച്ചുകൊണ്ടു നിന്ന ശിഷ്യയെ നോക്കി. "വീണ്ടും സാഹസം കാണിച്ചാൽ അനുഭവിക്കേണ്ട ഫലം ഇതാണെന്നു ഓൎത്തുകൊള്ളുക. ഇക്കുറി നിനക്കു ഞാൻ മാപ്പുതന്നിരിക്കുന്നു" എന്നു പറഞ്ഞു സുധാകരൻ കപാലകുണ്ഡലയെ പറഞ്ഞയച്ചു. അനന്തരം പ്രിയതമയോടുകൂടിപ്പുറപ്പെട്ടു. ഇരുട്ടിൽ വഴിയറിയാൻ പ്രയാസമായിരുന്നു. എങ്കിലും പതുക്കെ നടന്നു ഒരു വിധം സചിവൻെറ ഗൃഹത്തിലെത്തി. തമ്മിൽ പിരിയാറായപ്പോൾ സുധാകരൻ മാലതിയോടു "പ്രിയേ, ഞാൻ ചെയ്ത ഉപകാരത്തിനു പ്രതിഫലമായി എനിക്കു എന്തു തരുവാനാണു ഉദ്ദേശിക്കുന്നതു്" എന്നു ചോദിച്ചു. ഇതിനു യാതൊരു മറുപടിയും പറയാതെ തൻെറ കാന്തനെ ഗാഢമായി ആശ്ലേഷിച്ചു കുറേനേരം നിശ്ചേഷ്ടമായി നിന്നു. മാലതിയുടെ നേത്രങ്ങളിൽ നിന്നു അശ്രുക്കൾ ധാരയായി ഒഴുകിത്തുടങ്ങിയതു സുധാകരൻ കണ്ടു.

സുധാ—എൻെറ ചോദ്യത്തിനു സമാധാനം എന്തെന്നറിഞ്ഞാൽ കൊള്ളാം.

മാലതി—ഞാൻ നിങ്ങൾക്കു തരാവുന്ന വസ്തുവിനെ ഞാനറിയാതെ നിങ്ങൾ എന്നിൽനിന്നു അപഹരിച്ചിരിക്കയാണല്ലോ.

സുധാ—പറയണമെന്നു വിചാരിക്കുന്നതു സ്പഷ്ടമായി പറയുന്നതല്ലേ നല്ലതു്.

മാലതി—എന്റെ മനസ്സ്.

സുധാ—ഈ കുററം ആദ്യമായി ഭവതിയല്ല ചെയ്തതു്.

മാലതി—അങ്ങേയ്ക്കു് എന്നിൽ സ്നേഹമുണ്ടെന്നല്ലേ ഞാൻ ഇപ്പോൾ മനസ്സിലാക്കേണ്ടതു്?

സുധാക—സ്നേഹത്തെ ഉരച്ചുനോക്കുവാനുള്ള കല്ലു് സ്നേഹം തന്നെയാണു്. എനിക്കു ഭവതിയുടെ നേരെ സ്നേഹമുണ്ടെന്നു മനസ്സിലാക്കുന്നുവെങ്കിൽ ഭവതിക്കു എന്റെ നേരെ സ്നേഹമുണ്ടെന്നും ഞാൻ മനസ്സിലാക്കേണ്ടതാണു്. എങ്കിലും ഭവതി സുലഭയല്ലെന്നും എനിക്കറിയാം. ദുർല്ലഭമായ വസ്തുവിനെ ആഗ്രഹിക്കുന്നതുകൊണ്ടു എന്തെല്ലാം സങ്കടങ്ങൾ അനുഭവിക്കേണ്ടതായി വരുമോ എന്നു ദൈവത്തിനറിയാം.

മാലതി—ഞാൻ ഭാഗ്യവതിയാണെന്നുള്ളതിനു സംശയമില്ല. ഇത്തരം പ്രശംസാവചനങ്ങൾ പറവാൻ എനിക്കു് ഒട്ടുംതന്നെ അറിവില്ലാത്തതിനെപ്പററി ഞാൻ ഖേദിക്കുന്നു. ഈ വചനങ്ങൾ അങ്ങയുടെ ഔദാര്യത്തെ വെളിപ്പെടുത്തുന്നുണ്ടു്.

സുധാ—യഥാൎത്ഥം പറയുക എന്നതാണു് ഔദാര്യമെങ്കിൽ ഞാൻ ഉദാരശീലൻ തന്നെയാണു്.

മാലതി—ഞാൻ തൎക്കവും വ്യാകരണവും ഒന്നും പഠിച്ചിട്ടില്ല. ദയവായി സ്വപ്നത്തിലെങ്കിലും ഭവാന്റെ ദർശനംകൊണ്ടു എന്നെ അനുഗ്രഹിക്കേണമേ.

സുധാ—കഷ്ടം! ഞാൻ തന്നെ ഭാഗ്യഹീനൻ. ഈ ഒരു സുഖവും എനിക്കു കിട്ടുന്നില്ല. ഭവതിക്കു ഉറക്കമെങ്കിലും ഉണ്ടല്ലോ. എനിക്ക് അതും ഇല്ലാതായിരിക്കുന്നു. ഉറങ്ങാതെ സ്വപ്നം കാണുന്നതെങ്ങിനെ?

മാലതി—യുക്തിയും മററും കൊണ്ടുവന്നാൽ ഞാൻ തോററുപോകതന്നെ ചെയ്യും. എനിക്ക് ഉറക്കമുണ്ടെന്നോ ഇല്ലെന്നോ ഇരിക്കട്ടെ. ദിവാനിശം എന്റെ മനസ്സ് ചിന്താഗ്നിയാൽ തപിക്കുന്നു. ഞാൻ പറയുന്നതു സത്യമാണെന്നു ദയവായി വിശ്വസിക്കണം.

സുധാ—എന്റെ അവസ്ഥയെപ്പററി എനിക്കു വളരെയധികം പറവാനുണ്ട്. ഇതു് അതിനുള്ള അവസരമല്ല. നേരം വെള്ളക്കാറായിരിക്കുന്നു. കാവൽക്കാരും മററും ഉണരുന്നതിനു മുമ്പായി ഭവതി ഗൃഹത്തിൽ പ്രവേശിക്കുക. നമുക്കു വീണ്ടും കാണാമെന്നു വിശ്വസിക്കതന്നെ.

## അദ്ധ്യായം ൯.

മാലതിയെ നന്ദനൻ വിവാഹം ചെയ്‌വാൻ പോകുന്നു എന്നു നാടെല്ലാം പരസ്യമായിക്കഴിഞ്ഞു. എന്നുമാത്രമല്ല വിവാഹദിനവും ആസന്നമായിരിക്കുന്നു. ഒരു ദിവസം മാലതി അമ്മയുടെ നിർദ്ദേശമനുസരിച്ചു കുലദേവതയെ ആരാധിപ്പാനായി നഗര

ത്തിൽ നിന്നും സുമാർ മൂന്നു നാഴിക അകലെയുള്ള ഭ ഗവതീക്ഷേത്രത്തിലേക്കു പുറപ്പെട്ടു. ഈ വിവരം അ റിഞ്ഞു കാമന്ദകി സുധാകരനെ കാലേക്കൂട്ടി ഈ ക്ഷേ ത്രത്തിലേക്കു അയച്ചിരുന്നു. സുധാകരൻ മകരന്ദനോടുകൂ ടി ക്ഷേത്രത്തിൽ ചെന്നു കാത്തുനിൽക്കുകയായിരുന്നു. മാലതി പുറപ്പെട്ട വിവരം അറിയിപ്പാനായി കാമന്ദകി വസന്തകനെ പറഞ്ഞയച്ചു. മാലതി കാമന്ദകിയോടും പ്രിയംവദയോടും കൂടി ഭഗവതിയെ ആരാധിപ്പാൻ വ രുന്നു എന്നും ക്ഷേത്രത്തിനു സമീപം എത്തിക്കഴിഞ്ഞു എന്നും വസന്തകൻ സുധാകരനേയും സ്നേഹിതനേയും അ റിയിച്ചു.

സുധാ—സ്നേഹിതാ, ഭഗവതിയുടെ നീതിയെല്ലാം ഫ ലിക്കുമെന്നാണോ നിങ്ങൾ വിചാരിക്കുന്നതു്?

മകരന്ദൻ—തന്ത്രജ്ഞയായ ഭഗവതിയുടെ നീതി പിഴ യ്ക്കുമെന്നാണോ നിങ്ങൾ വിചാരിക്കുന്നതു്?

സുധാക—വസന്തക, അവർ എന്തുദൂരം വന്നിരിക്കുന്നു.

വസന്തകൻ—ഇതാ എത്തിപ്പോയി.

മകരന്ദൻ—നിങ്ങൾ ശ്രദ്ധിക്കുന്നില്ല. സംസാരിക്കുന്ന ശ ബ്ദം കേൾക്കുന്നതുപോലെ തോന്നുന്നു. നമുക്കു പ ത്തായപ്പുരയുടെ മുകളിൽകയറി ഇരുന്നു് ജന്നലിൽ കൂടി അവർ വരുന്നതു നോക്കിനിൽക്കാം.

സുധാകരനും വസന്തകനും പത്തായപ്പുരയിൽ ക യറിയിരുന്നു. മാലതിയും കാമന്ദകിയും പ്രിയംവദയും ക്ഷേത്രത്തിനു സമീപത്തെത്തി.

മകരന്ദൻ—സ്നേഹിതാ, വിളർത്ത കവിൾത്തടങ്ങളോ ടും ചിതറിയ തലമുടിയോടും കൂടി സചിവന്റെ

പുത്രി വരുന്നതു കാണുമ്പോൾ 'സ്ത്രീരൂപിയാം വ്യസനമോ ഇവൾ' എന്നു തോന്നിപ്പോകുന്നു.

സുധാകരൻ—"ബന്ധമററനവപല്ലവം"പോലെ തളൎന്നു വിളറിയ ഈ ബന്ധുരാംഗിയുടെ മേനിയെല്ലാം ഹൃദയശോഷിയായ താപാഗ്നിയാൽ 'കഠിനതാപമേററു തളൎന്നുപോകുന്ന പനിനീർപുഷ്പത്തിന്റെ കോമളദളങ്ങൾ പോലെ അത്യന്തം ശോഷിച്ചുപോയിരിക്കുന്നുവല്ലോ.

മാലതി മുതലായവർ ദേവാലയത്തിൽ പ്രദക്ഷിണം വെച്ചു പുറത്തുവന്നപ്പോൾ ഒരു രാജഭൃത്യൻ തലയിൽ ഒരു പെട്ടിയും ചുമന്നുകൊണ്ടു അവിടെ എത്തി. അവൻ ആരാണെന്നും എന്തിനായിട്ടാണവിടെ വന്നതെന്നും കാമന്ദകി ചോദിച്ചതിനു താൻ രാജഭൃത്യനാണെന്നും സചിവന്റെ പുത്രിക്കു നന്ദനൻ വിവാഹസൂചകമായി ചില സമ്മാനങ്ങൾ കൊടുത്തയച്ചതു കൊണ്ടുവന്നിരിക്കയാണെന്നും ഈ സമ്മാനങ്ങൾ മാലതിയുടെ കയ്യിൽത്തന്നെ കൊടുക്കണമെന്നു നന്ദനൻ പ്രത്യേകിച്ചു പറഞ്ഞതിനാൽ അതുകൊണ്ടു അവിടെ വന്നതാണെന്നും പറഞ്ഞു ഭൃത്യൻ പെട്ടിതുറന്നു് വിശിഷ്ടമായ ഒരു പട്ടുവസ്ത്രം, മനോഹരമായ ഒരു മുത്തുമാല മുതലായവ എടുത്തു കാണിച്ചു. സമ്മാനങ്ങൾ സ്വീകരിച്ചിരിക്കുന്നതായിപ്പറഞ്ഞു. കാമന്ദകി ഭൃത്യനെപ്പറഞ്ഞയച്ചു. താൻ വെട്ടെന്നു അരികത്തുള്ള സരസ്സിൽ പോയി കമണ്ഡലുവിൽ വെള്ളം നിറച്ചു വരാമെന്നും അതുവരെ മാലതിയും തോഴിയും അവിടത്തന്നെ ഇരിക്കണമെന്നും പറഞ്ഞു കാമന്ദകി അവിടെ നിന്നുംപോയി.

പ്രിയംവദ—സഖി, പുതിയ ആഭരണങ്ങളും മററും കണ്ടു തൃപ്തിപ്പെട്ടുവോ? വിവാഹം നടക്കുന്നതിന്റെ മുമ്പുതന്നെ സമ്മാനങ്ങളും മററും കിട്ടിത്തുടങ്ങിയിരിക്കുന്നുവല്ലോ. ഇനി ഇത്തരം ആഭരണങ്ങളും വസ്ത്രങ്ങളും എത്രയെല്ലാം മേടിക്കേണ്ടതായിട്ടുണ്ട്. കുലദൈവമായ ഭഗവതിയും ഭാഗ്യലക്ഷ്മിയും നിങ്ങളെ ഒരുപോലെ അനുഗ്രഹിച്ചിരിക്കുന്നു.

മാലതി—എന്നിൽ നിങ്ങൾക്കു സ്നേഹമുണ്ടെങ്കിൽ ദയവായി ഇനിയെങ്കിലും ഈവിധമൊന്നും പറയാതിരുന്നാൽ കൊള്ളാം. വ്രണിൽ കുരു കൂട്ടുന്നതുപോലെ സ്വതേ ദുഃഖിതമായിരിക്കുന്ന എന്നെ വീണ്ടും മർമ്മഭേദകങ്ങളായ ഇത്തരം വാക്കുകൾ കൊണ്ടു പീഡിപ്പിക്കുന്നതുകൊണ്ടെന്തു ഫലം?

പ്രിയംവദ—ഞാൻ വെറുതേ നേരംപോക്കായി പറഞ്ഞതാണ്. ഒന്നും വിചാരിക്കരുതു്. ഇനി ഒന്നും പറയുന്നില്ല. നിങ്ങൾ എന്തോ ചിലതു പറവാൻ ഉദ്ദേശിക്കുന്നതുപോലെ തോന്നുന്നുവല്ലോ. മനസ്സിലുള്ളതു പറയണം; കേൾക്കട്ടെ!

മാലതി—ഭാഗ്യഹീനരായ ജനങ്ങൾ തങ്ങളുടെ ദുർവിധിയെ ഓർത്തു പലതും പറയാറുള്ളതു സ്വാഭാവികമാണ്. ഇതു മററാരും ശ്രദ്ധിക്കണമെന്നില്ല. എനിക്കു ചിലതു പറവാനുണ്ടെന്നുള്ളതു വാസ്തവമാണ്. ഇതു പറയുന്നതുകൊണ്ടും പറയാതിരിക്കുന്നതുകൊണ്ടും എനിക്കു കിട്ടാവുന്ന ലാഭം ഒന്നുതന്നെയാണെന്നു് എനിക്കറിയാം. നിങ്ങളുടെ നിർ

ബന്ധം കൊണ്ടു പറയുന്നതാണ്. എനിക്കു പറ വാനുള്ളതു ഞാൻ നിങ്ങളോടല്ലാതെ മററാരോടു പറയേണ്ടു?

പ്രിയംവദ—അതിനാൽ തന്നെയാണു ഞാൻ നിർബ്ബന്ധിക്കുന്നതു്. പ്രിയപ്പെട്ട മിത്രങ്ങൾ തമ്മിൽ വീതിച്ചുതീർന്നാൽ ദുഃഖത്തിൻെറ തീവ്രതയ്ക്കു കുറവു വരുമെന്നല്ലേ വലിയവർ പറയുന്നതു്?

മാലതി—എൻെറ ഈ അവസ്ഥയ്ക്കു കാരണമെന്താണെന്നു ഞാൻ നിന്നോടു പറയേണ്ടതില്ല സഹോദരി, അനാഥയായ നിൻെറ തോഴി നിന്നോടും ഒരു കാര്യം ആവശ്യപ്പെടുന്നു. ഞാൻ ഈ അവസ്ഥയിൽ അധികനാൾ ജീവിച്ചിരിക്കുമെന്നു നീ വിചാരിക്കേണ്ട. ഞാൻ മരിച്ചുപോയാലും നീ എന്നെ മറക്കരുതു്. എൻെറ പ്രാണനെ രക്ഷിച്ച ആ പുണ്യപുരുഷൻെറ മുഖാരവിന്ദം ഇനി എനിക്കു കാണ്മാൻ സാധിക്കുമോ എന്നറിയുന്നില്ല. എൻെറ ഈ ആഗ്രഹം ഫലിക്കാത്തപക്ഷം എനിക്കുവേണ്ടി നിങ്ങൾ അദ്ദേഹത്തെ ഒരുപ്രാവശ്യം കാണണം. എന്നെ ആ മഹാനുഭാവൻ നിർവ്യാജമായി സ്നേഹിക്കുന്നു എന്നു എനിക്കറിയാം. ഞാൻ മരിച്ചു എന്നു കേട്ടാൽ അദ്ദേഹം എന്നെ ഓർത്തു ദുഃഖിച്ചു മനസ്സിനേയും ശരീരത്തേയും ക്ലേശിപ്പിക്കാതിരിക്കണമെന്നും സൽകൃത്യങ്ങൾ ചെയ്യുന്ന വിഷയത്തിൽ അശ്രദ്ധകാണിക്കരുതെന്നും ഞാൻ മരിച്ചുപോയാലും അദ്ദേഹത്തിൻെറ

നേരെയുള്ള എന്റെ സ്നേഹവും കൃതജ്ഞതയും ലോകാവസാനം വരെ നിലനില്ക്കുന്നതാണെന്നും ഞാൻ പറഞ്ഞതായി നിങ്ങൾ അദ്ദേഹത്തോടു പറയണം. എനിക്കു നിന്നോടു ഈ ഒരു അപേക്ഷയേ ഉള്ളു. ഇതിനെ നീ തള്ളിക്കളകയില്ലെങ്കിൽ നിന്റെ സഖി കൃതാൎത്ഥയായി.

പ്രിയംവദ—നിരാശയോടുകൂടിപ്പറയുന്ന നിങ്ങളുടെ ഈ വാക്കുകൾ എന്റെ മൎമ്മങ്ങളിൽ തറയ്ക്കുന്നു. സഖി, പ്രിയംവദയ്ക്കു നിങ്ങളിൽ സ്നേഹമില്ലെന്നാണോ പറയുന്നതു്.

മാലതി—നിങ്ങൾക്കെല്ലാവൎക്കും മാലതിയുടെ ജീവിതത്തിൽ സ്നേഹമുണ്ടെങ്കിലും മാലതിയുടെ നേരെ സ്നേഹമില്ലെന്നുതന്നെ പറയണം. ഞാൻ ഇനി ജീവിച്ചിരിക്കയാണെങ്കിൽ എന്റെ ജീവിതം ദുഃഖബഹുലമായിത്തന്നെ ഇരിക്കുമെന്നതിനു സംശയമില്ല. അതിനാൽ നിങ്ങൾക്കു മാലതിയുടെ നേരെ സ്നേഹമുണ്ടെങ്കിൽ അവൾ ഇനി ജീവിച്ചിരിക്കണമെന്നു നിങ്ങൾ ആശിക്കരുതു്.

പ്രിയംവദ—സഖി, നിങ്ങൾ ദുഃഖിതയാണെന്നു എനിക്കറിവില്ലയോ? ഇത്തരം കഠിനവാക്കുകൾ പറയുന്നതു ദുഃഖത്തിന്റെ അസഹ്യതകൊണ്ടാണെന്നും എനിക്കറിയാം. ഇത്തരം വാക്കുകൾ കേൾപ്പാൻ ഞാൻ ശക്തയല്ല. ഞാൻ നിങ്ങളെപ്പോലെ ഒരു കന്യകയാണു് അബലയാണു്, അസ്വതന്ത്രയുമാണു്. ഞാൻ വിചാരിച്ചാൽ എന്തുചെയ്‌വാൻ

സാധിക്കും. കാരുണികനായ ദൈവം നിങ്ങളെ അനുഗ്രഹിക്കുമെന്നുമാത്രമേ എനിക്കു പറവാനുള്ളൂ. നിങ്ങൾ മരിക്കയാണെങ്കിൽ പ്രിയംവദ ജീവിച്ചിരിക്കുമെന്നു വിചാരിക്കേണ്ട.

മാലതി—നിങ്ങൾ എന്നെ തെററിദ്ധരിക്കരുത്. ഞാൻ പറയുന്നതു കാര്യമല്ലയോ എന്നു നിങ്ങൾ തന്നെ ആലോചിച്ചുനോക്കണം. എനിക്കു നിന്നെ നല്ലപോലെ അറിയാം. നീ എന്റെ യഥാർത്ഥസഖി തന്നെ. നിന്റെ നേരെ എനിക്കു യാതൊരു പരിഭവവുമില്ല, ഞാൻ പറയുന്നതു നീ ശ്രദ്ധിക്കണം. ഞാൻ ഒരു മഹാനുഭാവനെ സ്നേഹിച്ചുപോയി. ഈ ജന്മത്തിൽ ഞാൻ വേറൊരു പുരുഷനെ ഭർത്താവായി സ്വീകരിക്കയില്ലെന്നുള്ളതു നിശ്ചയമാണ്. അതിനാൽ എന്റെ ഈ ശരീരം അന്യാധീനപ്പെടുന്നതിനുമുമ്പ് ഞാൻ പ്രാണത്യാഗം ചെയ്യുന്നതായിരിക്കും എനിക്കു ശ്രേയസ്കരമായ പന്ഥാവ്. എന്നിൽ സ്നേഹമുള്ളവരാരും ഇക്കാര്യത്തിൽ തടസ്സം പറയരുത്. എന്റെ ഈ അപേക്ഷയെ സ്വീകരിക്കുവാൻ ഞാൻ ഇതാ നിങ്ങളുടെ കാൽക്കൽ വീണു നമസ്കരിക്കുന്നു.

എന്നുപറഞ്ഞു മാലതി സഖിയുടെ പാദങ്ങളിൽ വീണു വിമ്മിവിമ്മിക്കരഞ്ഞുതുടങ്ങി, ഉടൻതന്നെ പ്രിയംവദ അടയാളം കൊണ്ടു സുധാകരനെ വിളിച്ചു. സ്നേഹത്തിന്റെ പരമകാഷ്ഠ കണ്ടു് സന്തുഷ്ടനായ സുധാകരൻ താഴത്തിറങ്ങിവന്നു പ്രിയംവദയുടെ സ്ഥാനത്തു

നിന്നു. പ്രിയംവദ പതുക്കെ ഒരുവശത്തേക്കായി മാറിനിന്നു. നിലത്തുപതിഞ്ഞുകിടന്നു കരഞ്ഞുകൊണ്ടിരുന്ന മാലതി ഇതൊന്നുംഅറിഞ്ഞതേ ഇല്ല. 'സഖി, കാൽക്കൽവീണു യാചിച്ചിട്ടുപോലും നീ എന്നെ അനുഗ്രഹിക്കാതിരിക്കുന്നതു് എന്തുകൊണ്ടു?' എന്നു മാലതി ചോദിച്ചതിനു 'നിങ്ങളുടെ ഈ അപേക്ഷ സ്വീകാര്യമല്ല' എന്നുപറഞ്ഞതു സുധാകരനായിരുന്നു. എന്നിട്ടും മാലതിക്കു കാര്യം മനസ്സിലായില്ല. കഷ്ടം! പ്രിയംവദേ; നീ സഖിയുടെ പ്രണാമത്തെപ്പോലും ലംഘിക്കയാണോ' എന്നു മാലതി വീണ്ടും ചോദിച്ചു. "നിങ്ങളുടെ നിശ്ചയം മാററത്തക്കതല്ലെങ്കിൽ എനിക്കുനിങ്ങളോടു യാതൊന്നും പറവാനില്ല നിങ്ങളുടെ മുഖം ഒന്നു കണ്ടാൽക്കൊള്ളാമെന്നുണ്ടു്." എന്നു സുധാകരൻ പറഞ്ഞതു പ്രിയംവദയാണെന്നു വിചാരിച്ചു മാലതി പെട്ടെന്ന് എഴുനേററു സഖിയാണെന്നുള്ള വിചാരത്തിൽ സുധാകരനെ ആലിംഗനം ചെയ്‌വാൻ ഭാവിച്ചപ്പോഴാണു കാര്യം മനസ്സിലായതു്. "പ്രിയംവദയ്ക്കു ഇത്ര സാമർത്ഥ്യമുണ്ടെന്നു ഞാൻ അറിഞ്ഞില്ല" എന്നു പറഞ്ഞു അവൾ ലജ്ജയാൽ തലതാഴ്ത്തിനിന്നു. ഉടൻ തന്നെ മകരന്ദനും വസന്തകനും പ്രിയംവദയും അവിടെ വന്നു. മാലതി സഖിയെ ആക്ഷേപിക്കുന്നമട്ടിൽ ഒന്നു നോക്കി. വീണ്ടും തലതാഴ്ത്തി ഒരുവശം മാറിനിന്നു.

വസന്തകൻ—വധൂവരന്മാരുടെ കൂടിക്കാഴ്ച ഏററവും വിചിത്രംതന്നെ.

പ്രിയംവ  ഇനി കൌതുകമംഗളം നടത്തുവാൻ താമസി ക്കുന്നതെന്തിനു്? ഭഗവതി ഇനിയും വന്നില്ലല്ലോ.

മാലതി—പ്രിയംവദേ, ഔചിത്യം നോക്കാതെ നീ എ ന്തെങ്കിലും പറയുന്നതു നന്നല്ല. നിന്നെ ശാസി ക്കാൻ ഇവിടെ ആരുമില്ലെന്നു വിചാരിച്ചാണോ നീ കന്യകാജനങ്ങൾക്കു യോജിക്കാത്തമട്ടിൽ സം സാരിക്കുന്നതു്. ഭഗവതി ഇവിടെയുണ്ടെങ്കിൽ നീ ഇത്തരത്തിൽ പെരുമാറുമോ?

ഉടനെ കാമന്ദകി വന്നുചേന്നു. മാലതി ഓടിച്ചെ ന്നു കാമന്ദകിയെ വന്ദിച്ചു.

കാമന്ദകി—മാലതിയെ ഹൃദയപൂവ്വം ആശീവ്വ ദിച്ചു.

പ്രിയംവദ—ഭഗവതി, മാലതിയുടെ ശരീരം വിറയ്ക്കുന്നു വല്ലോ. പേടിക്കത്തക്കവണ്ണം ഇവിടെ യാതൊ ന്നുമില്ല. അഥവാ ഉണ്ടെങ്കിൽത്തന്നെ അന്നു ച ണ്ഡികാഗൃഹത്തിൽ വച്ചു സഖിയെ രക്ഷിച്ച സാ ഹസികൻ ഇവിടത്തന്നെയുണ്ടല്ലോ താനും.

വസന്തകൻ—പ്രിയംവദ ഒരു സമത്ഥതന്നെയാണു്. ഇവൾ അനുരാഗത്തേയും ഉപകാരത്തേയും ഒരേ സമയത്തു എത്ര ചമൽക്കാരമായി വർണ്ണിക്കുന്നു.

കാമന്ദകി—സുധാകരാ, എനിക്കു നിന്നോടു ഒരു കായ്യം പറയേണ്ടതായിരിക്കുന്നു.

സുധാകരൻ—ദയവായി ആജ്ഞാപിച്ചാലും.

കാമന്ദ—അമാത്യൻ ഭൂരിവസുവിന്റെ ഏകപുത്രിയായ മാലതിയെ സർവ്വവ്യാപിയായ ദൈവത്തെ സാക്ഷിയായി വച്ചു ഞാൻ നിനക്കായിത്തരുന്നു. യാതൊരു സംശയവും കൂടാതെ നീ ഇവളെ സ്വീകരിക്കണം.

വസന്ത—സുധാകരൻ ഇത്രകാലം ഭഗവതിയെ സേവിച്ചതു് ഇതിനായിട്ടാണല്ലോ. എന്തായാലും സ്നേഹിതൻ ഭാഗ്യവാൻ തന്നെ.

മകരന്ദൻ—എവിടെച്ചെന്നാലും അസംബന്ധം പറയുന്ന സ്വഭാവം വസന്തകനെവിട്ടുമാറുന്നതല്ല.

സുധാ—ഭഗവതി കരയുന്നുവല്ലോ—ഇതെന്താണു്?

വസന്ത—പുത്രിമാരെ വിവാഹം ചെയ്തുകൊടുക്കുന്ന സമയത്തു അമ്മമാർ കരയുന്നതു ഞാൻ എത്രയോ പ്രാവശ്യം കണ്ടിട്ടുണ്ടു്. എനിക്കു് ഇതൊന്നും പുത്തനല്ല. നിങ്ങൾ ഇതേവരെ കല്യാണം കണ്ടിട്ടില്ലാത്തവരെപ്പോലെ സംസാരിക്കുന്നുവല്ലോ.

കാമന്ദകി— സുധാകരാ!

“ഒന്നായും സൗഖ്യദുഃഖങ്ങളിലനുഗുണമാ-
യേതുകാലത്തുമർപ്പൂ-
വിന്നുള്ളാശ്വാസമായും രസമതുജരയാൽ
ഭേദിയാതുള്ളതായും
പിന്നെക്കാലേന തീർന്നാ മറവുകളൊട്ടവിൽ
സ്നേഹസത്തായുമെന്നും
ഭിന്നിക്കാതുള്ള പത്നീപ്രണയമധികപു-
ണ്യത്തിനാലേ ലഭിപ്പൂ”

എന്നിപ്രകാരമാണ ഭാൎയ്യാഭൎത്തൃപ്രേമത്തെ മഹാന്മാർ വൎണ്ണിക്കുന്നതു്. നീ വിവേകിയാണു്; വിദ്വാനാണു്; നിനക്കു എന്നിൽ ഭക്തിയും സ്നേഹവും ഉണ്ടെന്നു ഞാൻ ശരിയായി അറിഞ്ഞിരിക്കുന്നു. നിന്നോടു പ്രത്യേകിച്ചു് ഉപദേശിക്കേണ്ടതായി യാതൊന്നുമില്ല. എങ്കിലും പുത്രീസ്നേഹത്താൽ ഞാൻ ഒന്നു രണ്ടു വാക്കുപറയുന്നതിനെപ്പററി നീ അന്യഥാ വിചാരിക്കയില്ലെന്നു വിശ്വസിക്കുന്നു. നിന്നെപ്പോലുള്ള അഭിജാതന്മാരുടെ സ്നേഹവും പ്രീതിയും എന്നെന്നേയ്ക്കും നിലനിൽക്കുന്നതാണെന്നു എനിക്കറിയാം. നിന്റെ ഉന്നതമായ കുലത്തെയും നിന്നിൽ മാലതിക്കുള്ള അകൃത്രിമപ്രേമത്തേയും ഓൎത്തു നീ ഇവളെ വേണ്ടുംവണ്ണം സ്നേഹിക്കയും മാനിക്കയും ചെയ്യുന്നുവെന്നു ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു. ഇതിലധികമായി എനിക്കു നിന്നോടു യാതൊന്നും പറയേണ്ടതായിട്ടില്ല. പറയാവുന്നതുമല്ല. എന്റെ ഈ അപേക്ഷയെ നീ സ്വീകരിക്കുമാറു് ഞാൻ ഇതാ നിന്റെ പാദങ്ങളെ വന്ദിക്കുന്നു.

സുധാക— സ്നേഹാധിക്യം കൊണ്ടു ഭഗവതി ഗുരുശിഷ്യക്രമത്തെ ലംഘിക്കുന്നതു ഒട്ടും ശരിയല്ല. ഭഗവതിയുടെ ആജ്ഞയെ ശിരസാവഹിപ്പാൻ സന്നദ്ധനായ ശിഷ്യജനത്തോടു ക്രമത്തെ ലംഘിച്ചു ഇപ്രകാരം അപേക്ഷിക്കുന്നതു് എന്റെ അറിവില്ലായ്മയെ സൂചിപ്പിക്കുന്നില്ലയോ എന്നു ഞാൻ ശങ്കിക്കുന്നു.

മകരന്ദൻ—വധുവിന്റെ വിഷയത്തിൽ കുലം, ശീലം, അനുരാഗം, ലാവണ്യം ഈ ഗുണങ്ങളിൽ ഓരോ

ന്നും ഹൃദയാകർഷകമാണ്. ഇവയെല്ലാം സങ്കേതസ്ഥാനമായ സചിവപുത്രി സുധാകരൻെറ സ്നേഹത്തിനും ബഹുമാനത്തിനും വിശ്വാസത്തിനും പാത്രീഭവിക്കാതിരിക്കുമോ?

കാമന്ദ—സുധാകര!

സുധാക—ഭഗവതി ആജ്ഞാപിച്ചാലും.

കാമന്ദ--വത്സേ മാലതി!

മാലതി—അനുഗ്രഹിച്ചാലും.

കാമന്ദ—സ്ത്രീകളുടെ വിഷയത്തിൽ ഭർത്താക്കന്മാർ അവരുടെ പ്രിയപ്പെട്ട മിത്രങ്ങളാണ്, ബന്ധുക്കളുമാണ്. അവരുടെ അമൂല്യമായ നിധിയും ജീവിതം തന്നെയും ഭർത്താക്കന്മാർ തന്നെ. ഇതുപോലെ തന്നെ പുരുഷന്മാരുടെ ബന്ധുക്കളും മിത്രങ്ങളും ഐശ്വര്യവും ജീവിതോപായവും അവരുടെ കളത്രങ്ങളാകുന്നു. ഈ തത്വത്തെ സർവ്വദാ മുൻനിർത്തിക്കൊണ്ടു നിങ്ങൾ ഇരുവരും ജീവിതം നയിക്കുമെങ്കിൽ നിസ്സാരമായ ഈ ലോകത്തിൽ നിങ്ങൾക്കു വലുതായ കഷ്ടങ്ങൾ ഒന്നും അനുഭവിക്കാതെ കഴിക്കാം. ഈ ഒരു തത്വം മാത്രമേ എനിക്കു നിങ്ങളോടു ഉപദേശിപ്പാനുള്ളൂ. നിങ്ങളുടെ ശ്രേയസ്സിനായി ഞാൻ എൻെറ ജീവിതം അവസാനിക്കുന്നതുവരെ ദൈവത്തോടു പ്രാർത്ഥിക്കുന്നതാണ്.

സുധാ—ഭഗവതിയുടെ സാരപൂർണ്ണമായ ഈ ഉപദേശത്തെ ഞാൻ ജീവിതാവസാനംവരെ ഓർത്തുപ്രവർത്തിച്ചുകൊള്ളാമെന്നു സത്യം ചെയ്യുന്നു.

വാസന്ത—ഈ ഗാന്ധർവ്വവിവാഹം കൊണ്ടു സചിവനെ ധർമ്മസങ്കടത്തിൽനിന്നു രക്ഷിപ്പാൻ സാധിക്കുമോ?

കാമന്ദ—ഇതേവരെക്കഴിഞ്ഞതെല്ലാം ഇനി അഭിനയിപ്പാൻ പോകുന്ന കപടനാടകത്തിന്റെ പൂർവ്വരംഗം മാത്രമാകുന്നു. ശരിയായ നാടകം ഇനിയാണു അഭിനയിപ്പാൻ പോകുന്നതു്. ദൈവാനുകൂല്യമുണ്ടെങ്കിൽ കാര്യമെല്ലാം മംഗളമായിത്തന്നെ പരിണമിക്കും,

അരക്ഷിതം തിഷ്ഠതി ദൈവരക്ഷിതം
സുരക്ഷിതം ദൈവഹതം വിനിശ്യതി

എന്നല്ലേ അഭിജ്ഞന്മാർ പറയുന്നതു്? നേരം സന്ധ്യയായിരിക്കുന്നു. മാലതിയെക്കാണാതെ സചിവനും മററും വല്ലാതെ പരിഭ്രമിക്കും. ഇനി ഇവിടെത്താമസിക്കുന്നതു ഉചിതമല്ല. നമ്മൾ എല്ലാവരും ഒന്നിച്ചുപോകുന്നതുകണ്ടാൽ ജനങ്ങൾ പലതും സംശയിക്കും. ഞാനും മാലതിയും പ്രിയംവദയും ആദ്യം പോകാം. നിങ്ങൾ മൂവരും പിന്നാലെ വന്നാൽ മതി. മാലതി വളരെ വേഗം നടന്നില്ലെങ്കിൽ ഇരുട്ടിൽപ്പെട്ടു കുഴങ്ങേണ്ടതായി വരും. ഭഗവതിയെ നല്ലപോലെ പ്രാർത്ഥിക്കുക.

വസന്ത—അമ്പലത്തിൽ പൂജ കേമം തന്നെ. ശാന്തിക്കാരൻ ഇനിയും വന്നിട്ടില്ല.

## അദ്ധ്യായം ൧.

പുത്രിയെ നന്ദനനു വിവാഹം ചെയ്തുകൊടുക്കണമെന്നുള്ള വിചാരം സചിവന് ഉണ്ടായിരുന്നില്ലെന്നും രാജാവിന്റെ അപ്രീതികൂടാതെ കാൎയ്യങ്ങൾ നടന്നാൽ കൊള്ളാമെന്നുണ്ടായിരുന്നുവെന്നും മുൻ അദ്ധ്യായങ്ങളിൽ നിന്നു നമുക്കു മനസ്സിലാക്കാം. മാലതിയുടേയും സുധാകരന്റേയും അന്യോന്യാനുരാഗം പരമകാഷ്ഠയെ പ്രാപിച്ചതും അവർ തമ്മിൽ ഗാന്ധർവവിവാഹം നടന്നതും സചിവനു അറിഞ്ഞുകൂടാ. ഇതെല്ലാം കാൎയ്യം ഫലിക്കുമെന്നുള്ള വിചാരത്തിൽ കാമന്ദകി പ്രയോഗിച്ച തന്ത്രങ്ങളായിരുന്നു. സചിവൻ ആകപ്പാടെ കുഴപ്പത്തിലായിരിക്കയാണ്.

മുൻഅദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങൾ നടന്നു ഒരാഴ്ചയായിരിക്കുന്നു. ഇതിനിടയിൽ കാമന്ദകി ഒരു ദിവസം നന്ദനനെ ചെന്നുകണ്ടു. നന്ദനൻ കാമന്ദകിയെ യഥോചിതം സൽകരിച്ചു് പല കാൎയ്യങ്ങൾ പറഞ്ഞ കൂട്ടത്തിൽ വിവാഹകാൎയ്യത്തെപ്പററിയും പ്രസ്താവിച്ചു.

നന്ദനൻ:— പ്രസ്തുത വിവാഹത്തെപ്പററി ഭഗവതിയുടെ അഭിപ്രായമെന്തെന്നറിഞ്ഞാൽ കൊള്ളാം.

കാമന്ദ:— ഈ വിവാഹം നടക്കുന്നതായാൽ മാലതി ഭാഗ്യവതിയാണെന്നുള്ളതിനു സംശയമില്ല.

നന്ദനൻ:— ഭഗവതി പറയുന്നതിന്റെതാല്പൎയ്യം വിശദമാകുന്നില്ല. സചിവന്റെ പുത്രി എന്നെ ഭൎത്താവായി വരിക്കുമെങ്കിൽ എന്റെ ഭാഗ്യത്തെയല്ലേ പ്രശംസിക്കേണ്ടതു്.?

കാമന്ദകി:—നിങ്ങളേപ്പോലെ അന്തസ്സും സ്ഥാനമാനങ്ങ ളും തികഞ്ഞ ഒരു പുരുഷനെ ഭർത്താവായി കിട്ടുക എന്നതു സാധാരണമല്ല. അതിനാലാണു മാലതിയു ടെ ഭാഗ്യത്തെ ഞാൻ പ്രശംസിച്ചതു്.

നന്ദനൻ:—മാലതിക്കു എന്തു കുറവാണുള്ളതു്.?

കാമന്ദകി:—കുറവൊന്നുമില്ല. എൻെറ അഭിപ്രായം പറ യുന്നതുകൊണ്ടു നിങ്ങൾക്കു അതൃപ്തിയോ നീരസമോ തോന്നുകയില്ലെങ്കിൽ ഞാൻ ചിലതു പറയാം.

നന്ദനൻ:—വിഷയബന്ധങ്ങളെല്ലാം വെടിഞ്ഞു രാഗദ്വേ ഷാദിദോഷങ്ങൾ കൂടാതെ ഭിക്ഷാന്നംകൊണ്ടുമാത്രം ജീവസന്ധാരണംചെയ്യുന്ന ഭഗവതിയുടെ നിഷ്പ ക്ഷമായ അഭിപ്രായങ്ങളെ ആരെങ്കിലും സ്വീകരി ക്കാതിരിക്കുമോ?

കാമന്ദ:—വിവാഹം എന്നാൽ എന്തെന്നറിയാത്ത കന്യക മാരെ ബാല്യദശയിൽതന്നെ പിതൃജനങ്ങൾ സ്വേ ച്ഛാനുസാരേണ വിവാഹം ചെയ്തു കൊടുക്കു നിമിത്തം പലരുടേയും ഭാര്യാഭർത്തൃജീവിതം ദുഃഖ ബഹുലമായിത്തീരുന്നു എന്നതു നാം കണ്ടുപോരുന്ന ഒരു സംഭവമാണു്. ഇക്കാരണത്താൽ തന്നെയാണു് പുത്രിമാർ യൗവനാവസ്ഥയെ പ്രാപിക്കുന്നതുവരെ അവരെ വിവാഹം ചെയ്തുകൊടുക്കുന്നതു ആശാ സ്യമല്ലെന്നു ചിലർ അഭിപ്രായപ്പെടുന്നതു്.

നന്ദനൻ:—എൻെറ അഭിപ്രായവും ഇതു തന്നെയാണു്. ഈ വിഷയത്തിൽ എന്തെങ്കിലും ഒരു വ്യവസ്ഥചെ യ്വാനുള്ള കാലം അതിക്രമിച്ചിരിക്കുന്നു. ജനങ്ങ

ളുടെ ഇടയിൽ നടപ്പുള്ള ആചാരങ്ങളിൽ ആശാസ്യ മല്ലെന്നു തോന്നുന്ന ചിലതിനെ ജനങ്ങളുടെ നന്മ ക്കായി മാററുന്നതു അത്യാവശ്യം തന്നെ.

കാമന്ദ:—നടപ്പിലുള്ള സമ്പ്രദായങ്ങളിൽ മാററം വരുത്തുന്നതെല്ലാം പരിഷ്കാരമാണെന്നു വിചാരിക്കുന്നതും ശരിയല്ല. ഉദ്ദേശ്യത്തിൽ നിന്നു ഫലത്തെ നിർണ്ണയിക്കാവുന്നതല്ല. രാജ്യത്തിൽ എന്തെങ്കിലും പരിഷ്ക്കാരം വരുത്തുന്നതിനു മുമ്പായി അതുകൊണ്ടുണ്ടാകാവുന്ന ഗുണങ്ങളേയും ദോഷങ്ങളെയും നല്ലപോലെ ആലോചിക്കേണ്ടതുണ്ടു്. വല്ലതും ചെയ്യേണമെന്നുള്ള ആദർശത്തെ പുരസ്കരിച്ചു് ചെയ്യുന്നതെല്ലാം പരിഷ്ക്കാരമാവുന്നതല്ല. നിങ്ങൾ പറയുന്നതുപോലെ വിവാഹവിഷയത്തിൽ പെട്ടെന്നു ഒരു വ്യവസ്ഥ ഏർപ്പെടുത്തുക എന്നതും സാദ്ധ്യമല്ല. കന്യകമാരെ ബാല്യത്തിൽതന്നെ വിവാഹംചെയ്തുകൊടുക്കുന്ന വിഷയത്തിൽ ചില ദോഷമുണ്ടെന്നുള്ളതു് യഥാർത്ഥമാണു്. ഇതുപോലെ പുത്രിമാർ യൗവനാവസ്ഥയെ പ്രാപിക്കുന്നതുവരെ അവരെ വിവാഹംചെയ്തുകൊടുക്കാതിരിക്കുന്നതുകൊണ്ടും ചില ദോഷങ്ങൾ സംഭവിക്കുന്നതും സംഭവിക്കാവുന്നതുമാണു്. കുലം, ശീലം, മാനം, മയ്യാദ ഇവയെ എല്ലാം അവഗണിച്ചു് പിതൃജനങ്ങളുടെ ശാസനങ്ങളെ അതിക്രമിച്ചു് തങ്ങളുടെ ശ്രേയസ്സിനെ ഗണിക്കാതെ ചില യുവതിമാർ താൽക്കാലികങ്ങളായ ചില കാരണങ്ങളെ മാത്രം ആസ്പദമാക്കി സ്വയം ഭർത്താക്കന്മാരെ സ്വീകരിക്കുന്നതുകൊണ്ടു് പിന്നീടു പശ്ചാത്തപിക്കയും തങ്ങളുടെ അവിവേകത്തെ നിന്ദിക്കയും ചെയ്യുന്നതായി പല അനുഭവങ്ങളുമുണ്ടു്. അ

തിനാൽ രണ്ടു പക്ഷങ്ങളിൽ ഏതാണു സ്വീകാര്യമെന്നു പറയുന്നതു സുകരമല്ല. ഇതിൽ പെട്ടെന്നു ഒരു വ്യവസ്ഥ ചെയ്യുന്നതും സാദ്ധ്യമല്ല.

നന്ദനൻ:—സാമുദായികങ്ങളായ വിഷയങ്ങളെപ്പററി ഭഗവതി ഈ സന്ദർഭത്തിൽ സ്വാഭിപ്രായം പറയുന്നതിൻെറ ഉദ്ദേശ്യമെന്തെന്നു മനസ്സിലാകുന്നില്ല. ഒരു പരിഷ്കാരം നാട്ടിൽ വരുത്തുന്നതുകൊണ്ടു് ജനങ്ങളുടെ ശ്രേയസ്സ് വർദ്ധിക്കുന്നില്ലെങ്കിൽ അതു് യഥാർത്ഥത്തിൽ പരിഷ്കാരമല്ലെന്നുള്ള ഭഗവതിയുടെ അഭിപ്രായത്തോടു കൂടി ഞാൻ സർവഥാ യോജിക്കുന്നു.

കാമന്ദകി:—നിങ്ങൾ ആലോചിക്കുന്ന വിവാഹത്തേപ്പററി എനിക്കു് ഒന്നുരണ്ടുവാക്കു പറയേണ്ടതുണ്ടു്. അതിനേപ്പററി അന്യഥാ ഒന്നും വിചാരിക്കരുതു്, സചിവനേപ്പററി ആർക്കും രണ്ടഭിപ്രായം ഉണ്ടായിരിപ്പാൻ തരമില്ല. അദ്ദേഹം ഒരു വിദ്വാനാണു്, മാനിയാണു്, രാജ്യതന്ത്രനിപുണനുമാണു്. അദ്ദേഹത്തിൻെറ പുത്രി ഒരു സുന്ദരിതന്നെയാണു്. എന്നാൽ അവൾ വിദേശത്തിൽനിന്നു് ഇവിടെവന്നുതാമസിക്കുന്ന ഒരു യുവാവിൽ അനുരക്തയാണെന്നു ഞാൻ അറിയുന്നു. ഇതു വാസ്തവമാണെന്നാണു് എൻെറ വിശ്വാസം. സചിവനു് ഈക്കാര്യം യാതൊന്നുമറിഞ്ഞുകൂടാ. ഞാൻ സചിവൻെറ ഗൃഹത്തിൽ ചിലപ്പോൾ പോകാറുണ്ടു്. ഞാൻ കേട്ട വത്തമാനം അദ്ദേഹത്തോടു പറവാൻ എനിക്കു ധൈര്യമുണ്ടായില്ല നിങ്ങളോടു് ഈക്കാര്യം പറവാനായി ഞാൻ

വന്നതല്ല. വിവാഹകാൎയ്യത്തെപ്പററി നിങ്ങൾതന്നെ ഞാൻ ചിലതു പ്രസ്താവിച്ചതിനാൽ ഞാൻ രണ്ടുവാക്കു പറഞ്ഞുപോയതാണു്. അന്യ പുരുഷനിൽ അനുരക്തയായ ഒരു സ്ത്രീയെ വിവാഹം ചെയ്യുന്നതു നിങ്ങൾക്കു് ശ്രേയസ്കരമാണോ എന്നു നിങ്ങൾതന്നെ ആലോചിച്ചു തീർച്ചയാക്കേണ്ടതാണു്. എനിക്കു് ഇതിൽ യാതൊരു അഭിപ്രായവുമില്ല.

നന്ദനൻ—സചിവൻ അന്നൊരുദിവസം ഇവിടെ വന്നിരുന്നപ്പോൾ വിവാഹം താമസിയാതെ നടത്തണമെന്നല്ലേ രാജാവിനോടും എന്നോടും പറഞ്ഞതു്.

കാമന്ദ—ഞാൻ രണ്ടുദിവസം മുൻപു സചിവന്റെ ഗൃഹത്തിൽ പോയിരുന്നു. അദ്ദേഹം എന്നോടും ഈ അഭിപ്രായം പറയുകയുണ്ടായി. ഞാൻ ഒന്നും തന്നെ പറഞ്ഞില്ല. അദ്ദേഹം വിവാഹത്തിനു വേണ്ട ഒരുക്കങ്ങൾ പോലും ചിലതു ആരംഭിച്ചിരിക്കുന്നതായി ഞാൻ അറിയുന്നു

നന്ദനൻ—എന്നാൽ ഞാൻ നാളയോ മറേറാ സചിവനെ നേരിട്ടു കണ്ടു കാൎയ്യങ്ങൾ ഏതെങ്കിലും തരത്തിൽ തീർച്ചപ്പെടുത്തിക്കളയാം. വെറുതെ എന്തിനു താമസിക്കുന്നു.

കാമന്ദ—ദയവായി ഞാൻ പറഞ്ഞതൊന്നും നിങ്ങൾ അവിടെ പ്രസ്താവിക്കരുതു്. ഞാൻ കേട്ടതു പറഞ്ഞുവെന്നല്ലാതെ എനിക്കു തെളിവുകളൊന്നുമില്ല. എന്നെ കുററപ്പെടുത്തരുതു്.

നന്ദനൻ—ഞാൻ യാതൊന്നും പ്രസ്താവിക്കയില്ല. ഭഗവതിയെ കുററപ്പെടുത്തുകയുമില്ല. സചിവന്റെ പുത്രി

യുമായി നേരിട്ടു കുറച്ചുനേരം സംഭാഷണം ചെയ്യാമെങ്കിൽ അവളുടെ മനഃസ്ഥിതി ഏറക്കുറെ മനസ്സിലാക്കാം. പിന്നീട്ട ഉചിതംപോലെ എന്തെങ്കിലും പ്രവൎത്തിക്കാം.

കാമന്ദകി നന്ദനനോട്ടു യാത്രപറഞ്ഞു പിരിഞ്ഞു. വിവാഹത്തെപ്പററി എന്തെങ്കിലും ഒരു വ്യവസ്ഥ ചെയ്തു ദിവസം നിശ്ചയിക്കുന്നതിലേക്കു താൻ സചിവനെ നേരിട്ടുചെന്നു കാണുന്നുണ്ടെന്നു നന്ദനൻ സചിവന്നു ഒരു എഴുത്തു അയച്ചു. പിറേറദിവസം വൈകുന്നേരം നന്ദനൻ സചിവൻെറ ഗൃഹത്തിലേക്കു പുറപ്പെട്ടു. കൂടെ മൃണാളിനിയും ഒന്നുരണ്ടു ഭൃത്യന്മാരും ഉണ്ടായിരുന്നു. നന്ദനനെ യഥോചിതം സൽക്കരിപ്പാൻവേണ്ട ഒരുക്കങ്ങളെല്ലാം സചിവൻ ചെയ്തിരുന്നു. നന്ദനൻ സന്ധ്യയോടുകൂടി സചിവൻെറ ഗൃഹത്തിൽ ചെന്നു. അവിടത്തെ സൽക്കാരങ്ങൾ കണ്ടു വളരെ തൃപ്തിപ്പെട്ടു. രാജ്യകാൎയ്യങ്ങളെപ്പററി കുറേനേരം സംസാരിച്ചുകൊണ്ടിരുന്നു. ഊണിന്നു കാലമായി. ഊണുകഴിഞ്ഞു സ്വല്പനേരം വിശ്രമിച്ചു. തനിക്കു രാത്രിതന്നെ തിരികെപ്പോകണമെന്നും വിരോധമില്ലെങ്കിൽ മാലതിയെ നേരിട്ടുകണ്ടു രണ്ടുവാക്കു സംസാരിച്ചാൽ കൊള്ളാമെന്നും നന്ദനൻ പറഞ്ഞു. സചിവൻെറ സമ്മതത്തോടെ നന്ദനൻ മാളികയിൽ കയറിച്ചെന്നു. മാലതി പ്രിയംവദയോടുകൂടി അവിടെ ഇരിക്കുന്നതുകണ്ടു. നന്ദനനെ കണ്ടഉടനെ പ്രിയംവദ ഒരു വശത്തേക്കു മാറിനിന്നു. മാലതിയുടെ മുഖത്തിൽ അല്പം ഭാവഭേദം ഉണ്ടായതു നന്ദനൻ സൂക്ഷിച്ചുനോക്കാതിരുന്നില്ല. ചില സംശയങ്ങളെ മനസ്സിൽവച്ചുകൊണ്ടു സംസാരിച്ചതിനാൽ മാലതിയുടെ വാക്കുകളെല്ലാം തൻെറ സംശയത്തിന്നു അനുകൂലമായിത്തു

ന്നെ നന്ദനൻ വ്യാഖ്യാനിച്ചു. ആകപ്പാടെ നന്ദനനു വല്ലാത്ത ഒരു അതൃപ്തിയാണു ഉണ്ടായതു്. പിന്നീടു അവിടെ അധികം താമസിച്ചില്ല. താഴെ ഇറങ്ങിവന്നു തൽക്കാലം തന്റെ നീരസമൊന്നും പ്രകാശിപ്പിക്കാതെ സചിവനോടു യാത്ര പറഞ്ഞു തിരികെപ്പോയി. രാത്രിസമയത്തു മൃണാളിനിയെക്കൊണ്ടുപോകണ്ട എന്നു സചിവൻ അഭിപ്രായപ്പെട്ടതിനു നന്ദനൻ തടസ്സമായി യാതൊന്നും പറഞ്ഞില്ല.

പിറേറദിവസം കാലത്തു് മൃണാളിനി വീട്ടിലേക്കു പോകുവാനായിപ്പുറപ്പെട്ടപ്പോൾ തോഴിമാർ തടഞ്ഞു. അന്നു അവിടെ താമസിക്കണമെന്നും അടുത്ത ദിവസം പോയാൽ മതിഎന്നും അവർ നിർബന്ധിച്ചു. ബുദ്ധരക്ഷിതയും അവിടെ വന്നുചേൎന്നു. മൃണാളിനിയെ ഒന്നു കളിപ്പിക്കണമെന്നു് തോഴിമാർ കാലേക്കൂട്ടിത്തന്നെ ആലോചിച്ചു തീർച്ചപ്പെടുത്തിയിരിക്കയാണു്. ഉച്ചയ്ക്കു് ഊണുകഴിഞ്ഞു് എല്ലാവരുംകൂടി ബുദ്ധരക്ഷിതയുടെ ഗൃഹത്തിലേയ്ക്കു പുറപ്പെട്ടു.

ബുദ്ധരക്ഷിതയെപ്പററി വായനക്കാർ അല്പം അറിഞ്ഞിരിക്കേണ്ടതു് അത്യാവശ്യമാണു്. ഇവർ ഒരു പ്രഭുവിന്റെ പുത്രിയാണു്. ഇവരുടെ അച്ഛനും അമ്മയും ചെറുപ്രായത്തിൽതന്നെ മരിച്ചുപോയി. ബുദ്ധരക്ഷിതയെ അനുരൂപനായ ഒരു വരനു് അവളുടെ അച്ഛൻ വിവാഹംചെയ്തുകൊടുത്തു. അവൾക്കു് ഒരു പുത്രൻ ജനിച്ചു. നിർഭാഗ്യവശാൽ അവളുടെ ഭർത്താവു് ഒരു രോഗത്തിൽ പെട്ടു മരിച്ചുപോയി. അന്നുമുതൽ അവർ ലൗകികങ്ങളായ വിഷയങ്ങളിൽ യാതൊരു ആസക്തിയും വയ്ക്കാതെജീ

വിതം നയിച്ചുവരികയാണു്. അവളുടെ പുത്രനു് ഇപ്പോ ൾ പതിന്നാലുവയസ്സു പ്രായം കാണും. അയാൾ ഗുരുഗൃ ഹത്തിൽ തന്നെ താമസിച്ചു് വിദ്യ അഭ്യസിക്കയാണു്. ബുദ്ധരക്ഷിതയും ഒരു ഭൃത്യയും മാത്രമെ ഗൃഹത്തിലുള്ളു. ഒഴിവുസമയങ്ങളിൽ ഇവർ സചിവന്റെ ഗൃഹത്തിൽചെ ന്നു് മാലതിയുമായി സംസാരിച്ചുകൊണ്ടിരിക്ക പതിവാ ണു്. മൃണാളിനി സചിവന്റെ ഗൃഹത്തിൽ പലപ്പോ ഴും വരാറുള്ളതിനാൽ കാലക്രമത്തിൽ അവളും ബുദ്ധരക്ഷി തയുടെ സ്നേഹഭാജനമായിത്തീൎന്നു. കാമന്ദകിയുടെ ഒരു ശിഷ്യയെന്ന നിലയിൽ ജീവിതം നയിക്കുന്നതിനാൽബുദ്ധ രക്ഷിതയ്ക്കു് സുധാകരനും മകരന്ദനുമായി പരിചയപ്പെടു വാൻ ഇടയായി എന്നു മാത്രമല്ല കാമന്ദകിയുടെ നിർദ്ദേശ പ്രകാരം ഇവർ മൃണാളിനിയെ മകരന്ദനുമായി വിവാഹ ബന്ധംമൂലം സംഘടിപ്പിക്കുന്ന വിഷയത്തിൽ പരോക്ഷമാ യി യത്നിച്ചുകൊണ്ടുമിരുന്നു. ബുദ്ധരക്ഷിത മാലതി മുത ലായവരോടുകൂടി ഗൃഹത്തിൽ എത്തുന്നതിനുമുമ്പായി മക രന്ദൻ പൂർവനിശ്ചയപ്രകാരം അവിടെ വന്നു് ഒളിച്ചിരിക്കു ന്നായിരുന്നു. ബുദ്ധരക്ഷിത തനിച്ചു് അകത്തുപോയിമക രന്ദനോടുമൂടിപ്പുതച്ചു് ഒരു കട്ടിലിന്മേൽ കിടക്കുവാൻ ശട്ടംകെട്ടി പുറത്തുവന്നു. എല്ലാവരുംകൂടി സംസാരിച്ചുകൊ ണ്ടിരുന്നതിനിടയിൽ മാലതിയും പ്രിയംവദയും കാര്യാന്തര വ്യാജേന അകത്തുപോയി. ബുദ്ധരക്ഷിത മൃണാളിനിയു മായി സംസാരിച്ചുകൊണ്ടിരുന്നു. കുറെ കഴിഞ്ഞപ്പോൾ പ്രിയംവദ പുറത്തുവന്നു മാലതിയ്ക്കു തലവേദനയാണെന്നും കിടന്നുറങ്ങുകയാണെന്നും പറഞ്ഞു. ഉടൻതന്നെ പ്രിയം വദയും മൃണാളിനിയും ബുദ്ധരക്ഷിതയും മകരന്ദൻ കിടന്നി രുന്ന സ്ഥലത്തെത്തി. ഉറക്കത്തിൽ മാലതിയെ ഉപദ്ര

വിക്കേണ്ടെന്നു പ്രിയംവദാരക്ഷിത പറഞ്ഞതനുസരിച്ച് എല്ലാവരും അടുത്തുള്ള ഒരു മുറിയിൽ ചെന്നിരുന്നു സംഭാഷണം തുടങ്ങി. മാലതി മറെറാരു മുറിയിൽ ഏകാകിനിയായി ഒളിച്ചിരിക്കുകയായിരുന്നു.

മൃണാളിനി---പ്രിയംവദേ, എൻെറ ജ്യേഷ്ഠൻ ഇന്നലെ നല്ല രസമില്ലാതെയാണ് പിരിഞ്ഞതെന്നു് എനിക്കു തോന്നി. നിങ്ങൾ മാലതിയുടെകൂടെ ഉണ്ടായിരുന്നുവല്ലോ. ഇതു വാസ്തവമാണെങ്കിൽ നീ എന്നോടു പറയാഞ്ഞതെന്തുകൊണ്ട്?

പ്രിയംവദ—ഞാൻ മാലതിയുടെകൂടെ ഉണ്ടായിരുന്നുവെന്നുള്ളതു വാസ്തവമാണ്. നിങ്ങളുടെ ജ്യേഷ്ഠൻ തരക്കേടു വല്ലതും ഉണ്ടായിട്ടുണ്ടെങ്കിൽ അതിനു കാരണം എനിക്കറിവില്ല.

മൃണാളിനി—കഷ്ടം! മാലതി എന്തൊരു അവിവേകമാണു കാണിച്ചതു്. സ്ത്രീകൾക്കു—വിശേഷിച്ചു കന്യകാജനങ്ങൾക്കു അടക്കവും ഒതുക്കവും വേണ്ടതല്ലേ? തങ്ങൾക്കും പുരുഷന്മാരെപ്പോലെ സ്വാതന്ത്ര്യമുണ്ടെന്നു കരുതി സ്ത്രീകൾ പുരുഷന്മാരോടു ഒപ്പത്തിനൊപ്പം സംസാരിക്കുന്നതു ഭൂഷണമല്ലെന്നാണ് എൻെറ അഭിപ്രായം. മാലതി ഇത്തരം അവിനയം ഇതേവരെ കാണിച്ചിട്ടുള്ളതായി എനിക്കറിവില്ല.

പ്രിയംവ—നിങ്ങൾ പറയുന്നതുപോലെയും വിചാരിക്കുന്നതുപോലെയും മാലതി യാതൊന്നും പ്രവൎത്തിച്ചിട്ടില്ല. ആ സമയത്തു അവളുടെ മനസ്സിനു സ്വാസ്ഥ്യമുണ്ടായിരുന്നില്ല എന്നു് എനിക്കറിയാം. ഇതു ഒരു കുററമാണോ?

മൃണാളി—സന്തോഷിക്കേണ്ടസമയത്തു ഇവർ ദുഃഖിക്കുന്നതിന്റെ കാരണമെന്തു്.?

പ്രിയംവ—എനിക്കും ഈ കാരണം അറിയണമെന്നുണ്ടു്. നിങ്ങളുടെ ജ്യേഷ്ഠൻ ഞാൻ മനസ്സിലാക്കിയേടത്തോളം ഒരു സുന്ദരനാണു്,മധുരമായി സംസാരിക്കുന്നു, കോപമില്ല, കലകൾ അഭ്യസിച്ചിട്ടുണ്ടു്. എല്ലാററിനുംപുറമെ നവവധുക്കളെ വശീകരിപ്പാൻവേണ്ട ഉപായങ്ങളുമറിയാം. ഈ ഗുണങ്ങളെല്ലാം തികഞ്ഞ ഒരു പുരുഷനെ ഭർത്താവായി ലഭിക്കുമ്പോൾ സന്തോഷത്തിനാണു അവകാശമുള്ളതു്.

മൃണാളി—നിന്റെ ഈ വാക്കു പരിഹാസമാണെന്നു ആരെങ്കിലും വിളിച്ചുപറയേണ്ടതുണ്ടോ.?

ബുദ്ധരക്ഷിത—കുമാരിജനങ്ങളിൽ സഹജമായി കാണുന്ന ലജ്ജനിമിത്തം മാലതി നിന്റെജ്യേഷ്ഠനെ വാക്കുകൊണ്ടു യഥോചിതം ബഹുമാനിച്ചില്ലായിരിക്കുമോ?

പ്രിയംവ—പുരുഷന്മാർ കുലകന്യകമാരെ വിവാഹം ചെയ്യുക സാധാരണമാണു്. ലജ്ജാപരാധീനയും മുഗ്ദ്ധയുമായ ഒരു കന്യകയെ തനിയ്ക്കു എന്തുംചെയ്യാമെന്നുവിചാരിച്ചു് ഒരു പുരുഷൻ ആക്ഷേപിക്കുന്നതു ശരിയാണോ.? ചില പുരുഷന്മാരുടെ ഭാര്യമാർ ദുഃഖിതരായിത്തീരുന്നു, ഭർത്തൃഗൃഹവാസത്തെത്തന്നെ വെറുക്കുന്നു; ഇത്തരം ദുഃഖിതരായ പുത്രിമാരെക്കണ്ടു അമ്മമാർ സ്ത്രീ ജന്മത്തെത്തന്നെ നിന്ദിച്ചുപോകുന്നു.

മൃണാളി—പ്രിയംവദയുടെ ഹൃദയം വല്ലാതെ ക്ഷോഭിച്ചിരിക്കുന്നു. എന്റെ ജ്യേഷ്ഠൻവല്ലഅപരാധവും ചെ

സ്ഥിരിക്കുമെന്നതന്നെ ഞാൻ സംശയിക്കുന്നു. ജ്യേഷ്ഠൻ സ്വതേ ഒരു കോപിയാണെന്നു എനിക്കറിയാം.

പ്രിയംവ—-വിവേകമുള്ള ഒരു പുരുഷൻ കുലീനയായ ഒരു കന്യകയെനോക്കി 'നീ ഒരു കുമാരബന്ധകി'യാണെന്നു പറഞ്ഞിട്ടുള്ളതായി നിങ്ങൾ ആരെങ്കിലും കേട്ടിട്ടുണ്ടോ.

ബുദ്ധര—ശാന്തംപാപം, ശാന്തംപാപം.!

മൃണാളി—എൻെറജ്യേഷ്ഠൻ അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ അതു വലുതായ ഒരു അപരാധംതന്നെ. ഇതു പരമാർത്ഥമാണെങ്കിൽ ഞാൻ മാലതിയുടെ മുഖം ഇനി എങ്ങനെ നോക്കും.? ഞാൻ ഒരു കാൎയ്യം പറയുന്നതുകൊണ്ടു ജ്യേഷ്ഠൻെറ പക്ഷം പിടിച്ചു സംസാരിക്കയാണെന്നു നിങ്ങൾ വിചാരിക്കരുതു്. ജ്യേഷ്ഠൻെറ കുററം ഞാൻ സമ്മതിച്ചിരിക്കുന്നു.

പ്രിയംവ—നിനക്കു പറവാനുള്ളതു പറയുകതന്നെവേണം.

മൃണാളി—സ്ത്രീകൾക്കു തങ്ങളുടെ ഭൎത്താക്കന്മാർ പ്രത്യക്ഷദൈവമാണെന്നും അവരുടെ ചിത്തത്തെ ആരാധിക്കുന്നതു തങ്ങളുടെ ധർമ്മമാണെന്നും സ്ത്രീകൾ അറിഞ്ഞിരിക്കേണ്ടതല്ലേ?

പ്രിയംവ—ഒന്നാമതു മാലതിയുടെ ഭൎത്തൃസ്ഥാനം നിങ്ങളുടെ ജ്യേഷ്ഠന്നു സിദ്ധിച്ചിട്ടില്ല. ഇപ്പോൾതന്നെ ഇത്തരം സ്വാതന്ത്ര്യം പ്രയോഗിക്കുന്നതായാൽ മേലിൽ എന്തുമാത്രം സ്വാതന്ത്ര്യം പ്രയോഗിക്കുമെന്നു അറിയുന്നില്ല. സ്ത്രീകളെ പുരുഷന്മാർ മനുഷ്യരായി

ഗണിക്കേണ്ട ആവശ്യംതന്നെയില്ലെന്നാണോ നീ വി ചാരിക്കുന്നതു്. നീ പക്ഷം പിടിച്ചു സംസാരിക്കയാണോ അല്ലയോ എന്നു നിനക്കു നല്ലപോലെ അറിയാമല്ലോ.

മൃണാളി—ജ്യേഷ്ഠൻ പറഞ്ഞതു ശരിയായി കേൾക്കയാണെങ്കിൽ മാലതി വല്ലതും തെററിദ്ധരിച്ചതായിരിക്കുമോ.?

പ്രിയംവ—മാലതിയ്ക്കു മനസ്സില്ലെന്നുവന്നു. അവൾ ഒരു ബധിരയായും തീൎന്നുവോ.?

മൃണാളി - മാലതിയ്ക്കു സുധാകരനിൽ അനുരാഗമുണ്ടെന്നുള്ളതു ഞാനും അറിയുന്ന ഒരു കാൎയ്യമാണ്. ഇക്കാരണത്താൽ ജ്യേഷ്ഠനെ കുററപ്പെടുത്തുന്നതാണെങ്കിൽ അതു വലുതായ ഒരുദോഷംതന്നെയാണ്.

പ്രിയംവ—അസംബന്ധം പറയുന്ന നിന്നോടു സംസാരിപ്പാൻ എനിക്കു ഇഷ്ടമില്ല.

മൃണാളി—വാസ്തവം എന്തിനു മറയ്ക്കുന്നു.? മാലതിയുടെ ജീവിതം സുധാകരനെയാണു ആശ്രയിച്ചിരിക്കുന്നതു്. അന്നൊരുദിവസം വസന്തോത്സവം കാണ്മാൻ നമ്മൾ എല്ലാവരുംപോയി തിരികെ വരുന്നസമയം മാലതിയും സുധാകരനും അന്യോന്യം നോക്കിയതും മററും നാം കണ്ടില്ലേ.? കൂടാതെ എൻെറ ജ്യേഷ്ഠനു മാലതിയെക്കൊടുപ്പാൻപോകുന്നു എന്ന വൎത്തമാനം കേട്ടപ്പോൾ അവളുടെ മുഖം വാടിയ ചെന്താമരപ്പൂപോലെ നിഷ്പ്രഭമായിത്തീൎന്നതും നാം കണ്ടില്ലേ.? ഇതെല്ലാററിനും പുറമെ അന്നു എൻെറ ജീവനെ രക്ഷിച്ച ആ മഹാനുഭാവൻ മോഹാലസ്യത്തിൽനിന്നു ഉണൎന്നപ്പോൾ ഏതോ ഒരു വ്യാജം പ്രമാണിച്ചു് സുധാകരൻ തൻെറ ഹൃദയത്തേയും ജീവിതത്തെത്തന്നെയും മാലതിയ്ക്കു പാരിതോഷികമായി കൊടു

ത്തതും ഈ പ്രസാദം തോഴിക്കു വളരെപതഥ്യമാണു്
എന്നു നിങ്ങൾ പറഞ്ഞതും വിസ്മരിച്ചുപോയോ.?

പ്രിയംവ — നിങ്ങളെ രക്ഷിച്ച ആ മഹാനുഭാവന്റെ പേർ
ഞാൻ മറന്നുപോയി. നിങ്ങൾ ഓർക്കുന്നുണ്ടോ.?

മൃണാളി — ദുഷ്ടമൃഗത്തിന്റെ വായിൽപെട്ടു രക്ഷയില്ലാ
തെ നിലവിളിച്ചുകൊണ്ടിരുന്ന എന്നെ രക്ഷിച്ച ആ
മഹാത്മാവിനെ — നിഷ്കാരണബന്ധുവായ ആ പു
ണ്യപുരുഷന്റെസുന്ദരസ്വരൂപത്തെ ഞാൻ വിസ്മ
രിക്കാമോ.? പുലിയുടെകൂടിയേററു ശരീരംരക്തത്തിൽ
പുരണ്ടിട്ടുപോലും കരുണാപൂർണ്ണമായ മനസ്സോടുകൂ
ടി ആ ദുഷ്ടമൃഗത്തെ കൊന്നു എനിക്കുവേണ്ടി അ
ത്രയും വേദനയനുഭവിച്ച ആ പുരുഷവീരനെ ഞാൻ
വിസ്മരിക്കുന്നതായാൽ എന്നെക്കാൾ വലിയ നൃശം
സകൾ ഈ ലോകത്തിൽ ഉണ്ടായിരിക്കയില്ല.

പ്രിയംവ — അദ്ദേഹത്തിന്റെ പേർ ഞാൻ ഇപ്പോൾ ഓ
ർക്കുന്നു. മകരന്ദൻ എന്നാണു് അല്ലേ?

മൃണാളി — എന്തു്? എന്തു്? ഒരിക്കൽക്കൂടി പറയൂ

പ്രിയംവ — മകരന്ദൻ. മതിയോ? ഇനിയുംപറയേണമോ?

മൃണാളി — എന്നെ ആരും പരിഹസിക്കരുതു്. കാല
ന്റെ വായിൽനിന്നു് ബലാൽക്കാരേണ വലിച്ചെടു
ത്തു എന്നെ രക്ഷിച്ച ആ മഹാത്മാവിന്റെ പേർ
കേൾക്കുന്നതുപോലും എനിക്കു് അവർണ്ണനീയമായ
ആനന്ദം നൽകുന്നു.

ബുദ്ധരക്ഷിത- അന്നു് അദ്ദേഹം ബോധംകെട്ടു കിടന്ന
പ്പോൾ മൃണാളിനി എത്രമാത്രം പരിഭ്രമിച്ചുവെന്നും
ഏതെല്ലാംതരത്തിൽ ബുദ്ധിമുട്ടി എന്നും ഞങ്ങൾ ന
ല്ലപോലെ ഓർക്കുന്നുണ്ടു്.

മൃണാളി—നിങ്ങൾ പരിഹസിക്കയാണെന്നു തോന്നുന്നു?

ബുദ്ധരക്ഷിത—ഇതിൽ എന്താണു പരിഹാസമുള്ളതു്? ആ സമയത്തു നിൻെറ ശരീരത്തിൽ വിയർപ്പുതുള്ളികൾ പൊടിഞ്ഞതു ഞാൻ കണ്ടു. നിൻെറ മനസ്സ് അദ്ദേഹത്തെ സ്നേഹിക്കുന്നുവോ ഇല്ലയോ എന്നു് എനിക്കറിഞ്ഞുകൂടാ. നിൻെറ ശരീരം അദ്ദേഹത്തെ സ്നേഹിക്കുന്നുവെന്നാണു് ഞാൻ അപ്പോൾ മനസ്സിലാക്കിയതു്.

പ്രിയംവ—മററുള്ളവക്കു് ഒന്നും അറിവില്ലെന്നു് എന്തിനു വിചാരിക്കുന്നു. ഞങ്ങൾക്കും ചിലതെല്ലാം അറിയും. പരമാർത്ഥം മറച്ചു ഞങ്ങളെ പററിക്കാമെന്നു നീ വിചാരിക്കേണ്ട. നിൻെറ ഈ സാമത്ഥ്യം ഇവിടെ ചെലവാകുന്നതല്ല.

ബുദ്ധര--പ്രിയംവദ പറയുന്നതു ശരിയാണു്.

മൃണാളി-ഞാൻ എന്തു ചെയ്യണമെന്നാണു നിങ്ങൾ പറയുന്നതു്?

പ്രിയംവ-എന്നാൽ ചോദിച്ചതിനു സമാധാനം പറയണം. നിങ്ങൾ ഈയിടെ സമയം കഴിച്ചുകൂട്ടുന്നതെങ്ങനെയാണു്?

മൃണാളി—ബുദ്ധരക്ഷിത ആ പുരുഷൻെറഗുണഗണങ്ങളെപ്പററി പല പ്രാവശ്യം എന്നോടു പ്രശംസിക്കയുണ്ടായി. തന്നിമിത്തം അദ്ദേഹത്തെ ഒന്നു കണ്ടാൽ കൊള്ളാമെന്നു എനിക്കു ആഗ്രഹം ജനിച്ചു. വിധിയോഗത്താൽ അവിചാരിതമായി ആപത്തിൽ പെട്ടുവാനും അദ്ദേഹത്തിൻെറ സഹായത്താൽ രക്ഷപ്പെട്ടുവാനും സാധിച്ചു. അന്നുമുതൽ അദ്ദേഹത്തിൻെറകോമളസ്വരൂപം എൻെറ മനസ്സിൽനിന്നു വിട്ടുപോകു

ന്നില്ല. ഉറങ്ങിയാൽ അരികത്തുവന്നു എന്റെപേർ വിളിക്കുന്നതുപോലെ തോന്നുന്നു. പെട്ടെന്നു കൺതുറന്നാൽ ഇച്ഛാഭംഗവുമായി. ഇങ്ങനെ ഉറക്കത്തിലും ഉണർച്ചയിലും ക്ലേശിച്ചുകൊണ്ടു ഞാൻ ദിവസങ്ങൾ ഓരോന്നായികഴിച്ചുവരുന്നു. ഇതെല്ലാം ഞാൻ നിങ്ങളോടു എങ്ങിനെ പറയും, എങ്ങിനെ പറയാതിരിക്കും? ഞാൻ കാരണമായി നിങ്ങൾ ശ്രമപ്പെടേണ്ടതായി വരുന്ന വിഷയത്തിൽ എനിക്കു വല്യതായ മനസ്താപമുണ്ടു്.

പ്രിയംവ — നിങ്ങളെ യഥാശക്തി സഹായിക്കേണ്ടതു സഖിമാരുടെ ധർമ്മമാണു്. നിങ്ങൾക്കുവേണ്ടിഎന്തും ചെയ്‌വാൻ ഞങ്ങൾ സന്നദ്ധരായിരിക്കുന്നു.

മൃണാളി — എന്നാൽ നിങ്ങൾക്കു വിരോധമില്ലെങ്കിൽ ആ മഹാഭാഗനു എന്നിൽ അനുകമ്പ തോന്നത്തക്കവണ്ണം നിങ്ങൾ വേണ്ടതു പ്രവത്തിക്കണം. ഈ സ്ഥിതിയിൽ മൃണാളിനി വളരെക്കാലം ജീവിച്ചിരിക്കുമെന്നു നിങ്ങൾ വിചാരിക്കേണ്ട. നിങ്ങളോടു എന്റെ അപേക്ഷ ഇതാണു്.

ബുദ്ധരക്ഷിത — അദ്ദേഹത്തെപ്പററി നിന്നോടു ഞാൻ വല്ലതും പറഞ്ഞിട്ടുണ്ടെങ്കിൽ അതെല്ലാം യഥാർത്ഥമാണു്. നിന്റെമനോരഥംഒരുപ്രകാരത്തിലും അസ്ഥാനത്തിലല്ലെന്നാണു എന്റെ അഭിപ്രായം.

പ്രിയംവ — മഹാനദി സമുദ്രത്തിലല്ലേ ചെന്നു ചേരുന്നതു്.

ബുദ്ധര — മുല്ലവള്ളിയെ കൈക്കൊള്ളുന്നതു തേന്മാവാണു്.

മൃണാളി — എനിക്കു പ്രശംസയൊന്നും ആവശ്യമില്ല. എന്റെ അവസ്ഥ ഞാൻനിങ്ങളെ അറിയിച്ചുകഴിഞ്ഞു.

ഉചിതംപോലെ പ്രവൎത്തിക്കേണ്ടതു നിങ്ങളുടെ ചുമതലയാണ്.

ബുദ്ധര—എന്നാൽ നേരിട്ടു അദ്ദേഹത്തിനു ഒരു എഴുത്തു എഴുതുന്നതിൽ നിനക്കു വല്ല വിരോധവുമുണ്ടോ. എഴുത്തു ഏതെങ്കിലും തരത്തിൽ അദ്ദേഹത്തിനു എത്തിക്കാം.

പ്രിയംവ—ഇതു നല്ലൊരുപായമെന്നാണ് എനിക്കു തോന്നുന്നതു്. മൃണാളിനിയുടെ അഭിപ്രായമെന്തു്.

മൃണാളി—നിങ്ങളുടെ അഭിപ്രായത്തിനു വിരോധമായി ഇതേവരെ ഞാൻ എന്തെങ്കിലും പ്രവൎത്തിച്ചിട്ടുണ്ടോ? അദ്ദേഹം എന്റെ എഴുത്തിനെ അവഗണിക്കയാണെങ്കിൽ ഇതിൽ കൂടുതലായി വ്യസനിക്കേണ്ടിവരുമല്ലോ.

ബുദ്ധര—നിന്റെ ഗുണങ്ങളെ നീ തന്നെ എന്തിനു അവമാനിക്കുന്നു. ജനങ്ങൾക്കെല്ലാം ആഹ്ലാദം നൽകുന്ന ശരൽക്കാലചന്ദ്രികയെ ആരെങ്കിലും വസ്ത്രം കൊണ്ടു മറയ്ക്കുമോ.?

മൃണാളി—എന്നാൽ നിങ്ങളുടെ ഇഷ്ടംപോലെയാകട്ടെ.

ബുദ്ധര—നീ വിശ്വാസഭംഗം ചെയ്കയില്ലെങ്കിൽ എനിക്കു നിന്നോടു ഒരുകാൎയ്യംകൂടി ചോദിക്കേണ്ടതുണ്ടു്.

മൃണാളിനി—ഇത്തരം സംശയങ്ങൾ കൊണ്ടു എന്നെ എന്തിനു ഖേദിപ്പിക്കുന്നു. നിങ്ങൾ രണ്ടുപേരും എന്റെ ഹൃദയമല്ലെ

ബുദ്ധര—ആ മഹാനുഭാവനെ വീണ്ടും കാണ്മാൻ നിനക്കു ഭാഗ്യം നേരിടുന്നുവെങ്കിൽ നീ ചെയ്യേണ്ടതു് എന്താണ്?

മൃണാളി—അദ്ദേഹത്തെ പ്രത്യവയവം നോക്കി എന്റെ നേത്രങ്ങളെ തൃപ്തിപ്പെടുത്തുക എന്നതാണ് ആദ്യത്തെ കൎത്തവ്യം.

പ്രിയംവ-അദ്ദേഹം നിന്നിൽ അനുരക്തനാണെന്നും അദ്ദേഹത്തിന്റെ ഇപ്പോഴത്തെ അവസ്ഥ നിന്റെ അവസ്ഥയ്ക്കു തുല്യമാണെന്നും വിചാരിക്കുക അങ്ങിനെയാണെങ്കിൽ ശ്രീകൃഷ്ണൻ രുക്മിണിയെ സ്വയം ഗ്രഹിച്ചു തന്റെ ധൎമ്മപത്നിയാക്കിയതുപോലെ അദ്ദേഹം നിന്നെ സ്വയം ഭാൎയ്യയായിസ്വീകരിക്കുന്നു എന്നും വിചാരിക്കുക. എന്നാൽ നീ എന്തുചെയ്യും?

മൃണാളി—ഇങ്ങനെ അസംഭാവ്യങ്ങളായ ഓരോന്നുപറഞ്ഞു എന്നെ സമാധാനപ്പെടുത്താമെന്നാണോ നിങ്ങൾ വിചാരിക്കുന്നതു്? നിങ്ങൾക്കെല്ലാംതമാശുതന്നെ.

പ്രിയംവ—നിങ്ങളുടെ ചോദ്യത്തിനു സമാധാനം മൃണാളിനി വാക്കുകൊണ്ടു പറയുന്നില്ലെങ്കിലും അവളുടെ ഹൃദയാവേശത്തെ സൂചിപ്പിക്കുന്ന ദീൎഘനിശ്വാസങ്ങൾ അവൾക്കു പറവാനുള്ളതിനെ സ്പഷ്ടമായി സൂചിപ്പിക്കുന്നുവല്ലോ.

മൃണാളി—സുധാകരൻ അന്നു മാലതിയോടു പറഞ്ഞ വാക്കുകൾ ഞാൻ ഇദ്ദേഹത്തോടു പറയേണ്ടതായിരുന്നു. ഞാൻ എനിക്കധീനയല്ല. എന്റെ ശരീരവും ആത്മാവും അദ്ദേഹത്തിനു അധീനമായിത്തീൎന്നിരിക്കുന്നു.

പ്രിയംവ—ഈ വാക്കുകൾ മൃണാളിനിയുടെ ഔദാൎയ്യത്തെ ശരിയാംവണ്ണം വെളിപ്പെടുത്തുന്നുണ്ടു്.

ബുദ്ധര—നീ പറഞ്ഞ വാക്കുകൾ മറന്നുപോകരുതു്.

മൃണാളിനി—മാലതി എത്ര നേരമായി ഉറങ്ങുന്നു.

ബുദ്ധര—എന്നാൽ നീ ചെന്നു അവളെ ഉണർത്തു്.

മൃണാളി—ഞാൻ ഇപ്പോൾതന്നെ വീട്ടിലേക്കു പോകാമെന്നു വിചാരിക്കുന്നു. ജ്യേഷ്ഠൻ ഒരു പക്ഷേ കലശൽ കൂട്ടും. മാലതിയോടു പറഞ്ഞു പോയാൽ കൊള്ളാമെന്നുണ്ടു്. ഞാൻതന്നെചെന്നു അവളെ ഉണത്താം.

മൃണാളിനി മൂടിപ്പുതച്ചു കിടന്നിരുന്ന മകരന്ദന്റെ അരികത്തുചെന്നു. ബുദ്ധരക്ഷിതയും പ്രിയംവദയും മുറിയിൽനിന്നു പുറത്തുപോയി ഇറയത്തു ചെന്നിരുന്നു. മൃണാളിനി മാലതിയെ ഉണർത്തുന്ന മട്ടിൽ മകരന്ദന്റെ പുതപ്പു നീക്കിയതും മകരന്ദൻ മൃണാളിനിയുടെ കൈ കടന്നു പിടിച്ചതും ഒരേ സമയത്തായിരുന്നു. മൃണാളിനി ആദ്യം ഒന്നു ഞെട്ടിപ്പോയി എങ്കിലും തന്റെകാമുകനെ അറിവാൻ അവൾക്കു യാതൊരു പ്രയാസവുമുണ്ടായില്ല. മകരന്ദനെ വീണ്ടും കാണ്മാൻ സാധിക്കുമെങ്കിൽ തന്റെ ആദ്യത്തെ കത്തവ്യമെന്താണെന്നു അല്പം മുമ്പു പറഞ്ഞതെല്ലാം വിസ്മരിച്ചു മൃണാളിനി എന്തു ചെയ്യേണമെന്നറിയാതെ ലജ്ജയാൽ തല താഴ്ത്തിനിന്നു.

മകരന്ദൻ—ഭീരു, ഭവതിയുടെ പ്രണയവാദം കേട്ടു ഞാൻ വളരെ സന്തോഷിക്കുന്നു. ഭവതിയുടെ കൃതജ്ഞതാപ്രകടനം വളരെ ചമല്ക്കാരമായിരുന്നു. അതു അസ്ഥാനത്തിലായിപ്പോയി എന്ന ദോഷം ഇല്ലാതിരുന്നാൽ കൂടുതൽ സന്തോഷിക്കുമായിരുന്നു. അതിശയോക്തികൾ സാധാരണയായി കവികളാണു പ്രയോഗിച്ചുകാണാറുള്ളതു്. ഭവതിയുടെ അസ്ഥാനത്തിലുള്ള പ്രശംസയ്ക്കു ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു.

ഈ സമയത്തു ബുദ്ധരക്ഷിത അവിടെച്ചെന്നു. മകരന്ദൻ മൃണാളിനിയുടെ കൈ വിട്ടു. മൃണാളിനിക്കു ഒന്നും

പറവാൻ സാധിച്ചില്ല. സ്വാഭാവികമായ ലജ്ജ, തോഴിമാരോടുള്ള ദേഷ്യം, തൻെറ മനോരഥം സാധിച്ചതിനാലുള്ള സന്തോഷം ഇങ്ങനെ പല വികാരങ്ങൾ ഒന്നിച്ചു ചേൎന്നു അവളെ കിംകൎത്തവ്യതാമൂഢയാക്കി.

ബുദ്ധര—മഹാനുഭാവ, മൃണാളിനി അവളുടെ ആത്മാവിനെയും ശരീരത്തേയും നിങ്ങൾക്കായി തന്നിരിക്കുന്നുവത്രേ. വേണമെങ്കിൽ സ്വീകരിക്കാം.

മകരന്ദൻ—എൻെറ ജീവിതം സഫലമായി

ബുദ്ധര—അങ്ങളുടെ സഖി പ്രാണത്യാഗം ചെയ്‌വാൻ പോകുന്നുവെന്നു കുറച്ചുമുമ്പു പറയുകയുണ്ടായി. അവളെ വേണ്ടപോലെ രക്ഷിക്കണം.

മകരന്ദൻ —ഈ പ്രാൎത്ഥന ഇരുകൂട്ടൎക്കും തുല്യമാണു്.

ബുദ്ധര—ഞങ്ങളുടെ ഈ തോഴിയേപ്പററി ഇവളുടെ ബന്ധുജനങ്ങൾ ദുഃഖിക്കാത്ത വിധത്തിൽ പ്രവൎത്തിക്കേണ്ടതു നിങ്ങളുടെ കൎത്തവ്യമാണു്.

മകരന്ദ —എല്ലാംകൊണ്ടും ഞാൻ അനുഗൃഹീതനായി.

ബുദ്ധരക്ഷിതയുടെ സാമൎത്ഥ്യത്താൽ മകരന്ദനും മൃണാളിനിയും തമ്മിലുള്ള ഗാന്ധൎവ്വവിവാഹവും നടന്നു. തോഴിമാരെല്ലാവരും കൂടി സചിവൻെറ ഗൃഹത്തിലേക്കു തിരികെപ്പോയി, മൃണാളിനി ജ്യേഷ്ഠൻെറ ശാസനങ്ങളെപ്പേടിച്ചു അന്നു വൈകുന്നേരംതന്നെ സ്വഗൃഹത്തിലേക്കു തിരിച്ചുപോയി. ബുദ്ധരക്ഷിത നടന്ന ഈ വൃത്താന്തമെല്ലാം കാമന്ദകിയെ അറിയിച്ചു.

## അദ്ധ്യായം വ്യ.

നന്ദനൻ സചിവന്റെ ഗൃഹത്തിൽനിന്ന് ആകപ്പാടെ അതൃപ്തിയോടുകൂടിയാണു പോയതെന്നു പറഞ്ഞുവല്ലൊ. സചിവനെപ്പററി നന്ദനന്നു തെററിദ്ധാരണയൊന്നുമുണ്ടായില്ല. മാലതിയുടെ അവിവേകം ആശാസ്യമല്ലാത്ത ഒരു തരം പരിഷ്കാരത്തിന്റെ ഫലമാണെന്നും ഇതിൽ സചിവൻ നിരപരാധിയാണെന്നുമാണ് നന്ദനൻ വിചാരിച്ചതു്. തന്റെ ആഗ്രഹത്തിനു തടസ്ഥമായി വന്ന സുധാകരന്റെ നേരെ നന്ദനന്നു കോപം ജനിക്കുക തന്നെ ചെയ്തു. എങ്കിലും എന്തു ചെയ്യണമെന്നറിയാതെയും വിവാഹത്തെപ്പററി ഒന്നും നിർണ്ണയിപ്പാൻ സാധിക്കാതെയും ഇരിക്കുമ്പോൾ സഹോദരിയായ മൃണാളിനിക്കു മകരന്ദനിൽ അനുരാഗമുണ്ടെന്നുള്ള കാര്യം കർണ്ണാകർണ്ണികയാ കേൾപ്പാനിടയായി. നന്ദനൻ അത്യന്തം കുപിതനായിത്തീർന്നു. തന്റെ ശത്രുവായ ഒരുവന്റെ മിത്രത്തിൽ മൃണാളിനി അനുരക്തയാണെന്നു കേട്ടതു മുതൽ നന്ദനന്നു സ്വാസ്ഥ്യമില്ലാതായി. സഹോദരിയെ വിളിച്ചു വളരെ ആക്ഷേപിച്ചു. തന്റെ അനുവാദംകൂടാതെ അന്നുമുതൽ പുറത്തെങ്ങും പോകാൻ പാടില്ലെന്നു പറഞ്ഞു് അവളെ ശാസിച്ചു. മാലതിയുമായുള്ള സംസർഗ്ഗത്താലാണ് സഹോദരി ഇത്തരം അവിവേകം കാണിപ്പാനിടയായതു് എന്നും, തന്നെ അവമാനിപ്പാൻ യത്നിച്ച മകരന്ദനെ ഏതു തരത്തിലെങ്കിലും ഒരു പാഠംപഠിപ്പിക്കണമെന്നും നിശ്ചയിച്ചു അതിലേയ്ക്കു് എന്താണു മാർഗ്ഗം എന്ന് ആലോചിച്ചു തുടങ്ങി. തനിക്കു് ഇഷ്ടമുള്ള പക്ഷം മാലതിയെ വിവാഹം

ചെയ്യുന്നതിൽ കുഴപ്പമൊന്നുമില്ലെന്നായിരുന്നു നന്ദനൻെറ വിചാരം. അന്യപുരുഷനിൽ അനുരക്തയായ ഒരു കന്യകയെ വിവാഹം ചെയ്യുന്നതു തനിക്കു് ശ്രേയസ്കരമല്ലെന്നുള്ള വിചാരം നന്ദനനു് ഉണ്ടായിരുന്നുവെങ്കിലും സചിവൻെറ ആനുകൂല്യമുണ്ടെന്നുള്ള വിശ്വാസത്താൽ തൻെറ ആഗ്രഹത്തിനു തടസ്സമായി വന്നുചേൎന്ന സുധാകരൻെറയും, തൻെറ സഹോദരിയേയും വംശത്തേയും അവമാനിപ്പാൻ യത്നിച്ച മകരന്ദൻേറയും നേരേയുള്ള വിരോധത്താൽ തനിക്കു് ഇഷ്ടമില്ലെങ്കിലും സചിവൻെറ പുത്രിയെ വിവാഹം ചെയ്യണമെന്നും സഹോദരിയെ മററാക്കെങ്കിലും വിവാഹം ചെയ്തുകൊടുക്കണമെന്നും നന്ദനൻ നിശ്ചയിച്ചു. ഉടൻതന്നെ സചിവനെ കാണ്മാൻ പുറപ്പെട്ടു. നന്ദനൻ യാതൊരു അറിവും കൊടുക്കാതെ ഗൃഹത്തിൽ ചെന്നതു കണ്ടു് സചിവൻ പരിഭ്രമിച്ചു. അദ്ദേഹം നന്ദനനെ യഥോചിതം സൽക്കരിച്ചു. ഗുണദോഷങ്ങളെപ്പററി ചിന്തിക്കാതെയും രക്ഷകൎത്താക്കന്മാരുടെ ശാസനങ്ങൾക്കു കീഴ്പ്പെടാതെയും ചില കന്യകമാർ തങ്ങൾക്കും അന്യൎക്കും അവമാനമുണ്ടാക്കുവാൻ യത്നിക്കുന്നുവെങ്കിൽ അതിനു തക്കതായ പ്രതിക്രിയ ചെയ്യാതെ ഉദാസീനത കാണിക്കുന്നതു് ഒട്ടും ഉചിതമല്ല എന്നു നന്ദനൻ വളരെ ശക്തിയായി വാദിച്ചു. ഒന്നും അറിയാത്ത മട്ടിൽ കാൎയ്യമെന്താണെന്നു സചിവൻ ചോദിച്ചു. മാലതിയെപ്പററിയും മൃണാളിനിയെപ്പററിയും താൻ കേട്ട വൎത്തമാനമെല്ലാം നന്ദനൻ സചിവനോടു പറഞ്ഞു. സചിവൻ ആകപ്പാടെ കുഴപ്പത്തിലായി. രാജാവു് ഈ വിവരമറിഞ്ഞാൽ രണ്ടു കൂട്ടൎക്കും കുറച്ചിലാണെന്നും അതി

നാൽ ഈ വൃത്താന്തം പരസ്യമാകാതെ കഴിക്കേണ്ടതാണെന്നും നന്ദനൻ അഭിപ്രായപ്പെട്ടു. നന്ദനൻ പറഞ്ഞതെല്ലാം വാസ്തവമാണോ അല്ലയോ എന്നു തനിക്കറിവില്ലെന്നും ഇരുകൂട്ടൎക്കും ശ്രേയസ്കരമാംവണ്ണം വേണ്ടതു പ്രവൎത്തിപ്പാൻ താൻ തയ്യാറാണെന്നും സചിവൻ പറഞ്ഞു. വിവാഹംനടത്തുവാൻ കാലം ദീർഘിച്ചു പോകയാണെങ്കിൽ ജനങ്ങളുടെ ഇടയിലുള്ള ശ്രുതി ബലപ്പെട്ടു പോകുമെന്നും താമസിയാതെ വിവാഹം നടത്തുന്നപക്ഷം അതു ശമിച്ചുപോകുമെന്നും നന്ദനൻ അഭിപ്രായപ്പെട്ടു.

നന്ദനൻ സചിവന്റെ ഗൃഹത്തിൽ അധികനേരം താമസിച്ചില്ല. ഉടൻതന്നെ മടങ്ങിപ്പോകയാണു ചെയ്തതു്. നന്ദനൻ സചിവനുമായി സംസാരിച്ചതു് ഉച്ചത്തിലായിരുന്നതിനാൽ ഇതെല്ലാം അടുത്തൊരു മുറിയിൽ ഇരുന്നു മാലതി കേൾപ്പാനിടയായി. രാജാവിന്റെ അതൃപ്തികൂടാതെ അച്ഛനു് ഉദ്ദേശ്യം സാധിക്കുന്ന കാൎയ്യം വിഷമമാണെന്നു് അവൾക്കു തോന്നി. പുത്രികാരണം പിതാവിനു് അനുഭവിക്കേണ്ടിവന്ന മനഃക്ലേശത്തെഓൎത്തു് അത്യന്തംവ്യസനിച്ചു് തന്റെ ജന്മത്തെ അവൾ നിന്ദിച്ചുതുടങ്ങി. നന്ദനനെ വിവാഹം ചെയ്യുക എന്നതു് അവൾക്കു മരണത്തെക്കാൾ പീഡാകരമായിട്ടാണു തോന്നിയതു്. സുധാകരനെ സ്വീകരിക്കുന്ന പക്ഷം അച്ഛനു രാജാവുമായുള്ള മൈത്രി അപരിഹരണീയവുമാണു്. തന്റെ അഭീഷ്ടം സാധിച്ചില്ലെങ്കിലും അച്ഛനെ നിവൃത്തിയുണ്ടെങ്കിൽ വിഷമത്തിൽനിന്നു രക്ഷിക്കണമെന്നു മാത്രം നിശ്ചയിച്ചു് അവൾ അതിനു് എന്താണു മാൎഗ്ഗം എന്നു് ആലോചിച്ചുതുടങ്ങി. താൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം നന്ദനനെ വിവാഹം ചെയ്കയില്ലെന്നും അവൾ നിശ്ചയിച്ചു.

പിറെറ ദിവസം കാലത്തു മകരന്ദനെ രാജാവു വിളി ക്കുന്നു എന്നു നന്ദനൻ അയച്ച ഒരു രാജഭൃത്യൻവന്നു പറ ഞ്ഞു. തലേദിവസം വൈകുന്നേരം സചിവൻെറ ഗൃഹ ത്തിൽ നടന്ന സംഭവങ്ങളെപ്പററി മകരന്ദനോ, സുധാക രനോ, കാമന്ദകിയോ ആരുംതന്നെ അറിഞ്ഞില്ല. രാജക ല്പനയാണെന്നു വിചാരിച്ചു കപടമറിയാത്ത മകരന്ദൻ ഉ ടൻ തന്നെ പുറപ്പെട്ടു. താൻ പോകുന്ന വിവരം സുധാക രനേയും കാമന്ദകിയേയും അറിയിപ്പാൻ സാധിച്ചില്ല. അ ന്നുച്ചയ്ക്കു സുധാകരൻ ഊണുകഴിഞ്ഞു വിശ്രമിച്ചുകൊണ്ടി രിക്കുമ്പോൾ വസന്തകൻ പരിഭ്രമത്തോടെ അവിടെ ച്ചെന്നു.

സുധാകരൻ — വസന്തക, വിശേഷമൊന്നുമില്ലല്ലോ.

വസന്തകൻ — എല്ലാം വിശേഷംതന്നെ.

സുധാക — കാൎയ്യം എന്താണെന്നു വേഗം പറയുക

വസന്ത — നിങ്ങൾ ഊണുകഴിഞ്ഞുവിശ്രമിക്കുന്നു. സ്നേ ഹിതൻ ബന്ധനത്തിലും കിടക്കുന്നു. ഇതുതന്നെ വി ശേഷം.

സുധാക — കഷ്ടം! നിങ്ങളുടെ ഈ സ്വഭാവം ഈ ജന്മ ത്തിൽ മാറുകയില്ലെന്നുള്ളതുനിശ്ചയംതന്നെ.

വസന്ത — മകരന്ദൻ ഇന്നു കാലത്തു രാജാവിൻെറ കല്പന പ്രകാരം അദ്ദേഹത്തെ കാണ്മാൻ പോയിരിക്കുന്ന വിവരം നിങ്ങൾ അറിഞ്ഞില്ലെന്നുണ്ടോ.

സുധാക — മകരന്ദൻ പോകുമ്പോൾ എന്നെ കണ്ടില്ല. താ മസിയാതെ വരുമെന്നു പറഞ്ഞാണത്രെ പോയിരി ക്കുന്നതു്.

വസന്ത — ഇതെല്ലാം നന്ദനൻെറ വേലയാണു്.

സുധാക — എനിക്കു് ഈ മുഖവുരയൊന്നും ആവശ്യമില്ല.

സ്നേഹിതന് എന്തു സംഭവിച്ചിരിക്കുന്നു എന്നു മാത്രം ചുരുക്കിപ്പറഞ്ഞാൽ മതി.

വസ--മകരന്ദൻ രാജാവിനെച്ചെന്നു കണ്ടപ്പോൾ നന്ദനനും അവിടെ ഉണ്ടായിരുന്നുവത്രെ. ആ ദുഷ്ടൻ രാജസമക്ഷത്തിൽ സ്നേഹിതനെ വളരെ ആക്ഷേപിച്ചതായും ഇതു സഹിപ്പാൻ പാടില്ലാതെ സ്നേഹിതൻ കോപത്താൽ ഉജ്ജ്വലിച്ച തൻെറ സ്വാഭാവികമായ പൌരുഷം കാണിപ്പാൻ യത്നിച്ചതായും നന്ദനൻ കാലേക്കൂട്ടി തയ്യാർ ചെയ്തിരുന്ന ഭടന്മാർ ഓടിച്ചെന്നു ആയുധമില്ലാതെ നിസ്സഹായിയായി നിൽക്കുന്ന സ്നേഹിതനെ ബന്ധിച്ചതായും കേൾക്കുന്നു.

ഈ വൃത്താന്തം കേട്ട സുധാകരൻെറ ശരീരം വിറച്ചു. അധരം തുടിച്ചു. 'കഷ്ടം! രാജാവ് ഇത്ര വിവേകമില്ലാത്തവനാണെന്നു ഞാൻ അറിഞ്ഞില്ല' ഈ അവിവേകിയെ സുഖിപ്പെടുത്തുവാനാണോ പ്രജകൾ ഇത്രയെല്ലാം ക്ലേശിക്കുന്നതു്. ഇതാണോ പൌരുഷം? ഇതാണോ രാജധർമ്മം?' എന്നു പറഞ്ഞുംകൊണ്ടുതന്നെ സുധാകരൻ അകത്തു പോയി തൻെറ വാൾ എടുത്തു് ഒരു നിമേഷംപോലും താമസിയാതെ ഓടിപ്പുറപ്പെട്ടു അതിവേഗം ഉദ്ദിഷ്ടസ്ഥലത്തെത്തി. കയ്യിൽ വാളുമായി യാതൊരു ക്രൂസലും കൂടാതെ നന്ദനൻെറ ഗൃഹത്തിൽ കടന്നു. സുധാകരൻെറ പെട്ടെന്നുള്ള ഈ വരവ് ആരും തന്നെ പ്രതീക്ഷിച്ചിരുന്നില്ല. ആ സമയത്തു് അവിടെ ചില ഭൃത്യന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവരെല്ലാവരും സുധാകരൻെറ വരവു് കണ്ടു പേടിച്ചു നിന്നുപോയി. 'നിങ്ങളുടെ യജമാനനെവി

ടെ?' എന്നു സുധാകരൻ ആ ഭൃത്യന്മാരോടു ചോദിച്ചുവെങ്കിലും അവരുടെ മറുപടിക്കു പ്രതീക്ഷിക്കാതെ പട്ടിണികിടന്ന സിംഹം ഇരകണ്ടു് ഓടുന്നതുപോലെ, നന്ദനൻെറ സവിധത്തിൽ ഓടിച്ചെന്നു് 'എൻെറ സ്നേഹിതനെ വിട്ടുതരുന്നുവോ, ഈ വാളിനു് ഇരയാകുന്നുവോ?' എന്നു ചോദിച്ചു. കൈയിൽ വാളുമായി കോപത്താൽ കണ്ണുകൾ ചുവന്നു മുന്നിൽനിൽക്കുന്ന സുധാകരനെക്കണ്ടു നന്ദനൻ ഭയത്താലും, പരിഭ്രമത്താലും കാററത്തിളകുന്ന ആലില പോലെ വിറച്ചുതുടങ്ങി. സുധാകരൻെറ ആജ്ഞയ്ക്കു് ഉടൻതന്നെ വശപ്പെട്ടു നന്ദനൻ മകരന്ദനെ ബന്ധനത്തിൽ നിന്നു മോചിപ്പിച്ചു. സ്നേഹിതന്മാർ രണ്ടുപേരും പുറത്തു കടക്കുന്നതിനു മുമ്പായി കുറെ ഭടന്മാർ ചേർന്ന ഒരു ചെറുസൈന്യം ഇവരെച്ചുററിവളഞ്ഞു. രാജാവു മാളികപ്പുറത്തിരുന്നുകൊണ്ടു് ഈ കാഴ്ച കാണുകയായിരുന്നു. യാതൊരു ക്ലേശവും കൂടാതെ സുധാകരൻ രണ്ടു മൂന്നു ഭടന്മാരുടെ ശിരസ്സുകൾ ഛേദിക്കതന്നെ ചെയ്തു. മരിച്ചുവീണ ഒരു ഭടൻെറ വാൾ മകരന്ദൻ കൈക്കലാക്കി—എന്തിനു പറയുന്നു—രണ്ടു പുരുഷകേസരികളുടെ അസഹ്യമായ പ്രഹരങ്ങൾ ഏററു് അല്പസമയത്തിനുള്ളിൽ ഭടന്മാരെല്ലാവരും ജീവരക്ഷയ്ക്കായി ഓടിക്കളഞ്ഞു. ഇതെല്ലാം കണ്ടുകൊണ്ടിരുന്ന രാജാവു വളരെ വിസ്മയിച്ചുപോയി. ആലോചനക്കുറവിനാൽ നന്ദനൻെറ പ്രേരണയ്ക്കു വശപ്പെട്ടുപോയി എങ്കിലും സ്വതേ ഗുണാനുരാഗിയായ രാജാവു് കുമാരന്മാരുടെ അസാധാരണമായ വിക്രമം കണ്ടു സന്തോഷിച്ചു തന്നത്താൻ താഴെ ഇറങ്ങിവന്നു സുധാകരമകരന്ദന്മാരെ വിളിച്ചുവരുത്തി യഥോചിതം ബഹുമാനിച്ചു. അനന്തരം അവരെ സംബന്ധിച്ചു വിവരങ്ങളെല്ലാം ചോദിച്ചു മന

സ്സിലാക്കി. സുധാകരൻ വിദർഭരാജമന്ത്രിയുടെ പുത്രനാണെന്നറിഞ്ഞപ്പോൾ രാജാവിന്ന് അളവററ സന്തോഷമുണ്ടായി. ഉടൻതന്നെ നന്ദനനെ വിളിച്ചുവരുത്തി 'നിങ്ങളുടെ സോദരിയെ ഈ ശൂരനായ യുവാവു വിവാഹം ചെയ്യുമെങ്കിൽ നിങ്ങൾക്കും നിങ്ങളുടെ സോദരിക്കും ഇതില്പരമായ ഭാഗ്യം ഇല്ലെന്നു ഞാൻ വിചാരിക്കുന്നു. നിങ്ങൾ പറഞ്ഞതെല്ലാം യഥാർത്ഥമാണെന്നു വിചാരിച്ചു ഞാൻ വല്ലതും പ്രവൎത്തിച്ചിട്ടുണ്ടെങ്കിൽ അതിനെപ്പററി ഈ മാന്യന്മാർ എന്തു വിചാരിക്കുമോ എന്നറിയുന്നില്ല. എൻെറ അഭിപ്രായം ഞാൻ പറഞ്ഞു. ഇനി നിങ്ങളുടെ ഇഷ്ടം പോലെ പ്രവൎത്തിച്ചുകൊൾക.' എന്നു പറഞ്ഞു. അനന്തരം സുധാകരനെ നോക്കി 'മാന്യനായ യുവാവേ, നിങ്ങളുടെ പരാക്രമം കണ്ടു ഞാൻ വളരെ സന്തോഷിക്കുന്നു. നിങ്ങൾ ഉത്തരോത്തരം യശസ്സു സമ്പാദിച്ചു ചിരകാലം ജീവിച്ചിരിക്കുമാറ് സർവ്വശക്തനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങളെപ്പോലുള്ള പുത്രന്മാരിലാണ് വംശത്തിൻേറയും രാജ്യത്തിൻേറയും ഐശ്വൎയ്യം സ്ഥിതിചെയ്യുന്നതു്. നിങ്ങളെ പുത്രനായി ലഭിച്ചിരിക്കുന്ന മഹാൻ ധന്യൻതന്നെ. നിങ്ങളെ മുന്നിൽ നിറുത്തിക്കൊണ്ടു പ്രശംസിക്കുന്നതു ഉചിതമല്ലെന്നു നിങ്ങൾക്കു തോന്നിയാലോ എന്നു വിചാരിച്ചു ഞാൻ കൂടുതലായി ഒന്നും പറയുന്നില്ല. നിങ്ങളുടെ പിതാവിനെ നേരിട്ടുകണ്ടു് അനുമോദിപ്പാൻ എനിക്കു് അവസരം കിട്ടുമെങ്കിൽ അതിനെ ഞാൻ വലിയ ഒരു ഭാഗ്യമായിത്തന്നെ കരുതുന്നതാണ്.' എന്നു പറഞ്ഞു രാജാവു് കുമാരന്മാൎക്കു് അവസ്ഥയ്ക്കുചിതമാം വണ്ണം സമ്മാനങ്ങൾ നൽകി. അന്നു രാജാവിൻെറ ക്ഷണം സ്വീകരിച്ചു രണ്ടുപേരും അരമനയിൽത്തന്നെ താമസിക്കയും ചെയ്തു.........................................................

മാലതി താൻ ചെയ്യേണ്ടതു എന്താണെന്നു ഒരു തരത്തിൽ ആലോചിച്ചു തീർച്ചപ്പെടുത്തി. താൻ കാരണം പിതാവുവിഷമത്തിലായി. മകരന്ദൻ ബന്ധനത്തിലുമായി. സുധാകരൻ യുദ്ധത്തിനു പോയിരിക്കുന്നു. ആപത്തൊന്നും കൂടാതെ തിരിച്ചു വരുമോ ഇല്ലയോ എന്നു ദൈവത്തിനുറിയാം. നന്ദനൻ തന്നെ വിവാഹം ചെയ്‌വാൻ നിശ്ചയിച്ചിരിക്കുന്നു. രാജാവു് നന്ദനനു അനുകൂലിയാണു്. അച്ഛൻ രാജാവിന്റെ അതൃപ്തി സമ്പാദിക്കുന്നതും പാടില്ലാത്തതാണു്. ഈ കുഴപ്പങ്ങൾക്കെല്ലാം കാരണം തന്റെ നിന്ദ്യമായ ജീവിതമാണു്. പ്രാണത്യാഗം ചെയ്യുന്നതു ധർമ്മമല്ല. നാടു വിട്ടു പോകുന്നതായാൽ പല കുഴപ്പങ്ങളും പരിഹരിക്കാവുന്നതാണു്. തന്റെ പ്രാണനാഥനും മററു ബന്ധുമിത്രങ്ങളും കുറെക്കാലം ദുഃഖിക്കുമായിരിക്കാം. ഈ ദുഃഖം കുറെക്കഴിഞ്ഞാൽ കുറഞ്ഞുപോയി എന്നുവരാം. അതിനാൽ നാടുവിട്ടു എങ്ങാനും പോകുന്നതുതന്നെയാണു ശരിയായ മാർഗ്ഗം—എന്നു നിശ്ചയിച്ചു.

സചിവന്റെ ഗൃഹത്തിൽ എല്ലാവരും ഗാഢനിദ്രയെ പ്രാപിച്ചിരിക്കുന്നു. അന്നു പൌർണ്ണമി ആയിരുന്നതിനാൽ പൂർണ്ണചന്ദ്രൻ തന്റെ കലകളെല്ലാം സ്വീകരിച്ചു തെളിഞ്ഞമേഘങ്ങൾക്കിടയിൽ സുവർണ്ണകുംഭം പോലെ പ്രകാശിച്ചിരുന്നു. മാലതി ഒരു മുഷിഞ്ഞ വസ്ത്രം ധരിച്ചു് ആഭരണങ്ങളൊന്നുമണിയാതെ പതുക്കെ വാതിൽ തുറന്നു പുറത്തുവന്നു. തന്റെ മനസ്സിനെ ഒന്നുകൂടി ദൃഢപ്പെടുത്തി ദൈവത്തെ പ്രാർത്ഥിച്ചു പടികടന്നു അതിവേഗം നടന്നുതുടങ്ങി.

നേരം പ്രഭാതമായതോടുകൂടി സുധാകരന്റെ വിജയവൃത്താന്തം നാടെല്ലാം പരന്നു. കാമന്ദകി മുതലായവർ

ആത്മാൎത്ഥതയോടെ സുധാകരമകരന്ദന്മാരുടെ വരവ് പ്രതീക്ഷിച്ചിരിക്കുന്നു. സചിവന്റെ ഗൃഹത്തിൽ പതിവു പോലെ മാലതി ഉണൎന്നുകാണായ്കയാൽ ഭൃത്യജനങ്ങൾ അവളുടെ മുറിയിൽ ചെന്നു നോക്കി, മാലതിയെക്കാണാ ഞ്ഞു പരിഭ്രമിച്ചു. അവർ ഓടിച്ചെന്നു വിവരം സചിവ നേയും മററും അറിയിച്ചു. എല്ലാവരും പരിഭ്രമത്തോടെ ഗൃഹമെല്ലാം പരിശോധിച്ചു. മാലതിയെ കാണ്മാനില്ല. സചിവൻ കിംകൎത്തവ്യമൂഢനായി അശ്രുക്കൾ പൊഴിച്ചു കൊണ്ടു ഒരു കസേരമേൽ ഇരിക്കുന്നു. അദ്ദേഹത്തിന്റെ ഭാൎയ്യ ഒരു മൂക്കിൽ ഇരുന്നു ഉറക്കെക്കരയുന്നു. ഭൃത്യജനങ്ങൾ അങ്ങുമിങ്ങും ഓടി നടക്കുന്നു. മാലതിയെക്കാണ്മാനി ല്ലെന്നുള്ള വിവരം ക്ഷണേന്ന പുറത്തു വ്യാപിച്ചുതുടങ്ങി. ഈ വൃത്താന്തംകേട്ടു മക്ക്രന്ദകി മുതലായവർ അവിടെ ഓടി എത്തി. കുറച്ചുസമയംകൊണ്ടു് അനവധി ജനങ്ങൾ അ വിടെ വന്നുചേൎന്നു. മാലതി എങ്ങാനും പുറപ്പെട്ടുപോയ തായിരിക്കുമോ, അതോ സാഹസംവല്ലതുംപ്രവൎത്തിച്ചുപോ യോ എന്നറിയാതെ എല്ലാവരും കുറേനേരം എന്തു ചെയ്യു ന്നതെന്നറിയാതെ പരിഭ്രമിച്ചുനിന്നു. സമീപപ്രദേശത്തുള്ള കുളങ്ങളും കിണറുകളും പരിശോധിപ്പാനായി ജനങ്ങൾപുറ പ്പെട്ടു. 'കഷ്ടം! ഇതിനെല്ലാം കാരണം ഞാൻതന്നെയാ ണ്. മാലതി വിവേകമില്ലാത്തവളല്ല. അവൾ സാ ഹസം പ്രവൎത്തിക്കുന്നവളുമല്ല. അസഹ്യമായദുഃഖംനിമി ത്തം അവൾ പുറപ്പെട്ടുപോയതായിരിക്കണം. വത്സേ, മാ ലതീ! നീ ഈയിടെയായി കുറേ സമാധാനത്തോടുകൂടിയാ ണല്ലോ ഇരുന്നിരുന്നതു്. പെട്ടെന്നു നിനക്കു വൈരാഗ്യം ഉണ്ടാകുവാൻ കാരണമെന്തു്? ഇന്നലെ ആ ദുഷ്ടൻ ഇവി ടെ വന്നു നിലവിളിച്ചതെല്ലാം നീ കേട്ടിരിക്കുമോ? എന്നി

ക്ക രാജസേവയാണ വലുതെന്നു നീ വിചാരിച്ചുപോയോ? ഇന്നലെ ആ ദുഷ്ടൻ പോയതിനശേഷം നിന്നെക്കണ്ടുസംസാരിപ്പാൻ എനിക്കു സൗകയ്യവും സമാധാനവും ഉണ്ടായിരുന്നില്ല. ഇന്നുകാലത്തു കാമന്ദകിയേക്കണ്ടു വേണ്ടതു പ്രവൎത്തിക്കാമെന്നല്ലേ ഞാൻ വിചാരിച്ചതു്. നേരം പ്രഭാതമാകുന്നതിന മുമ്പു് നീ ആരോടും ഒന്നും പറയാതെ ഈ പ്രകാരം പ്രവൎത്തിച്ചുവല്ലേ. എൻെറ ഭാഗ്യദോഷത്തിൽ നീ അപരാധിനിയല്ല. നിന്നെ ഞാൻ കററപ്പെടുത്തുന്നില്ല?' എന്നുംമററും തന്നത്താൻ പറഞ്ഞുകൊണ്ടുസചിവൻ തൻെറ വ്യസനത്തെ എത്രതന്നെ അടക്കിയിട്ടും സാധിക്കാതെ മുക്തകണ്ഠം കരഞ്ഞുപോയി. ഇതുകണ്ടു മററുള്ളവർ ക്രൂട്ടത്തലായി കരഞ്ഞു. കാമന്ദകി സ്വദുഃഖത്തെ പ്രകാശിപ്പിക്കാതെ തത്വോപദേശങ്ങൾകൊണ്ടു് എല്ലാവരേയും അല്പം സമാധാനപ്പെടുത്തി ഉടൻതന്നെ വരാമെന്നു പറഞ്ഞു സ്വഗൃഹത്തിലേക്കു തിരിച്ചു.

സുമാർ എട്ടൊമ്പതു നാഴിക പുലൎന്നതോടുകൂടി സുധാകരനും മകരന്ദനും തിരികെ എത്തി. മാലതിയെ കാണ്മാനില്ലെന്നുള്ള വൃത്താന്തം കാട്ടുതീപോലെ നാടെല്ലാം പരന്നുകഴിഞ്ഞു. സുധാകരനും മകരന്ദനും വരുന്നവഴിക്കപല സ്ഥലങ്ങളിൽ ആളുകൾ കൂട്ടംകൂട്ടമായി ഇരുന്നു് ഈ വൎത്തമാനത്തേപ്പററി സംസാരിച്ചുകൊണ്ടിരുന്നു. മാലതിയേപ്പററിയാണ ജനങ്ങൾ സംസാരിക്കുന്നതു് എന്നു് അവൎക്ക മനസ്സിലായി. എങ്കിലും ആരോടും ഒന്നും ചോദിക്കാതെ അക്ഷമയോടുകൂടി അവർ അതിവേഗത്തിൽ നടന്നു. തങ്ങളുടെ വാസസ്ഥലങ്ങളിലേക്കു പോകാതെ നേരെ കാമന്ദകിയുടെ ഗൃഹത്തിലേക്കാണ പോയതു്. അവിടെച്ചെന്നപ്പോൾ കാമന്ദകി, പ്രിയംവദ, ബുദ്ധരക്ഷിത മുതലായ

വർ കരഞ്ഞുകൊണ്ടിരിക്കുന്നതുകണ്ടു് -'മാലതി എവിടെ അവൾക്കു് എന്തു പററി? എന്നു സുധാകരൻ തൊണ്ടയിട റികൊണ്ടു ചോദിച്ചു. സുധാകരനെക്കണ്ടപ്പോൾ അവ രുടെ കരച്ചിൽ വർദ്ധിച്ചതല്ലാതെ സുധാകരൻെറ ചോദ്യ ത്തിനു് ആരുംതന്നെ മറുപടി പറഞ്ഞില്ല. സുധാകരൻ കാമന്ദകിയുടെ അടുത്തുചെന്നു് തൻെറ ചോദ്യംവീണ്ടുംആ വൎത്തിച്ചു. കാമന്ദകി വളരെപ്പണിപ്പെട്ടു വിവരംസുധാകര നെ അറിയിച്ചു. സുധാകരൻ കുറച്ചുനേരത്തേക്കുനിശ്ചേഷ്ട നായിനിന്നുപോയി. ഉടൻതന്നെ സുധാകരനും മകരന്ദനും മാലതിയെ അന്വേഷിച്ചു പുറപ്പെട്ടു. കാട്ടിൽ സീതയെ അന്വേഷിച്ചുപോകുന്ന രാമലക്ഷ്മണന്മാർ ചേതനാചേ തനഭേദമെന്യേ നേരിട്ടുകാണുന്ന വസ്തുക്കളോടെല്ലാം സീ തയെക്കണ്ടുവോ എന്നു ചോദിച്ചു നടന്നതുപോലെ സുധാ കരമകരന്ദന്മാർ വഴിയിൽ കാണുന്നവരോടെല്ലാം മാല തിയുടെ വൃത്താന്തം ചോദിച്ചുകൊണ്ടു് കുളിയും ഊണുമി ല്ലാതെ വൈകുന്നേരംവരെ പല സ്ഥലങ്ങളിലും അന്വേ ഷിച്ചു കാണാതെ നിരാശരായി മടങ്ങി. സചിവനും പു ത്രിയെ അന്വേഷിപ്പാൻ പല സ്ഥലങ്ങളിലേക്കും ആളുക ളെ അയച്ചിരുന്നു. അവരിൽ ചിലർ കണ്ടില്ലെന്നു പറ ഞ്ഞുകൊണ്ടു തിരികെ വന്നു. മററുചിലർ വന്നുചേൎന്നില്ല. സമീപത്തുണ്ടായിരുന്ന കുളങ്ങളും കിണറുകളുമെല്ലാം പരി ശോധിച്ചു. യാതൊരു വിവരവുമില്ല. സുധാകരനുംകാല ത്തുമുതൽ വൈകുന്നേരംവരെ ഓരോദിവസവും അന്വേഷി ച്ചുവന്നു. ഇങ്ങനെ നാലഞ്ചുദിവസംകഴിഞ്ഞു. വിദേശങ്ങ ളിൽചെന്നു അന്വേഷിക്കാമെന്നു വിചാരിച്ചു് സുധാകരൻ സ്നേഹിതനുമായി പുറപ്പെട്ടു. അവിടെനിന്നു് അഞ്ചാറു നാഴിക ദൂരം ചെന്നപ്പോൾ ഒരു ചെറിയ കാട്ടുകണ്ടു. അവ

ർ കാട്ടിൽപ്രവേശിച്ച് അവിടെയെല്ലാം തിരഞ്ഞു. യാതൊരു ഫലവുമില്ല. രണ്ടുപേരും വല്ലാതെ ക്ഷീണിച്ചു വശായി. സുധാകരൻ വ്യസനം സഹിക്കവഹിയാതെസ്നേഹിതൻ കൂടെയുണ്ടെന്നുള്ള കാര്യംതന്നെ വിസ്മരിച്ചു തന്നത്താൻ ഓരോന്നുപറഞ്ഞു വിലപിച്ചുതുടങ്ങി.

"പ്രിയ മാലതി! നീ എവിടെയാണിരിക്കുന്നത്. നീ ഇത്ര പെട്ടെന്നു എന്നെയും നിൻെറ ബന്ധുക്കളേയും ഉപേക്ഷിച്ച് എവിടെപ്പോയിരിക്കുന്നു. നീ എന്നെ സന്തോഷിപ്പിക്കയില്ലേ? സുധാകരൻെറ നേരെ നിനക്കുണ്ടായിരുന്ന പ്രേമം ഇത്രപെട്ടെന്ന് ഇല്ലാതായോ, നിൻെറ സ്നേഹം ഇത്ര അസ്ഥിരമാണെന്നു ഞാൻ അറിഞ്ഞില്ല. നീ ഇത്ര നാൾ സന്തോഷിപ്പിച്ചുവന്ന സുധാകരൻതന്നെയാണ് നിന്നെ വിളിക്കുന്നത്. എൻെറ ശബ്ദം നിനക്കപരിചിതമല്ലേ? "പങ്കമൊരുടൽവഹിച്ചുള്ളൊരുത്സവം പോലെ മോദംതരുമതിമൃദുവാം നിൻ കങ്കണംചേർന്ന ഹസ്തം" ഇത്രനാൾ ആരെ ആനന്ദിപ്പിച്ചുവോ ആ സുധാകരൻതന്നെയാണ് നിന്നെ വിളിക്കുന്നത് കഷ്ടം! ഞാൻ നിനക്ക് യാതൊരു അപ്രിയവും ചെയ്തിട്ടുള്ളതായി ഓർക്കുന്നില്ല. ദുഷ്ടവിധിയുടെ വിലാസങ്ങൾ ഇത്തരത്തിലായിരിക്കുമെന്ന് ഞാൻ അറിഞ്ഞില്ല" എന്നും മററും പറഞ്ഞുകൊണ്ട് സുധാകരൻ കരഞ്ഞുതുടങ്ങി. ഇതുകണ്ടു മകരന്ദൻ "സ്നേഹിതാ വെയിലിൻെറ ചൂടു വർദ്ധിച്ചുകൊണ്ടിരിക്കുന്നതു് അറിയുന്നില്ലെ? നിങ്ങളുടെ ശരീരാവസ്ഥ ഇത്തരത്തിലായിരിക്കുന്നു. മഹാപുരുഷന്മാക്ക് ഇത്തരം ശോച്യാവസ്ഥ വന്നുകൂടാമോ. മനുഷ്യക്ക് സുഖദുഃഖങ്ങൾ അപരിഹരണീയമല്ലേ. ഇങ്ങനെ ഒരു സംഭവമുണ്ടാകുമെന്നു ആർ അറിഞ്ഞു. നമുക്കു മാലതിയെ വീണ്ടും

അന്വേഷിക്കാം. ബാലനേപ്പോലെ നിങ്ങൾ ഇപ്രകാരം കരഞ്ഞുതുടങ്ങിയാൽ ഞാനെന്തുചെയ്യും. തെരുതെരെ യഴൽ തിങ്ങും മാനസത്തിന്നുറക്കെക്കെരെയുകിലതു തന്നെ തെല്ലൊരാശ്വാസഹേതുവായിരിക്കാം. മാലതിയെ പററി നമുക്കു യാതൊരു വിവരവുമില്ലാത്ത സ്ഥിതിക്കു നിങ്ങൾ ഇപ്രകാരം വ്യസനിക്കുന്നതു ശരിയല്ല. അതിനാൽ നമുക്കു അല്പനേരം വിശ്രമിച്ചു വീണ്ടും അന്വേഷണം തുടരാം. തൽക്കാലം നമുക്കു ജലശീകരങ്ങൾ ചൊരിയുന്ന മധുമതീ നദിയുടെ കരയിൽ ചെന്നിരുന്നു വിശ്രമിക്കാം." എന്നു മകരന്ദൻ പറഞ്ഞതനുസരിച്ചു ഇരുവരും നദീതീരത്തിൻെറ അടുത്തുള്ള ഒരു വൃക്ഷച്ഛായയിൽ ചെന്നിരുന്നു. സ്നേഹിതനെ സമാധാനപ്പെടുത്തുവാൻ മകരന്ദൻ തന്നാലാവുന്നതും ശ്രമിച്ചു; എങ്കിലും ഫലപ്പെട്ടില്ല. ഇങ്ങനെ ഇരിക്കെ പെട്ടന്നു സുധാകരൻെറ അവയവങ്ങൾ തളൎന്നുതുടങ്ങി. സുധാകരൻ മോഹാലസ്യപ്പെട്ടുപോയി. മകരന്ദൻ ഇതു കണ്ടു വല്ലാതെ പരിഭ്രമിച്ചു. ചുററും നോക്കിയതിൽ ഒരു പ്രാണിയെങ്കിലും കാണ്മാനില്ല. അരികത്തെങ്ങാനും ചെന്നു സഹായത്തിനു വല്ലവരെയും അന്വേഷിക്കാമെന്നു വിചാരിച്ചാൽ അതും ശരിയല്ല. ബോധംകെട്ടു കിടക്കുന്ന സ്നേഹിതനെ എങ്ങിനെ വിട്ടുപോകും. മകരന്ദനു് ഏകാകിയായി എന്തു ചെയ്വാൻ സാധിക്കും. ആകപ്പാടെ ഒന്നിനും നിവൃത്തിയില്ലാതായി. "കഷ്ടം! സ്നേഹിതൻെറ അവസ്ഥ ഇത്തരത്തിലായല്ലോ. ഞാനെന്തുചെയ്യും. ഇതേവരെ ഞാൻ അടക്കി വെച്ചിരുന്ന ദുഃഖം വല്ലാതെ വൎദ്ധിച്ചു പൊങ്ങി വരുന്നതുപോലെ തോന്നുന്നു. മലതി, എൻെറ സ്നേഹിതനെ നീ സ്നേഹിച്ചതു വലിയ സാഹസംതന്നെ. അല്ലെങ്കിൽ നിരപരാധിയായ പ്രിയ

തമനോടു നിഷ്കരുണം നീ പ്രവൎത്തിച്ചതു എന്തുകാരണ ത്താലാണു്? എൻെറ സ്നേഹിതൻ ഇനിയും ഉണരുന്നി ല്ലല്ലോ. ബന്ധുക്കളുടെ ഹൃദയങ്ങൾക്കു ഉത്സവമായും മാ ലതിയുടെ നേത്രങ്ങൾക്കു പൂൎണ്ണചന്ദ്രനായും മകരന്ദൻെറ സന്തോഷമൂൎത്തിയായും ഭൂലോകത്തിനു തിലകമായും വ ൎത്തിച്ചിരുന്ന എൻെറ സ്നേഹിതൻ എന്നെ ഉപേക്ഷി ക്കയാണോ? പ്രിയ സ്നേഹിത! ഗാത്രങ്ങൾക്കു പീയൂഷ മായും നേത്രങ്ങൾക്കു ശരച്ചന്ദ്രനായും ഹൃദയത്തിനു ആ നന്ദമായും വൎത്തിച്ചിരുന്ന നിങ്ങൾ ഈ സാധുമിത്രത്തെ കൂടാതെ ലോകാന്തരസുഖം അനുഭവിപ്പാൻ വിചാരിക്കുന്നു എങ്കിൽ ആയതു സ്നേഹത്തിനും മിത്രധൎമ്മത്തിനും ഒട്ടും യോജിച്ചതല്ല" എന്നും മററും വിലപിച്ചുകൊണ്ടു മ കരന്ദൻ കുറച്ചുനേരം നിശ്ചേഷ്ടനായി നിന്നു. അന ന്തരം നദിയിൽ നിന്നു കുറെ ജലം കൊണ്ടുവന്നു സ്നേ ഹിതൻെറ മുഖം കഴുകി വസ്ത്രം കൊണ്ടു വീശി. അല്പ നേരം കഴിഞ്ഞപ്പോൾ സുധാകരൻ കണ്ണു തുറന്നു. ത ൻെറ അടുത്തു കരഞ്ഞുകൊണ്ടു നിന്നിരുന്ന സ്നേഹിത നെ നോക്കാതെ ആകാശത്തു ചലിച്ചുകൊണ്ടിരുന്ന മേ ഘപടലത്തെ നോക്കി "മേഘമേ! നീ യഥേഷ്ടം സഞ്ച രിക്കുമ്പോൾ യാദൃച്ഛികമായി എൻെറ പ്രിയയെക്കാണാൻ സംഗതി വരുമെങ്കിൽ ആദ്യമായി അവളെ ആശ്വസിപ്പി ച്ചതിനുശേഷം ഞാൻ അനുഭവിക്കുന്ന അവസ്ഥ ഇന്ന ത രത്തിലാണെന്നു പറഞ്ഞു മനസ്സിലാക്കിയാൽ കൊള്ളാം. എൻെറ അവസ്ഥയെപ്പററിപ്പറയുമ്പോൾ അവൾക്കൊരു വിധത്തിലും ഇച്ഛാഭംഗം വരാതിരിപ്പാൻ ശ്രദ്ധിക്കയുംവേ ണം. അവൾ ഇപ്പോൾ എങ്ങാനും ഇരുന്നുകൊണ്ടു പ്രാ ണസന്ധാരണം ചെയ്യുന്നുവെങ്കിൽ ആയതു നിശ്ചയമായും

എന്നെക്കാണാമെന്നുള്ള മോഹം കൊണ്ടു മാത്രമാണു്."
എന്നു പറഞ്ഞുകൊണ്ടു മററാരുമിക്കിലേക്കു നടന്നു.

മകരന്ദൻ—കഷ്ടം എൻെറ സ്നേഹിതനെ ചിത്തഭ്രമം ബാധിച്ചിരിക്കുന്നു. ദൈവമേ! സ്നേഹിതൻെറ അവസ്ഥ അങ്ങു കാണുന്നില്ലയോ? അങ്ങു ആത്തസംരക്ഷകനാണെങ്കിൽ എൻെറ സ്നേഹിതനെ എന്തുകൊണ്ടു രക്ഷിക്കുന്നില്ല? അങ്ങു നിർഘൃണനല്ലെങ്കിൽ എന്തുകൊണ്ടാണു അങ്ങേയ്ക്കു എൻെറ സ്നേഹിതൻെറ നേരെ അനുകമ്പ തോന്നാത്തതു്?

സുധാക—അല്ലയോ വനദേവതകളേ! നിങ്ങൾ ആരെങ്കിലും സർവ്വാംഗസുന്ദരിയായ ഒരു കുലസ്ത്രീയേ കണ്ടുവോ? അവൾക്കു എന്താപത്താണു പിണഞ്ഞിരിക്കുന്നതു എന്നു നിങ്ങൾക്കറിയാമോ? എന്തു്! എനിക്കു ചിത്തഭ്രമം വന്നുവോ? എൻെറ സ്നേഹിതൻ മകരന്ദനോടു പറയുന്നതുപോലെ ഞാൻ ഈ അചേതന വസ്തുക്കളോടു സംസാരിക്കയാണോ.

മകരന്ദ—ഞാൻ അടുക്കൽ ഇരുന്നിട്ടുപോലും സ്നേഹിതൻ എന്നെക്കാണുന്നില്ല. എങ്കിലും എന്നെ സ്മരിക്കുന്നു എന്നതു സന്തോഷാവഹംതന്നെ. സ്നേഹിതാ, ഞാൻ ഇതാ നിങ്ങളുടെ സമീപംതന്നെയുണ്ടല്ലോ.

സുധാക—ആശ്ചര്യം! മകരന്ദ, നീ എൻെറ അടുത്തുതന്നെ ഉണ്ടെന്നു ഞാൻ ഓർത്തില്ല. എന്നെ ഒന്നു് ആലിംഗനം ചെയ്യരുതോ? പ്രിയയേക്കുറിച്ചു ഞാൻ നിരാശനായിത്തീർന്നിരിക്കുന്നു.—

സുധാകരൻ വീണ്ടും ബോധരഹിതനായി നിലത്തുവീണു. "ഹാ! സ്നേഹിതാ! വീണ്ടും എന്നെ ഖേദിപ്പിക്കയാണോ? ശരീരംഎനിക്കു വലിയ ഒരു ഭാരമായും ദിക്കുകളെല്ലാം ശൂന്യമായും തോന്നുന്നു. എൻെറ ഇന്ദ്രിയങ്ങളും ജീവിതം തന്നെയുംനിഷ്ഫലമായി· അങ്ങയെക്കൂടാതെ ഞാൻ അന്ധനായിത്തീർന്നിരിക്കുന്നു. സ്നേഹിതൻ മരിച്ചുപോയിഎന്നതിലേക്കു സാക്ഷിയായി ഞാൻ ജീവിക്കണമെന്നാണോ വിധിയുടെഇഷ്ടം? ഞാൻ ഒരിക്കലും അതുചെയ്യുകയില്ല. ഞാൻ ഈ നദിയിൽചാടി നിങ്ങളെ അനുഗമിക്കുന്നുണ്ട്. എന്നെക്കൂടാതെ ലോകാന്തരസുഖം അനുഭവിപ്പാൻ പോകാമെന്നു നിങ്ങൾ ഒരിക്കലും വിചാരിക്കേണ്ട. കഷ്ടം! കലാസംപൂർണ്ണമായ ചന്ദ്രമണ്ഡലം രാഹുവിനാൽ ഗ്രസിക്കപ്പെടുന്നു. ഫലസംപൂർണ്ണമായ കല്പവൃക്ഷം കാട്ടുതീയിൽപെട്ടു ദഹിച്ചുപോകുന്നു. ഭൂലോകചൂഡാമണിയായഎൻെറ സ്നേഹിതൻ കാലനു് അധീനനായിത്തീരുന്നു. നിങ്ങൾ മരിച്ചുപോയികഴിഞ്ഞുവെങ്കിലും ഇല്ലെങ്കിലും നിങ്ങളുടെ അാപക്ഷയനുസരിച്ചു് ഇതാ ഞാൻ നിങ്ങളെ ആലിംഗനം ചെയ്യുന്നു. സ്നേഹിതാ! ഇതാ ഞാൻ നിങ്ങളെ അവസാനമായി ബഹുമാനിക്കുന്നു. ഇനി എനിക്കു ജീവസന്ധാരണം ഒട്ടും സാദ്ധ്യമല്ല!" എന്നുപറഞ്ഞു മകരന്ദൻ സരസ്സിൽ ചാടുവാനായി ഭാവിച്ചപ്പോൾ പിന്നിൽനിന്നു് "പോരും പോരുമിതുണ്ണി സാഹസം" എന്നു് ആരോ വിളിച്ചുപറയുന്നതുപോലെ തോന്നി. പെട്ടെന്നു മകരന്ദൻ തിരിഞ്ഞുനോക്കിയപ്പോൾ കണ്ടതു് യോഗിനീവേഷത്തിൽ ഒരു സ്ത്രീരൂപത്തെയാണു്.

മകരന്ദൻ—അമ്മേ, നിങ്ങൾ ആരാണു്? എന്തു കാരണത്താലാണു് നിങ്ങൾ എൻെറ പ്രവൃത്തിക്കു തടസ്സമായി വന്നു നിൽക്കുന്നതു്?

യോഗിനി—ഞാൻ കാമന്ദകിയുടെ ശിഷ്യയായ സൗദാമിനിയാണ്. നിങ്ങൾ എന്തിനായിട്ടാണ് ഈ സാഹസം പ്രവൎത്തിക്കുന്നതു്?

മകരന്ദൻ—എൻെറ സ്നേഹിതൻ ബോധംകെട്ടു മരിച്ചതുപോലെ കിടക്കുന്നു. സ്നേഹിതൻെറ മരണത്തിനുശേഷം ഞാൻ ജീവിച്ചിരിക്കുന്നതു് ഒരുതരത്തിലും ഉചിതമല്ലെന്നുവിചാരിച്ച് ഞാൻ മരിപ്പാൻ ഉദ്യമിച്ചതാണ്.

അനന്തരം മകരന്ദൻ യോഗിനിയോടുകൂടി സുധാകരൻ കിടക്കുന്ന സ്ഥലത്തുചെന്നു. എന്തൊരാശ്ചൎയ്യം! സുധാകരൻ കണ്ണുതുറന്നു സ്നേഹിതൻ എവിടെപ്പോയിഎന്നു നോക്കുകയായിരുന്നു. മരിച്ചുപോയതായി വിചാരിക്കപ്പെട്ട സ്നേഹിതൻ കണ്ണുതുറന്നു തന്നെ പ്രതീക്ഷിച്ചിരിക്കുന്നതു കണ്ടപ്പോൾ മകരന്ദൻെറ സന്തോഷം അവൎണ്ണനീയമായിരുന്നു. അനന്തരം മകരന്ദൻ യോഗിനിയോട് അവരുടെ വൃത്താന്തം ചോദിച്ചു. യോഗിനി ഇപ്രകാരം പറഞ്ഞു.

"ഞാൻ ഭഗവതി കാമന്ദകിയുടെ ശിഷ്യയാണെന്നു പറഞ്ഞുവല്ലോ. ഞാൻ അവരെ വിട്ടുപിരിഞ്ഞിട്ടു കുറേ കാലമായിരിക്കുന്നു. തമ്മിൽ പിരിഞ്ഞതിനുശേഷം ഇതേവരെ ഞാൻ അവരെക്കണ്ടിട്ടില്ല. ഞാൻ ഇവിടെനിന്നു സുമാർ ഇരുപത്തഞ്ചു നാഴിക അകലെയായി സിന്ധുനദിയുടെ കരയിൽ ഒരു ആശ്രമം ചമച്ചു രണ്ടു ശിഷ്യമാരോടുകൂടി താമസിച്ചു വരികയാണ്. കാമന്ദകിയെക്കാണണമെന്നു വിചാരിച്ചു തുടങ്ങിയിട്ട് കുറേദിവസങ്ങളായി. ഞാൻ ആശ്രമംവിട്ടു പുറപ്പെട്ടിട്ടു ഇന്നു മൂന്നു ദിവസമായിരിക്കുന്നു. പദ്മനീനഗരത്തിലേക്കു പോകുകയാണ്.

പോകുന്ന വഴിക്ക നിങ്ങളെക്കാണ്മാനും സാഹസകൃത്യത്തിൽ നിന്ന നിവൎത്തിപ്പിക്കാനും സാധിച്ചു. നിങ്ങളേയും നിങ്ങളുടെ സ്നേഹിതനേയുംപററി ഏതാനും വിവരങ്ങൾ അറിവാൻ എനിക്ക വല്യതായകുതൂഹലമുണ്ട്. നിങ്ങൾ രണ്ടുപേരും ഏതോ അപത്തിൽ പെട്ടതിരിയുകയാണെന്നു മാത്രം ഞാൻ മനസ്സിലാക്കിയിരിക്കുന്നു. കാൎയ്യമെല്ലാം പറയണം"

മകരന്ദൻ നടന്ന സംഭവങ്ങളെല്ലാം യോഗിനിയെ പറഞ്ഞു മനസ്സിലാക്കി. യോഗിനി അല്പനേരം എന്തോ ഗാഢമായി ആലോചിക്കുന്നതുപോലെ ഒന്നും മിണ്ടാതിരുന്നു. അനന്തരം മാലതിയേപ്പററി ചില അടയാളങ്ങൾ ചോദിച്ചു മനസ്സിലാക്കി. മകരന്ദൻപറഞ്ഞ അടയാളങ്ങളോടുകൂടിയ ഒരു കന്യക തന്റെ ആശ്രമത്തിനു സമീപം സിന്ധുനദിയുടെകരയിൽക്കൂടി നടന്നുപോകുന്നതു് തന്റെ ശിഷ്യമാരിൽ ഒരാൾ കണ്ടതായി യോഗിനി പറഞ്ഞു. ഈ വൎത്തമാനം കേട്ട ഉടനെ സുധാകരന്റെ ക്ഷീണമെല്ലാംതീൎന്നു. അയാൾ പെട്ടെന്നു് എഴുന്നീററിരുന്നു് യോഗിനിയെ വന്ദിച്ചു.

സുധാകരൻ—ആൎയ്യേ, മാലതി ജീവിച്ചിരിക്കുന്നുവെന്നാണോ താങ്കൾ പറയുന്നതു്? താങ്കൾ അവളെ കണ്ടുവോ? അവൾ താങ്കളുടെ ശിഷ്യയോടു വല്ല വൎത്തമാനവും പറഞ്ഞുവോ? ഇപ്പോൾ അവൾ എവിടെയാണെന്നു താങ്കൾക്കു വല്ല വിവരവുമുണ്ടോ?

യോഗിനി—പരിഭ്രമിക്കാതിരുന്നാൽ ഞാൻ സകല വിവരവും പറഞ്ഞുതരാം. മാലതിയുടെ രൂപവും രൂപത്തിനനുകൂലമായ ഉടുപ്പും അസഹ്യമായ ഹൃദയപീഡ

യെ സൂചിപ്പിക്കുന്ന മുഖവും കണ്ട് ഉൽക്കണ്ഠയോടും അനുകമ്പയോടുംകൂടി എന്റെ ശിഷ്യ അവളുടെ അരികത്തുചെന്ന് വർത്തമാനം ചോദിച്ചു. തന്റെ രഹസ്യങ്ങൾ പറവാൻ മാലതി ആദ്യം മടിച്ചു എങ്കിലും താപസജനങ്ങളോടു കാര്യം പറയുന്നതിൽ എന്താണു വൈഷമ്യം എന്ന് എന്റെ ശിഷ്യ ചോദിച്ചപ്പോൾ വിവരമെല്ലാം പറഞ്ഞു. അവളെ ആ അവസ്ഥയിൽ വിട്ടയയ്ക്കുന്നതു നന്നല്ലെന്നു തോന്നുകയാൽ ശിഷ്യ അവളോടുകൂടി ആശ്രമത്തിൽ വന്ന് വിവരമെല്ലാം എന്നോടു പറഞ്ഞു. ഞാൻ മാലതിയെ ആശ്രമത്തിൽ താമസിപ്പിച്ചു കാര്യങ്ങളുടെ വാസ്തവം അറിവാനും കാമന്ദകിയേക്കണ്ടു വന്ദിപ്പാനും ആയി ഇങ്ങോട്ടു വന്നിരിക്കയാണ്. അവളെ ഞാൻ വളരെ നിർബന്ധിച്ചിട്ടും ഇങ്ങോട്ടു വരികയില്ലെന്നാണു പറഞ്ഞത്.

സുധാകരൻ—അങ്ങിനെയാണെങ്കിൽ ഞങ്ങൾ രണ്ടുപേരും ഉടൻതന്നെ പുറപ്പെട്ടുപോകാം. ഭഗവതി പതുക്കെ നഗരത്തിലേക്കു വന്നാൽ മതി.

യോഗിനി:—അതല്ല നല്ലത്. പല കാരണങ്ങളാലും ഞാനും കൂടെ വരുന്നതു ആവശ്യമാണെന്നാണു എനിക്കു തോന്നുന്നത്.

സുധാകര:—വളരെ സന്തോഷം. ഇത്രദൂരം നടന്നു ക്ഷീണിച്ചിരിക്കുന്ന ആര്യയെ വീണ്ടും ശ്രമപ്പെടുത്തുക എന്നതു ഉചിതമാണോ?

യോഗിനി:—നിങ്ങൾ വിചാരിക്കുന്നതുപോലെ എനിക്കു യാതൊരു ശ്രമവുമില്ല. നിങ്ങളുടെ സ്നേഹിതൻ

തിരികെ നഗരത്തിലേക്കു പോയി ഈ സന്തോഷ വൃത്താന്തം എല്ലാവരെയും അറിയിക്കട്ടെ. നമുക്കു രണ്ടുപേൎക്കും പോകാം.

സുധാകരൻ:—ആൎയ്യയുടെ കല്പനപോലെ.

## അദ്ധ്യായം. ൧൦

മാലതിയെ കാണ്മാനില്ല എന്ന വൃത്താന്തം കേട്ടു മൃണാളിനിയും കാമന്ദകിയുടെ ഗൃഹത്തിൽ വന്നുചേൎന്നു. അന്നുകാലത്തു മാലതിയെ അന്വേഷിപ്പാൻപോയ സുധാകരനും മകരന്ദനും തിരികെ വന്നില്ല. ശോകാൎത്തയായ കാമന്ദകി പ്രിയംവദ മുതലായ മാലതിയുടെ തോഴിമാരോടൊരുമിച്ചിരുന്നു ദുഃഖിക്കുന്നു.

കാമന്ദകി:—വത്സേ മാലതി, ഞങ്ങളെയെല്ലാം ഇതുപെട്ടെന്നുപേക്ഷിച്ച് നീ എങ്ങോട്ടാണു പോയിരിക്കുന്നതു? നിന്നെ കൂടാതെ ഞാൻ ജീവിച്ചിരിക്കുമെന്നു നീ വിചാരിക്കുന്നുവെങ്കിൽ ഇതിൽപരം സാഹസം മറ്റെന്താണുള്ളതു്? ദുസ്സഹമായ വ്യസനം "ഏറി നിശിതമാം വജ്രകീലംപോലെ" മൎമ്മങ്ങളെപ്പിളൎന്നുകൊണ്ടിരിക്കുന്നു. കഷ്ടം! കഷ്ടം! ഈ വിധം അസഹ്യമായ വ്യസനത്താലും വാൎദ്ധക്യത്താലും നിയമോപവാസാദികളാലും രക്തമാംസങ്ങളെല്ലാം ശോഷിച്ചുപോയിരിക്കുന്ന എന്റെ ഈ ഉപയോഗശൂന്യമായ ഹതശരീരം ഇനിയും നശിച്ചുപോകാതിരിക്കുന്നതുകൊണ്ടു ഫലമെന്തു്? ആത്മഹത്യ

ചെയ്യുന്നവർ വിവേകമില്ലാത്തവരാണെന്നും, അവ ൎക്ക് മരണാനന്തരം യാതൊരു സുഖവുമില്ലെന്നു മാത്രമല്ല അവർ എന്നന്നേക്കും നരകവാസം അനുഭവിക്കുമെന്നും അവരുടെ ആത്മാവിന് ഒരു കാലത്തും ശാന്തി കിട്ടുന്നതല്ലെന്നും പുരാണാദികൾ ഉൽഘോഷിക്കുന്നു. എന്റെ ഈ ശരീരം നശിക്കുന്നതുവരെ അസഹ്യമായ ഈ ദുഃഖം മനസ്സിൽ നിന്നു വിട്ടുപോകുമെന്നും തോന്നുന്നില്ല. കഷ്ടം! മാലതി, നിനക്കു ഈ അവസ്ഥ വരുമെന്നു ഞാൻ ഒരിക്കലും വിചാരിച്ചില്ല. സ്തന്യപാനം വിട്ടതുമുതൽ നീ എന്റെ സ്വന്തം പുത്രിയെപ്പോലെയല്ലേ ഇത്ര നാളും പെരുമാറിവന്നതു്.

ബുദ്ധരക്ഷിത—അല്ലയോ മാലതി! ശിരീഷകുസുമംപോലെ സുകുമാരമായ നിന്റെ ശരീരത്തിനു ദുഷ്ടവിധിയുടെ ദുർവിനയത്താൽ എന്തവസ്ഥ വന്നുചേൎന്നുവോ? — മഹാഭാഗനായ നിന്റെ പ്രാണവല്ലഭനു ജീവലോകമെല്ലാം ശൂന്യമായും ഇരുട്ടായും തീരുമല്ലോ.

പ്രിയംവ—ദുഷ്ടഹൃദയമേ! നീ എന്തുകൊണ്ടാണു പിളൎന്നുപോകാത്തതു്. നിന്റെ കാഠിന്യം വജ്രത്തിനു തുല്യംതന്നെ.

മൃണാളിനി—പ്രിയംവദേ, നിന്റെ കരച്ചിലിനു ഒരു അവസാനമില്ലേ? നീ എത്രനേരം ഇങ്ങനെകരഞ്ഞുകൊണ്ടിരിക്കും?

പ്രിയംവ—എന്റെ ശരീരം നശിച്ചാൽ കരച്ചിലും ശമിക്കും.

കാമന്ദകി — വത്സേ! മാലതി, ബാല്യം മുതൽക്കുതന്നെ പ്രിയംവദ നിന്റെ തോഴിയല്ലേ? നീ ഇല്ലാതെ ഇവൾക്കു എന്തു ശോഭയാണുള്ളതു്? നീ ഇവളെ എങ്ങിനെ ഉപേക്ഷിക്കും? കാമന്ദകിയെ നീ ഉപേക്ഷിക്കുമോ? നീ വളൎന്നതും വിദ്യ അഭ്യസിച്ചതും എന്റെ മടിയിൽ ഇരുന്നുകൊണ്ടല്ലേ? ലോകശ്രേഷ്ഠനായ ഒരു വരനെ നിനക്കു സമ്പാദിച്ചുതന്നതും ഞാനല്ലയോ—അമ്മയുടെ നേരെ പുത്രീസ്നേഹവും കൃതജ്ഞതയും കാണിക്കേണ്ടതു ഇപ്രകാരമാണോ?

പ്രിയംവദ — ഭഗവതിക്കു എന്നിൽ കരുണയുണ്ടാകണം. എനിക്കു ജീവസന്ധാരണം സുകരമാണെന്നു തോന്നുന്നില്ല. അതിനാൽ വല്ല നദിയിലും ചാടി ഈ ദുഃഖത്തെ ശമിപ്പിക്കാമെന്നു ഞാൻ വിചാരിക്കുന്നു. ദയയായി ആരും എന്നോടു തടസ്സം പറയരുതു്. ലോകാന്തരത്തിലെങ്കിലും തോഴിയെക്കാണുവാൻ ദൈവം എന്നെ അനുഗ്രഹിക്കട്ടെ.

കാമന്ദകി — മാലതിയുടെ വിയോഗത്തിനുശേഷം കാമന്ദകിക്കു ജീവിതം സുകരമെന്നാണോ നീ വിചാരിക്കുന്നതു്? നമ്മൾ ഇരുവൎക്കും ദുഃഖം തുല്യമല്ലേ? നമ്മുടെ കൎമ്മം ഭിന്നവും വിചിത്രവുമായതിനാൽ ലോകാന്തരത്തിൽ നമ്മൾ കൂടിച്ചേരുമെന്നു വിചാരിക്കേണ്ട. പ്രാണത്യാഗത്താൽതൽക്കാലം ദുഃഖശാന്തി കിട്ടുമെന്നു മാത്രം വിചാരിച്ചാൽ മതി.

പ്രിയംവ — എന്നാൽ ഭഗവതി പറയുന്നതുപോലെ ആകട്ടെ.

കാമന്ദകി — മൃണാളിനി, നീ എന്തുപറയുന്നു?

മൃണാളിനി—ഭഗവതി പറഞ്ഞതെല്ലാം ഞാൻ ശ്രദ്ധിച്ചു കേട്ടു. നിങ്ങളുടെ മാൎഗ്ഗം മൃണാളിനിക്കു മാത്രം നിഷിദ്ധമാണോ? മൃണാളിനി മുമ്പിലുണ്ടെന്നറിഞ്ഞാലും.

പ്രിയംവ—സഖി, നിൻെറ ഈ നിശ്ചയം ശരിയല്ല.

മൃണാളിനി—ഞാൻ നിനക്കധീനയല്ല. എന്നെ തടയുവാൻ നിനക്കധികാരവുമില്ല. ഈ ഉപദേശം ഞാൻ നിന്നോടു ആവശ്യപ്പെട്ടിട്ടുമില്ല. എൻെറ കൎത്തവ്യം എനിക്കറിയാം.

അനന്തരം എല്ലാവരും പുറത്തേക്കു നോക്കിയപ്പോൾ മകരന്ദൻ വരുന്നതുകണ്ടു. മകരന്ദനെത്തനിച്ചു കണ്ടതിനാൽ എല്ലാവരും വളരെ പരിഭ്രമിച്ചു. പ്രിയതമയുടെ വിയോഗദുഃഖം സഹിക്കവഹിയാതെ സുധാകരൻ എങ്ങാനും ഓടിപ്പോയിരിക്കുമോ, അതോ പ്രാണത്യാഗം ചെയ്തിരിക്കുമോ എന്നു എല്ലാവരും ശങ്കിച്ചു. മകരന്ദൻ അടുക്കുംതോറും മുഖം പ്രസന്നമായിക്കണ്ടതിനാൽ എല്ലാവൎക്കും കുറച്ചൊരാശ്വാസവും തോന്നി. മകരന്ദൻ കാമന്ദകിയുടെ അരികത്തുചെന്നിരുന്നു സന്തോഷവൃത്താന്തം എല്ലാവരേയും അറിയിച്ചു. തൻെറ പ്രിയപ്പെട്ട ശിഷ്യയായ സൗദാമിനിയാണു മാലതിയെ രക്ഷിച്ചതെന്നറിഞ്ഞപ്പോൾ കാമന്ദകിയുടെ സന്തോഷം അശ്രുരൂപത്തിൽ ഒഴുകിത്തുടങ്ങി. സൗദാമിനിയുടെ ആശ്രമത്തിൽതന്നെയാണു മാലതി ഇരിക്കുന്നതെന്നറിഞ്ഞപ്പോൾ കൂടുതൽ സമാധാനവും സന്തോഷവുമുണ്ടായി. കാമന്ദകി ഉടൻതന്നെ സചിവനു ആളയച്ചു. സചിവനും പത്നിയും അല്പനേരത്തിനുള്ളിൽ അവിടെ എത്തി. അനന്തരം

എല്ലാവരും കുറേനേരം സംസാരിച്ചു കൊണ്ടിരുന്നതിനു ശേഷം സചിവനും പത്നിയും തിരികെപ്പോയി. ഈ വൃത്താന്തവും നാടെല്ലാം പരന്നു. ജനങ്ങളെല്ലാവരും അത്യുല്ക്കണ്ഠയോടെ മാലതിയുടേയും സുധാകരന്റെയും വരവിനെ പ്രതീക്ഷിച്ചുതുടങ്ങി. സചിവൻ വീട്ടിൽ ചെന്ന ഉടനെ പുത്രിയെ കൂട്ടിക്കൊണ്ടു വരുവാനായി കുറെ ഭൃത്യന്മാരെ പറഞ്ഞയച്ചു. അന്നു രാത്രി കഴിഞ്ഞു. പിറേറ ദിവസവും സചിവൻ മുതലായവർ അക്ഷമരായി കഴിച്ചുകൂട്ടി. മൂന്നാംദിവസം വൈകുന്നേരം മാലതിയും സുധാകരനും യോഗിനിയും വന്നു ചേർന്നു. എല്ലാവരും നേരെ സചിവന്റെ ഗൃഹത്തിൽപോകാതെ കാമന്ദകിയുടെ ഗൃഹത്തിലേക്കാണു പോയതു്. കാമന്ദകി മാലതിയെക്കണ്ട ഉടനെ ഓടിച്ചെന്നു ആലിംഗനം ചെയ്തു. മൂർച്ഛിതനായ ലക്ഷ്മണനെ സഞ്ജീവിനി ജീവിപ്പിച്ചതുപോലെ മാലതിയുടെ അപ്പോഴത്തെ സ്പർശം കാമന്ദകിയുടെ ജീവമനസ്സുകൾക്കു ഉന്മേഷവും ആനന്ദവും നൽകി.

കഴിഞ്ഞ കാര്യങ്ങൾ ഓർത്തു അടക്കുവാൻ കഴിയാത്ത ദുഃഖാവേശത്താൽ മാലതി പെട്ടെന്നു മോഹാലസ്യപ്പെട്ടുപോയി. യോഗിനിയൊഴികെ മറെറല്ലാവരും കരഞ്ഞുതുടങ്ങി. ഈ സമയത്തു സചിവനും പത്നിയും അവിടെ വന്നു. കാമന്ദകി മാലതിയുടെ മാറത്തു തലോടുന്നു. പ്രിയംവദ വീശുന്നു. മൃണാളിനി ജലം കൊണ്ടുവന്നു സഖിയുടെ മുഖം കഴുകുന്നു. മാലതി പതുക്കെ കണ്ണുതുറന്നു. പുത്രിയെ ദുഃഖിപ്പിക്കരുതെന്നു വിചാരിച്ചു് സചിവനും പത്നിയും തങ്ങളുടെ ശോകത്തെ പ്രകടിപ്പിച്ചില്ല. മാലതിക്കു നല്ല ബോധം വന്നു. അവൾ കാമന്ദകിയേയും പിതൃജനങ്ങളേയും നമസ്കരിച്ചു. കാമന്ദകിയൊഴികെ മറെറല്ലാവ

ങ്ങം ആയ്യയായ യോഗിനിയെ വന്ദിച്ചു. കാമന്ദകി യോഗിനിയെ സചിവനും മററും പരിചയപ്പെടുത്തി. സചിവൻ യോഗിനിയുടെ ദയാപൂർവ്വമായ പ്രവൃത്തിയെ വളരെ ശ്ലാഘിച്ചു. അനന്തരം എല്ലാവരുംകൂടി സചിവന്റെ ഗൃഹത്തിലേക്ക പുറപ്പെട്ടു. ജനങ്ങൾ കൂട്ടം കൂട്ടമായി വന്നുതുടങ്ങി. സചിവന്റെ ഗൃഹത്തിൽ ചെന്നു എല്ലാവരും സന്തോഷിച്ചിരിക്കുമ്പോൾ രാജാവിന്റെ ഭൃത്യൻ ഒരു എഴുത്തുകൊണ്ടുവന്നു് സുധാകരനു് കൊടുത്തു. സുധാകരൻ എഴുത്തു വാങ്ങിച്ചു ഇപ്രകാരം വായിച്ചു.

പത്മാവതീശ്വരൻ വിദർഭരാജമന്ത്രിയുടെ പുത്രനായ സുധാകരനു് എഴുതുന്നതാവിതു്.—

നിങ്ങൾക്ക സർവ്വമംഗളങ്ങളും ഭവിക്കട്ടെ. ഉന്നതകുലത്തിൽ ജനിച്ചു് വിദ്യാസമ്പന്നനായി, തേജസ്വിയായി, ഗുണാഭിരാമനായി ശോഭിക്കുന്ന നിങ്ങളെ തന്റെ പുത്രിയുടെ ഭർത്താവായി ലഭിപ്പാനുള്ള ഭാഗ്യം എന്റെ മന്ത്രിയുടെ സിദ്ധിച്ചിരിക്കുന്നതിനെപ്പററി ഞാൻ അത്യന്തം സന്തോഷിക്കുന്നു. നിങ്ങളുടെ അന്നത്തെ അസാധാരണമായ വിക്രമം കണ്ടു ഞാൻ വല്ലാതെ വിസ്മയിച്ചു. നിങ്ങളുടെ പ്രീതിയും എന്റെ സന്തോഷത്തിനും സൂചകമായി നന്ദനൻ തന്റെ സഹോദരിയെ നിങ്ങളുടെ ആപ്തമിത്രമായ മകരന്ദനു വിവാഹം ചെയ്തുകൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നു. നിങ്ങൾ ഇരുവരും കളത്രങ്ങളെ സ്വീകരിച്ചു ആയുരാരോഗ്യ സമ്പന്നരായി ചിരകാലം ജീവിച്ചിരിക്കുവാൻ സർവ്വേശ്വരൻ കടാക്ഷിക്കുമാറാകട്ടെ.

സുധാകരൻ— ഞാൻ കൃതാത്ഥനായി.

മാലതി—എന്റെ ഹൃദയശല്യം മുഴുവൻ നീങ്ങി.

യോഗി—സചിവന്മാരുടെ പ്രതിജ്ഞയും നിറവേറി.

മാലതി—എന്തു പ്രതിജ്ഞയാണു്?

കാമന്ദകി—നിന്റെ അച്ഛനും സുധാകരന്റെ അച്ഛനും ഒരേകാലത്തു് ഒരേസ്ഥലത്താണു വിദ്യ അഭ്യസിച്ചതു് എന്ന വിവരം ഞാൻ അന്നൊരിക്കൽ നിന്നോടു പറഞ്ഞിട്ടുണ്ടല്ലോ. അപത്യസംബന്ധത്താൽ തങ്ങളുടെ മൈത്രിയെ ദൃഢപ്പെടുത്തണമെന്നു ഇവർ അന്യോന്യം പറയുകയും സമ്മതിക്കുകയും ചെയ്തിട്ടുണ്ടു്. ഈ വിവരം സൗദാമിനിക്കും അറിയാം.

മാലതി—ഇതു സമർത്ഥമായ ഗോപനം ആയിരുന്നു.

സുധാകരൻ—മഹത്തുക്കളുടെ നീതികൾ ജയിക്കട്ടേ.

സചിവൻ—ദൈവം എന്നെ അനുഗ്രഹിച്ചിരിക്കുന്നു. കുശിഷ്യന്മാരിൽ വിദ്യാവിതരണം ചെയ്യുന്നതിനാൽ ആചാര്യന്മാർ പലപ്പോഴും ഖേദിക്കേണ്ടതായി വരാറുണ്ടു്. അനുരൂപരല്ലാത്ത വധൂവരന്മാരെ വിവാഹബന്ധത്താൽ സംഘടിപ്പിക്കുന്നതുകൊണ്ടു് പിതൃജനങ്ങൾ പിന്നീടു ഖേദിക്കുന്നു. പുത്രിമാർ പരസ്വമാണു്. പ്രയത്നം കൂടാതെ തന്നെ പുത്രിയെ ഗുണവാനായ വരനു കൊടുപ്പാൻ സാധിക്കുന്ന പിതൃജനങ്ങൾ ധന്യരാണെന്നുള്ളതിൽ സംശയമുണ്ടോ?

മാലതി—"മലയപർവതത്തിൽനിന്നു പറിച്ചെടുത്ത ചന്ദനവല്ലിപോലെ അച്ഛന്റെ മടിയിൽനിന്നു പിരിഞ്ഞു ദേശാന്തരത്തിൽ താമസിക്കുന്നതെങ്ങിനെ?"

സചിവൻ—"മാന്യത്വം കലരും പ്രിയന്റെ ഗൃഹിണീ-
സ്ഥാനംവഹിച്ചായതി-
ന്നൗദ്ധത്യത്തിന്നു തക്കജ്ജോലി പലതും
ചെയ്യേണ്ട ഭാരത്തോടെ
ഐന്ദ്രിക്കുക്ക്നെതെന്നപോലെ സുതനും
പാരാതെസഞ്ജാതനായ്
നന്ദിക്കുമ്പോൾ നിനയ്ക്കയില്ല മകളേ!
നീയെൻ വിയോഗവ്യഥ"

കാമന്ദകി-പ്രായേണ വധൂവരന്മാരുടെ യോഗം ഇണങ്ങിവരാറില്ലെന്ന് അനാദികാലമായി ബ്രഹ്മാവിനെപ്പററി ഒരു അപവാദം ഉള്ളത് ഇപ്പോൾ മാലതീസുധാകരന്മാരുടെ യോഗത്താൽ ഇല്ലാതായിരിക്കുന്നു.